കൊട്ടാരം ലേഖികയുടെ അഭിമുഖങ്ങൾ

(മഹാഭാരതപുനരാഖ്യാനം: ഭാഗം നാല്പത്തു്)

കെ പി നിർമ്മൽകുമാർ



കൊട്ടാരം ലേഖികയുടെ അഭിമുഖങ്ങൾ
കെ പി നിർമ്മൽകുമാർ
(മലയാളം: മഹാഭാരതപുനരാഖ്യാനം, ഭാഗം നാല്പത്)

© 2015–2025, K P Nirmalkumar

The electronic versions have been created by making use of the production infrastructure of River Valley Technologies.

The electronic versions were generated from sources marked up in LaTeX in a computer running GNU/LINUX operating system. PDF was typeset using XeLaTeX from TeXLive 2023 and the cloud framework, Ithal (ഇതൾ). The base font used was traditional script of Rachana, contributed by KH Hussain, et al. and maintained by Rachana Institute of Typography. The font used for Latin script was Linux Libertine developed by Philipp H. Poll.

The electronic versions are released under the provisions of Creative Commons Attribution Non-commercial ShareAlike license for free download and usage.

Cover: Draupadi Vastraharan, a painting by Raja Ravi Varma (1848–1906). The image is taken from Wikimedia Commons and is gratefully acknowledged.

Sayahna Foundation
JWRA 34, Jagathy, Trivandrum, India 695014
URL: www.sayahna.org

“നൂറോളം വിവാഹിത കൗരവർ കൊട്ടാര സമുച്ചയത്തിൽ ദശാബ്ദങ്ങളായി കൂട്ടം ചേർന്ന് ജീവിതം ആസ്വദിക്കുമ്പോഴും, അവർക്കിടയിൽ വ്യാപകമായോ ഒറ്റപ്പെട്ടതോ ആയ പ്രകൃതിവിരുദ്ധരതിയെ കുറിച്ചൊരു ഊഹവും വാർത്തയും പൊലിപ്പിക്കാത്ത നിങ്ങൾ, എന്തുകൊണ്ട് ബഹുഭർതൃത്വത്തിലേക്കു സാധാരണ കുടുംബ സാഹചര്യങ്ങളാൽ ഇര ചേർക്കപ്പെട്ട എന്റെ ദാമ്പത്യത്തിലെ ലൈംഗിക രഹസ്യങ്ങൾ ചൂഴ്ന്നെടുക്കാൻ, ഹസ്തിനപുരിയിൽ നിന്ന് കല്ലും മുള്ളും ചവിട്ടി ഇവിടെ വനവാസ ഇടത്തിലേക്ക് വരുന്നു എന്നതെനിക്ക് ദുരൂഹമായി തോന്നുന്നു. അനുബന്ധ പാണ്ഡവർ, ഭർത്താക്കൾ അല്ല എന്ന് സങ്കല്പികമായി കരുതിയാലും, അവരാരെങ്കിലുമായി ഞാൻ വിവാഹബാഹ്യ ലൈംഗികതയ്ക്ക് ഉന്മേഷം കാണിക്കുമോ എന്നാണ് നിങ്ങളുടെ രോഗാതുര ചോദ്യമെങ്കിൽ, ഉത്തരം പറയാനുള്ള മനോനില എനിക്കില്ല. കാരണം, കൂടെ കിടന്നു രാപ്പനിയറിഞ്ഞവരെ ആരാണ് സങ്കൽപ്പരതിയിൽ ഇഷ്ടപങ്കാളിയാക്കുക?”

“വിരാട രാജാവിന്റെ ഭാര്യാസഹോദരനെ ചതിയിൽ രാത്രി നൃത്തമണ്ഡപത്തിലേക്ക് വിളിച്ചുവരുത്തി ഇരുട്ടിൽ ശ്വാസം മുട്ടിച്ചു കൊന്ന കൊട്ടാരം പാചകക്കാരൻ അപ്പോൾ നിങ്ങൾ പാണ്ഡവർ? ചത്തത് കീചകൻ എങ്കിൽ കൊന്നത് ഭീമൻ തന്നെ എന്ന് രാജസഭയിൽ കാരണവന്മാർ പാട്ടന്നതു അപ്പോൾ വെറുതെയല്ല?” “ഭീഷ്മർ എന്തോ വാക്കാൽ പറഞ്ഞ കാര്യമാണോ ഹസ്തിനപുരി പത്രിക ഒരു വിധിപകർപ്പ് എന്ന മട്ടിൽ ആധികാരികമായി പ്രസിദ്ധീകരിക്കുന്നത്”, അപ്പം ചുടാൻ മാവ് കുഴക്കുന്ന തിരക്കിലായിരുന്ന കൊലയാളിക്ക് വേണ്ടി അനുജൻ നകുലൻ ഇടപെടുകയായിരുന്നു.

“‘ഹസ്തിനപുരി പത്രിക’യിലും അക്കാലത്തുണ്ടായിരുന്ന നട്ടാൽ മുളക്കാത്ത കൊട്ടാര കഥകൾ പ്രതിയോഗികളെ വിരട്ടാനും പ്രതിച്ഛായ വളർത്താനും കെട്ടിപ്പൊക്കിയ ഐതിഹ്യം മാത്രമായിരുന്ന കർണന്റെ കവചമെന്നു അർജ്ജുനൻ പറഞ്ഞത് വിവാദമായി. ഗംഗയിൽ നീരാടാൻ പോയ കർണൻ, ആ വഴി വന്ന ഒരു രാജ വിധവയുടെ കയ്യിൽ നിന്ന് എന്തോ ഔഷധം വാങ്ങി മാറിൽ പുരട്ടിയപ്പോൾ കവചം കീറത്തുണി പോലെ എളുപ്പത്തിൽ നീക്കാൻ സാധിച്ചതിനു ദക്ഷാക്ഷിയാണെന്നു അവകാശപ്പെടുന്ന വൃദ്ധപൂജാരി, വിധവ എന്ന് പരാമർശിക്കുന്നത് ആരെന്നു പക്ഷേ, വ്യക്തമാക്കിയിട്ടില്ല. ദക്ഷാക്ഷിയുടെ സംശയമുന നീളുന്നത് പാണ്ഡവമാതാവിന്റെ നേരെയാണെന്നു ദുര്യോധനൻ ഇടപെട്ടു പറഞ്ഞതോടെ അർജ്ജുന പ്രചരണം ഉടൻ നിലച്ചു.”

“കൺകെട്ടഴിച്ചിട്ടില്ലെങ്കിലും ഉറച്ച കാൽവയ്പ്പു ഗാന്ധാരിക്ക്. ഒരു കൈ ധൃതരാഷ്ട്രരെ മുറുകെ പിടിക്കുമ്പോൾ മറുകൈ നിങ്ങളെ. അന്തിമപദയാത്ര. നടന്നവശയായിട്ടും തുണക്കു വന്നില്ലേ ആ പഴയ പങ്കാളികൾ?” പാണ്ഡവപിതൃക്കളായ ആകാശചാരികളെ ഓർത്തു കൊട്ടാരം ലേഖിക കുന്തിയോട് ചോദിച്ചു. വിദുരർ മൗനം.

“മാതൃത്വത്തിനു വേണ്ടി നീ യുവത്വത്തിൽ പ്രലോഭിപ്പിച്ചു. ബീജദാനം ചെയ്ത ഞങ്ങൾ നിന്നിൽ പ്രസാദിച്ചു. അതിലപ്പുറം എന്ത് ആൾതുണയാണ് വാർധക്യത്തിൽ ഞങ്ങളിൽ നിന്ന് നീ പ്രതീക്ഷിക്കുന്നത് എന്ന് ചോദിച്ചവർ വഴിമാറി നടന്നാൽ പിന്നെന്തു ചെയ്യാൻ!”

“കാഴ്ചവസ്തുവായ കൺകെട്ട്, കാട്ടിലെത്തിയിട്ടും ഗാന്ധാരി അഴിച്ചിട്ടില്ല, ഉറച്ച കാൽവയ്പ്പുകളോടെ ഒരു കൈ ധൃതരാഷ്ട്രരെ മുറുകെ പിടിക്കുമ്പോൾ, മറുകൈ നിങ്ങളെ! മതിമറന്ന ആഡംബര ജീവിതം, ഇനിയുള്ള കാലം വനവാസമെന്ന തീരുമാനത്തിൽ, അന്തിമപദയാത്ര ചെയ്തവശയായിട്ടും, കൈപിടിക്കാനൊരു ആൾതുണ വന്നില്ലേ, ആകാശങ്ങളിൽ ജീവിക്കുന്ന ആ പഴയ ലൈംഗിക പങ്കാളികൾ?” കാലൻ മുതൽ അശ്വിനിദേവതകൾ വരെ, വ്യത്യസ്ത പാണ്ഡവപിതൃക്കളെ ഓർത്തു കൊട്ടാരം ലേഖിക കുന്തിയോട് ചോദിച്ചു. വിവേകവചനത്തിന്റെ ആൾരൂപമായ വിദുരർ മൗനം പാലിച്ചു എങ്കിലും, സംഭാഷണം ശ്രദ്ധിച്ചു.

“പടിയിറങ്ങും മുമ്പ് സൂര്യൻ, ധർമ്മദേവൻ, വായു, ഇന്ദ്രൻ തുടങ്ങി പ്രിയദേവതകൾ അൽപ്പ നേരം പ്രത്യക്ഷം തന്നു. കായികക്ഷമതയില്ലാത്ത പാണ്ഡു നിസ്സഹായനായി കേണപേക്ഷിച്ചപ്പോൾ പരപുരുഷനിൽനിന്നും ബീജസംഭരണം വഴി മാതൃമേ മാതൃത്വം എന്ന പെണ്ണവകാശം സ്ഥാപിച്ചുകിട്ടി എന്നു ഞാൻ അക്കാലത്തറിഞ്ഞു. പ്രലോഭനമന്ത്രങ്ങൾ മാദ്രിയുടെ അറിവോടെ ഉച്ചരിച്ചപ്പോൾ ഓരോ ദേവതയും അടിവസ്ത്രങ്ങൾ ഇല്ലാതെ കാര്യമാത്രപ്രസക്തമായി വന്നു ഉടനടി ശരീരബന്ധത്തിനു വഴിപ്പെട്ടു, അതുവരെ അനുഭവിക്കാത്ത രതിമൂർച്ച ആസ്വദിച്ച ശേഷം ബീജധാനികൾക്കു കൃതജ്ഞത പ്രകടിപ്പിച്ചു പിരിഞ്ഞു പോയതാണ്. ഇപ്പോൾ എനിക്ക് വീണ്ടും പ്രത്യക്ഷം തന്നപ്പോൾ അവർ തിരുവസ്ത്ര ധാരികൾ. മാതൃത്വത്തിനു വേണ്ടി നീ യുവത്വത്തിൽ ഞങ്ങളെ പ്രലോഭിപ്പിച്ചു, സന്തതികൾക്കായി നിന്നിൽ ഞങ്ങൾ പ്രസാദിച്ചു. അതിലപ്പുറം എന്ത് ആൾതുണയാണ് നിന്റെ മർത്യജീവിതത്തിൽ ഇപ്പോൾ പ്രതീക്ഷിക്കുന്നത് എന്ന് ചോദിച്ചവർ വഴിമാറിപോയി.”

◇ 2025/10/02 ◇

“ചക്രവ്യൂഹത്തിൽ കൊല്ലപ്പെട്ടവന്റെ മകൻ എന്ന് വിദ്യാർത്ഥികൾ നിന്നെ ഇന്നും അവഹേളിച്ചുവോ?” പരീക്ഷിത്തിനോട് അമ്മ ഉത്തര ചോദിച്ചു. ഹസ്തിനപുരിയിലെ യുദ്ധാനന്തര പാണ്ഡവ ഭരണകാലം.

“ദ്രോണരെ ചതിച്ചു കൊലപ്പെടുത്താനുള്ള പാണ്ഡവ ഗൂഢാലോചനയിൽ നിറസാന്നിധ്യമായ യുധിഷ്ഠിരനാണ് ‘അർദ്ധസത്യം’ എന്ന യുദ്ധസങ്കേതത്തിന്റെ ഉപജ്ഞാതാവ് എന്ന് കൃപാചാര്യൻ നമ്മുടെ ധർമ്മിഷ്ഠനായ യുധിഷ്ഠിര മഹാരാജാവിനെ അധിക്ഷേപിച്ചു. കിരീടാവകാശിയായ ഞാൻ ചെങ്കോൽ കിട്ടിയാൽ രാജദ്രോഹി കൃപാചാര്യരെ നാട്ട് കടത്തുകയാവും ആദ്യം ചെയ്യുക എന്ന് പറഞ്ഞപ്പോൾ, കൊട്ടാര ഗൂഢാലോചനയിൽ, നിന്നെ സർപ്പവിഷം തീണ്ടി വകവരുത്താൻ അർദ്ധസത്യവിശ്വാസികളെ കൂട്ടുപിടിച്ചു തുടങ്ങി എന്ന് ഉത്തരയോട് പറയുക എന്ന് കൃപാചാര്യൻ ആജ്ഞാപിച്ചു അമ്മാ.”

“ഭർത്തൃമാതാവ് ജീവിതാന്ത്യം ചെലവഴിക്കാൻ പാമ്പും പന്നിയും വിഹരിക്കുന്ന കാട്ടിലേക്ക്. പോവരുതേ, പൊന്നുപോലെ ഞങ്ങൾ നോക്കാം എന്ന് പറയേണ്ടതാണ് പുത്രവധു?”, വയോജനങ്ങളോട് വെറും വാക്ക് പോരാ എന്ന പൊതു സംവാദത്തിലായിരുന്ന മഹാറാണി പാഞ്ചാലിയോട് കൊട്ടാരം ലേഖിക ചോദിച്ചു.

“സ്വതന്ത്രജീവിതം നയിച്ച വനിതയല്ലേ? കാട്ടുകുടിലിലെ തറയിൽ ഷണ്ഡൻഭർത്താവ് കിടക്കുമ്പോഴല്ലേ, ഇങ്ങനെ പോരാ എന്ന പ്രബുദ്ധമായ തിരിച്ചറിവിൽ, കട്ടിക ളുണ്ടാവാൻ പരപുരുഷരതി പ്രായോഗികതലത്തിൽ കുന്തി കൊണ്ടുവന്നതു? ഞങ്ങൾ ഖാണ്ഡവ വനത്തിലേക്ക് കുടിയേറാൻ നിർബന്ധിതരായപ്പോൾ, ഞാനും കൂടെ വരാം എന്ന് ഉത്സാഹിച്ചുവോ, അതോ, ഇനിയുള്ള കാലം ഞാൻ മഹാറാണിക്ക് തുണ എന്ന് പിൻവാങ്ങിയോ? നിങ്ങൾ കുന്തിയെ മൂല്യം കുറച്ചു വിലയിരുത്തരുതു്. മിതമായി പ്രശംസിച്ചു കൊണ്ട് സംവാദം അവസാനിപ്പിക്കട്ടെ, എന്നെന്നേക്കുമായി പടിയിറങ്ങിപ്പോവുന്ന രാജാമാതാവിനെ പിടിച്ചു നിർത്തിയപ്പോൾ, പ്രതിരോധിക്കാനാവാതെ കുന്തി കീഴടങ്ങി എന്ന് വരും യുഗത്തിലാരും പഴിപറയാതിരിക്കട്ടെ.”

“ഓർമ്മക്കുറിപ്പ് കുരുവംശപ്പെരുമക്കു ഭീഷണിയാകുമോ?”, കൊട്ടാരം ലേഖിക ചോദിച്ചു.

“സത്യവതിയുടെ കാലം മുതലുള്ള ആധുനിക ഹസ്തിനപുരി ചരിത്രം തക്ഷശിലയിൽ പഠിച്ച നിങ്ങൾക്കിനിയും മാറിയില്ലേ സംശയം? പാഞ്ചാലിയുടെ ആത്മകഥ, താലോലിച്ചു വളർത്തിയെടുത്ത പെരുമക്കു സഹായകരമാവില്ല എന്ന് നവപാണ്ഡവ ഭരണകൂടത്തിനു ബോധ്യമായി. യുധിഷ്ഠിരന്റെ രേഖാമൂലമായ അനുമതി കൂടാതെ ‘ഹസ്തിനപുരി പത്രിക’ ആത്മകഥ പൂർണ്ണമായോ ഭാഗികമായോ പ്രസിദ്ധീകരിച്ചാൽ ദേശസുരക്ഷാ പരിഗണനയിൽ നിയമ മേൽനടപടി ഉണ്ടാവും. കൊട്ടാരം ലേഖികക്ക് നീണ്ടകാല നിർബന്ധിത വനവാസം ഉൾപ്പെടെ!”

◇ 2025/10/03 ◇

“കിടപ്പിലായപ്പോൾ കാര്യം കഷ്ടമായോ?”, തിരുവസ്യധാരി കാലൻ, പാണ്ഡുവിനോട് കരുണയോടെ ചോദിച്ചു. ഇരയുടെ കഴുത്തിൽ കരുക്കിടാൻ, കയ്യിൽ നീണ്ട കയർ. “രോഗത്തേക്കാൾ കഠിനം, പ്രലോഭിച്ചു നേടിയ പുതുകമിതാക്കളെ കുറിച്ച് കുന്തിയുടെയും മാദ്രിയുടെയും രതിലീലവർണ്ണനയാണ്. കയറുമായി വരുന്ന കാലനെ അപ്പോഴൊക്കെ രക്ഷകനായി ഓർക്കും”, മുൻ ഹസ്തിനപുരി രാജാവ്, കാലൻ നീട്ടിയ കയർകരുക്കിലേക്ക് തല ചേർത്തുകൊടുത്തു. കുറച്ചകലെ വിവസ്ത്ര മാദ്രി സൂക്ഷ്മമായി ശ്രദ്ധിച്ചു.

“പിതാമഹൻ ഭാണ്ഡം തുക്കി പോയല്ലോ, എന്താ പിണങ്ങിയോ?” കൊട്ടാരം ലേഖിക ചോദിച്ചു.

“ബ്രഹ്മചര്യം തകർക്കാൻ ആരുണ്ട് എന്ന ഭീഷ്മ വെല്ലുവിളി നേരിടാൻ കൗരവഅന്തഃപുരത്തിൽ നിന്നും പെൺകുട്ടികൾ രാത്രി പായക്കുട്ടിന് വരും. ഒരു കുട്ടി അർദ്ധരാത്രി വിവസ്ത്രയായി പുറത്തു വന്ന് നിലവിളിച്ച ആളെ കൂട്ടി. ഇനി എന്നെ പെൺ പീഡനത്തിന് അയക്കരുതു് എന്ന് കുട്ടി ശഠിച്ചു പറഞ്ഞപ്പോൾ, ശിക്ഷയായി, പ്രകോപിത പിതാമഹൻ, കുട്ടിയെ നീണ്ട യാത്രയ്ക്ക് വിട്ടു. വനവാസത്തിന് ശരിക്കും പോവേണ്ടതു് പിതാമഹൻ എന്നവൾ പറഞ്ഞതോടെ അന്തഃപുരവാസികൾ പിതാമഹന് എതിരായി. നീണ്ട തീർത്ഥയാത്ര കഴിഞ്ഞേ വരൂ എന്നും പറഞ്ഞു, പിതാമഹൻ പ്രതിഷേധത്തിൽ പടിയിറങ്ങി. തിരിച്ചു വന്നാൽ വരട്ടെ എന്ന് ദുര്യോധനൻ.”

“ഇന്ദ്രപ്രസ്ഥം ചക്രവർത്തിനി ആയിരുന്ന ദശാബ്ദത്തിൽ പാഞ്ചാലി എന്റെ മുൻഗാമിക്കു കൊടുത്ത അഭിമുഖങ്ങൾ ഞാൻ തപ്പി എടുത്തു വായിച്ചു. പാണ്ഡവരെ സമഭാവനയോടെ, എന്നാൽ ഔപചാരിക, രാജകീയ, ബഹുമാന പരാമർശങ്ങൾ പൂർണമായി ഒഴിവാക്കി പാഞ്ചാലി ഇടക്കൊക്കെ ഓർക്കും. ഭർത്താക്കന്മാർ കൊള്ളാം എന്നധ്വനിയുണ്ട്. എന്നാൽ കളിയിൽ തോറ്റ കാട്ടിൽ ഈ ഒറ്റമുറിവസതിയിൽ നിങ്ങളെല്ലാം പാർത്തു തുടങ്ങിയശേഷം എനിക്കനുവദിച്ച അഭിമുഖങ്ങളിൽ കാണുന്നതു് പതഞ്ഞു പൊങ്ങുന്ന നിന്ദ, അതെന്താ?” അർദ്ധനഗ്ന യുധിഷ്ഠിരൻ മാത്രം മുറ്റത്ത് കളപറിച്ചു കുന്തിച്ചിരുന്ന തണുത്ത പ്രഭാതം.

“അന്ന് ഞാൻ അവൾക്കു ഉദയസൂര്യൻ, ഇന്ന് ധൂമകേതു” അയാൾക്കരികിലേക്കു ഓടി വന്ന മുയലിന്റെ നെറുകയിൽ മുഷ്ടി ചുരുട്ടി ആഞ്ഞടിച്ചു യുധിഷ്ഠിരൻ നിലവിളിക്കുന്ന പോലെ അട്ടഹസിച്ചു.

“യുദ്ധത്തിനിടയിൽ സേനക്ക് കഴിക്കാൻ ധാന്യവും മാംസവും കൗരവർ മുൻകൂർ കരുതിയിരുന്നോ?”, ആയുസ്സിന്റെ ബലത്താൽ പരുക്കില്ലാതെ തിരിച്ചെത്തിയ കൗരവയോദ്ധാവ് കൃപാചാര്യനോട് കൊട്ടാരം ലേഖിക ചോദിച്ചു. യുദ്ധാനന്തര ഹസ്തിനപുരിയിലെ ആളൊഴിഞ്ഞ തീൻശാല.

“പാണ്ഡവസേനക്ക് ഊണൊരുക്കേണ്ട ഉത്തരവാദിത്വം ദുര്യോധനൻ നേരത്തെ തള്ളി. പകൽപോരാട്ടം കഴിഞ്ഞു പാണ്ഡവർ പാളയത്തിലേക്ക് തിരിക്കും മുമ്പ് ഊട്ടുപുരയിൽ മിന്നലാക്രമണംനടത്തി പാകം ചെയ്ത മൃഗമാംസഭക്ഷണം തട്ടിക്കൊണ്ടുപോവും. രണ്ടുദിവസം കഴിഞ്ഞപ്പോൾ ഞങ്ങൾ അടവ് മാറ്റി. പോരിൽ മരിച്ച പാണ്ഡവസൈനികരുടെ ഭക്ഷ്യയോഗ്യഭാഗങ്ങൾ പൊരിച്ചതിനും, ബാക്കിയൊക്കെ വെട്ടിവേവിച്ച ‘മിന്നലാക്രമണ’ത്തിനു ഒരുക്കിവക്കും.”

◇ 2025/10/04 ◇

“‘പെണ്ണടൽ കാമനയോടെ തൊട്ടാൽ നീ മരിക്കട്ടെ’ എന്ന ‘മുനിശാപം’, കാട്ടിലായാലും ഫലിക്കില്ലേ? സ്ഥാനത്യാഗത്തിനു മെനക്കെടാതെ, ചെങ്കോലും തിരുവസ്ത്രവും അന്ധസഹോദരനു നേരെ എറിഞ്ഞു, പാണ്ഡുവും നിങ്ങളും ധൃതിയിൽ നാടുവിട്ടതെന്തു കൊണ്ടായിരുന്നു?”, കൊട്ടാരം ലേഖിക കുന്തിയോട് ചോദിച്ചു. കായികക്ഷമതയില്ലാത്ത പാണ്ഡുവിനെ നോക്കുകുത്തിയാക്കി കുന്തി, പ്രലോഭനത്തിലൂടെ പുതുപുരുഷബന്ധം സ്ഥാപിച്ചെടുക്കുന്ന സംഘർഷകാലം. കാട്ടിൽ കൊച്ചുകുടിലിൽ ഇളമുറ മാദ്രിയുമൊത്തായിരുന്ന മുൻ മഹാറാണിയുടെ താമസം.

“ബ്രഹ്മചര്യം ആജീവനാന്തം ‘ഉറപ്പുവരുത്താ’നുള്ള പിതാമഹന്റെ നീണ്ടകാല രതി പരീക്ഷണത്തിൽ, ‘എന്റെ ഉറക്കറയിൽ പങ്കാളിയാവാമോ?’, എന്ന ഭീഷ്മനിർദേശം വന്നപ്പോൾ ഞാൻ ഞെട്ടി. മഹാറാണിയെ ഭീഷ്മർ നിർല്ലജ്ജം ക്ഷണിക്കുന്നു. ചാരിത്ര്യമൂല്യങ്ങൾ പുനഃപരിശോധന വേണ്ടി വരുന്ന രതി പ്രതിസന്ധി. വിവാദ കാശി രാജകുമാരികളായ അംബികയും അംബാലികയും, അകാലത്തിൽ വിധവകളായപ്പോൾ, ഭീഷ്മരുടെ ബ്രഹ്മചര്യപരീക്ഷണങ്ങൾ സഹിക്കാനാവാതെ പടിവിട്ടിറങ്ങിയത് കാട്ടിലേക്കല്ലേ? ശന്തനു മരിച്ചപ്പോൾ, വിധവസത്യവതി, ഭീഷ്മരുടെ കിടപ്പറക്കുട്ടു എന്ന നിർദേശത്തിനെത്ര കാലം വഴങ്ങിക്കൊടുത്തു എന്നറിയാൻ അരമനച്ചുവരുകൾക്കു ചെവിയുണ്ടായിരുന്നു. ഉറക്കറ സഹവർത്തിത്വമാണ് ഉന്നമെന്നു പിതാമഹൻ ഇരു കൈകളും ഉയർത്തി രാജകീയ ഭാവങ്ങളോടെ വിസ്തരിച്ച പറയുമെങ്കിലും, ഉറക്കത്തിലെന്ന പോലെ ഇടയ്ക്കിടെ ഞങ്ങളുടെ മേനിതൊടും, തലോടും, തരം കിട്ടിയാൽ വിവസ്ത്രയുമാക്കും. ഒരുമിച്ചു വേണം നാം നിത്യവും കുളിക്കാനെന്നു കൂടി നിർദേശിക്കും. അടിയറവുള്ള അനുസരണയിൽ കവിഞ്ഞൊരു നിഷേധപ്രതികരണവും പിതാമഹനു സ്വീകാര്യമല്ലെന്നറിയിക്കും. കല്പ്പിപ്പിളർക്കുന്ന കൽപ്പന പുറപ്പെടുവിക്കുന്ന ‘തമ്പുരാൻ’ എന്ന അരമനപ്രതിച്ഛായ നിലനിർത്തി, ബ്രഹ്മചാരിയെന്ന വിശേഷിപ്പിച്ചിരുന്നെങ്കിലും കരൾ പുകഞ്ഞുയർന്നതു വന്യരതി. നിസ്സഹായരായ ഞങ്ങളിലൂടെ ആ ‘പരീക്ഷണകുതുകി’ സാക്ഷാത്ക്കരിച്ചിരുന്നത് കാരിരുമ്പിന്റെ കരുത്തുള്ള ബ്രഹ്മചര്യം. കൂടുതൽ ഞാനെന്തെങ്കിലും ഈ സമയത്തു പറഞ്ഞാൽ കുരുവംശചരിത്രത്തിന്റെ താളം തെറ്റും. പ്രലോഭനമന്ത്രം പ്രയോഗിക്കാനുണ്ട് തടസ്സപ്പെടുത്തരുത്”

“അഞ്ചു വഴിയോര മരണങ്ങളും ഒരു ദുരൂഹ തിരോധാനവും ശ്രദ്ധയിൽ പെടുത്തിയിട്ടും, അനങ്ങുന്നില്ലല്ലോ ഭരണകൂടം?”, കൊട്ടാരം ലേഖിക പുതിയ ഹസ്തിനപുരി രാജാവ് പരീക്ഷിത്തിന്റെ അരമന സർവ്വാധികാരിയോട് ചോദിച്ചു.

“പ്രതിഷേധ ജ്വാലയുമായി കോട്ടവാതിലിൽ ഒച്ചവച്ചു തട്ടണോ പൊതുസമൂഹം?”

“സമാന ദുരൂഹരീതിയിൽ അഞ്ചു പേർ ഒന്നൊന്നായി കൂഴഞ്ഞുവീണു മരിച്ചു എന്ന നിങ്ങളുടെ കണ്ടെത്തലിൽ തുടർ അന്വേഷണത്തിന് രാജാവ് ഇന്നലെ രാത്രി തന്നെ ഉത്തരവിട്ട കാര്യം അറിഞ്ഞില്ലേ? ഭൗതികാവശിഷ്ടങ്ങൾ മലഞ്ചെരുവിൽ നിന്നും ഹസ്തിനപുരിയിലേക്ക് കഴുതപ്പുറത്തു കൊണ്ടു വരേണ്ട പ്രായോഗിക അസൗകര്യം കണക്കിലെടുത്തു, രണ്ടു ജഡവിദഗ്ദർ നാളെ യാത്ര തിരിക്കും. മറവു ചെയ്ത ഇടം കാണിച്ചു കൊടുക്കാനും പുറത്തെടുക്കാനും, വഴിനയിക്കാനും നിങ്ങൾ, കൊട്ടാരം ലേഖിക തന്നെയോഗ്യ എന്ന് രാജാവിന് ബോധ്യമുണ്ട്. അഞ്ചു പേരെ പിന്തുടർന്ന് അഭിമുഖം ചെയ്യുകയും, മരണമെത്തുന്ന നേരത്തു അരികിലുണ്ടാവുകയും ചെയ്ത അതേ നിങ്ങൾ! ആറാമത്തെയാളുടെ ദുരൂഹ തിരോധാനവും അന്വേഷണത്തിന് വിധേയമാകും. ഓരോരുത്തരും കൂഴഞ്ഞു വീഴുമ്പോൾ, തിരിഞ്ഞുനോക്കാതെ കാൽ മുന്നോട്ടുവച്ചയാൾ എന്ന നിങ്ങളുടെ വാർത്ത അതർഹിക്കുന്ന കാഴ്ചപ്പാടിലൂടെ വിദഗ്ധസംഘം പരിഗണിക്കും. വാർത്ത അതിശയോക്തിയിൽ അവതരിപ്പിക്കുന്ന കൊട്ടാരം ലേഖിക, ഉടൻ വിദഗ്ധസംഘത്തിനു മുമ്പിലെത്തി പൂർണ്ണസഹകരണം കൊടുക്കാനും രാജകൽപ്പന ആവശ്യപ്പെടുന്നു. അനുസരിക്കുക–വഴിയിൽ നിങ്ങൾ ‘കൂഴഞ്ഞു വീഴാ’തിരിക്കാൻ. പടിയിറങ്ങിപ്പോയവർ ഭാവിജീവിതം മാത്രമല്ല ശവസംസ്കാരവും പ്രകൃതിക്കു വിട്ടു കൊടുക്കുക എന്നതാണിവിടെ സത്യവതിയുടെ കാലം മുതൽ ചിട്ട, നിങ്ങൾ ഇടപെട്ടതു കൊണ്ട് അവസാനംവരെ നിങ്ങൾ വിദഗ്ധർക്ക് സേവനദാതാവായിരിക്കട്ടെ. തിരോധാനം സംഭവിച്ച ആൾ സ്വർഗത്തിൽ പോയി എന്നൊന്നും നിങ്ങൾ ഊഹിക്കരുത്, ചാർവാകൻ നിങ്ങളെ മാതൃകാപരമായി ശാസിക്കും.”

“യുദ്ധത്തിന്റെ പ്രത്യക്ഷനേട്ടം ഒറ്റനോട്ടത്തിൽ വ്യക്തമായി, അവിചാരിതമായി യുദ്ധഭൂമിയിൽ സംഭവിച്ച വീഴ്ചകൾ ഒന്നെണ്ണിപ്പറയാമോ?” കൊട്ടാരം ലേഖിക ചോദിച്ചു.

“കൊല്ലുന്നത് ഇര അറിയരുത് എന്നെനിക്കു മോഹമുണ്ടായിരുന്നു. മാരക പ്രഹരശേഷിയുള്ള കുന്തം ശത്രു ഹൃദയത്തിലേക്ക് ദൂരെ നിന്നൊരേറു, അതോടെ അവൻ വായും കണ്ണും തുറന്നു പരലോകത്തെത്തണം. ഒരു പോരാളിയെ ഞാൻ കൊല്ലുന്നത്, മരണമടുത്തെത്തിയ മറ്റൊരു ശത്രു കാണേണ്ടി വരരുത് എന്ന എന്റെ മോഹവും പൂവണിഞ്ഞില്ല. കാരണം പറയാം, ഞങ്ങൾക്ക് യുദ്ധം നിത്യത്തൊഴിൽ ആയിരുന്നില്ല, അന്തിക്കുറങ്ങാനിടം എന്ന നിവൃത്തി കേടായിരുന്നു. കുരുക്ഷേത്രം എന്നത് ഹസ്തിനപുരി സ്വത്തുതർക്കത്തിന് പതിനെട്ടുദിവസം കൊണ്ടൊരു ശാശ്വതപരിഹാരം, അങ്ങനെ വെറും വാക്കിൽ നിങ്ങൾ പത്രപ്രവർത്തകർ പറഞ്ഞൊഴിയരുത്. യുദ്ധം സാധ്യതയാണ്. ഇപ്പോഴും ഇനി വരുംയുഗത്തിലും.” ജന്മനാടിന്റെ അഖണ്ഡതക്കായി വീരമൃത്യു വരിച്ച കൗരവർക്കു സ്മാരകം നിർമിക്കുന്ന നദിയോര പൂങ്കാവനത്തിലെ ശക്തി സ്ഥലി സന്ദർശിക്കുക യായിരുന്ന നിയുക്തരാജാവ് യുധിഷ്ഠിരൻ.

“ഈ യുദ്ധത്തിൽ പ്രവിശ്യാ ഭരണകൂടത്തിന്റെ ഉത്തരവാദിത്വമെന്തായിരുന്നു?”, കൊട്ടാരം ലേഖിക ചോദിച്ചു.

“ഇരുപതു ദിവസം മുമ്പ് നിങ്ങളും യുദ്ധകാര്യലേഖകനും ഇവിടെ വന്നു സ്ഥലം നോക്കിക്കണ്ടപ്പോൾ എന്തായിരുന്നു ഈയിടം, അതൊക്കെ ഇന്നും നിങ്ങൾ കാണുന്നില്ലേ? അതാണ് പ്രവിശ്യാ ഭരണകൂടത്തിന്റെ നേട്ടം. യുദ്ധക്കെടുതിയുടെ ഒന്നും അവശേഷിക്കാതെ തുടച്ചുനീക്കി. യുദ്ധത്തിന്റെ കാരണം എന്തെന്നോ, ആരു ജയിച്ചു എന്നോ ഞങ്ങൾ അന്വേഷിക്കുന്നില്ല. യുദ്ധം നടത്തിക്കൊടുക്കുക. ഏറ്റെടുത്ത ദൗത്യം കാര്യക്ഷമമായി, പരിസര മാലിന്യമില്ലാതെ ചെയ്യുക. നിത്യവും ചുറ്റി നടന്നു, കഴിഞ്ഞ പത്തൊമ്പതു ദിവസവും ഇവിടെ രാപ്പകൽ നടന്നു വിജ്ഞാനത്തിന്റെ മഹാമേരുവും ചുവന്ന തക്ഷശിലയിലെ യുദ്ധശാസ്ത്ര അധ്യാപകർ ഇന്നലെ പോയതേ ഉള്ളൂ. ഇനി വരുംയുഗത്തിൽ പഠിപ്പിക്കട്ടെ, മഹായുദ്ധം കാഴ്ചയുടെ കമനീയതയാക്കി മാറ്റിയതിൽ കുരുക്ഷേത്ര പ്രവിശ്യാഭരണകൂടപങ്കെന്തെന്നു.”

◇ 2025/10/05 ◇

“അരമനയിലെ അത്താഴവിരുന്നിൽ നിങ്ങൾക്ക്, ആതിഥേയൻ ദുര്യോധനൻ ചൂണ്ടുപിളർത്തി ചുംബനം തന്നതു് വിവാദമായല്ലോ. വേണ്ടെന്നു് തോന്നിയോ?”, കൊട്ടാരം ലേഖിക ചോദിച്ചു. ഹസ്തിനപുരിയിൽ പാഞ്ചാലിയുടെ നവവധുക്കാലം.

“ചുംബനം? കൊള്ളാം, ഞാനോ അവനോ പിന്നീടു് ഒരിക്കലും ഓർക്കാത്ത ഒരു കാര്യം!”

“കൊട്ടാരവുമായും, പോരാട്ടവുമായും നൂൽ ബന്ധമില്ലാത്ത നിങ്ങൾ, കുരുവംശ ഇതിഹാസം എഴുതുന്നതിൽ അപാകത ഉണ്ടെന്നു് ചാർവാകൻ പ്രചരിപ്പിക്കുന്നു?”, കൊട്ടാരം ലേഖിക വ്യാസനു മുമ്പിൽ മുട്ടുകുത്തി.

“മഹാഭാരതകഥയെഴുതാനുള്ള അടിസ്ഥാന യോഗ്യത നേടാൻ വേറെ ആരായി വേണം ഞാൻ പുനർജനിക്കാൻ? അമ്മമസത്യവതി വഴിയാണു് കുരുവംശവുമായി ജൈവികബന്ധം. അവരെന്നോ കാട്ടിൽ ഇരയായി. മരിക്കും മുമ്പവർ ദൗത്യം എന്നെ ഏൽപ്പിച്ചു. മക്കളിൽ ധൃതരാഷ്ട്രരും പാണ്ഡുവും വിദുരരും മരിച്ചു. മരിക്കാൻ അധികം താമസമില്ലാത്ത പാണ്ഡവരിലാകട്ടെ എന്റെ രക്തമില്ല. കേട്ടറിവുള്ള കാര്യങ്ങളിൽ, പുറത്തു പറയാവുന്നവ പൊലിപ്പിക്കുന്നുണ്ടു്, അരുതാത്തതു അവ്യക്തമായി പറഞ്ഞൊപ്പിച്ച വിവാദം ഒഴിവാക്കും. വരുംയുഗത്തിലെ എഴുത്തുകാർക്കായി, രചനയിൽ സ്ഥലം ഒഴിച്ചിടുമെന്നുറപ്പു്.”

“മഹാറാണിപദവിവീണ്ടു് കിട്ടിയിട്ടും പരാതി?”, കൊട്ടാരം ലേഖിക ചോദിച്ചു. യുദ്ധാനന്തര ഹസ്തിനപുരി.

“ഭർതൃപദവി ദുരുപയോഗം, ഭാര്യയെ ബലാത്സംഗം ചെയ്യുന്ന പാണ്ഡവർക്കെതിരെ പരാതി നീതിപീഠത്തിനു് സമർപ്പിച്ചു. അന്വേഷണം കഴിയുംവരെ ആരോപിത യുധിഷ്ഠിരൻ മാറി നിൽക്കട്ടെ, ഭരണസ്തംഭനം ഒന്നും ഉണ്ടാവില്ല. പാഞ്ചാലപുത്രിയായ ഞാൻ മതി ചെങ്കോൽ പിടിക്കാൻ.”

“ഹസ്തിനപുരിയിൽ നിന്നു് വിരാടത്തിലേക്കു് ഭീഷ്മരുടെ നേതൃത്വത്തിൽ ഇത്രദൂരം കൌരവസൈന്യം നയിച്ചു് അവരുടെ നാൽപ്പതിനായിരം വരുന്ന ഗോസമ്പത്തു് കൊള്ളയടിക്കാൻമാത്രം ഇവിടെ പാൽക്ഷാമം രൂക്ഷമാണോ?”, കൊട്ടാരംലേഖിക ഊട്ടുപുരയിൽനിന്നു് കിട്ടിയ മധുരം ചേർത്ത പാൽ കുടിച്ചുകൊണ്ടു് ചോദിച്ചു.

“രാജ്യംവിഭജിച്ചും ഭാഗം തരണം എന്നു് വാശിപിടിച്ചു കൊമ്പു് കുലുക്കി വരുന്ന പാണ്ഡവഭീകരർക്കു് നേരെ കൃത്യമായി കുന്തമെറിയാൻ പകൽ മുഴുവൻ വെയിലിൽ പരിശീലനം നേടുന്ന കൌരവ സൈനികർ പിന്നെ മൂന്നു നേരം കുടിക്കേണ്ടതു് പാലാണോ, അതോ പൊരിച്ച മാട്ടിറച്ചിയോ?”, വേവിച്ച പച്ചക്കറികൾ കഴിച്ചു കൊണ്ടിരുന്ന ദുര്യോധനൻ വെല്ലുവിളിയോടെ നോക്കി.

“ഗാന്ധാരി നിങ്ങളെപ്പറ്റി അപമാനകരമായി സംസാരിച്ചല്ലോ.” കുടിയൊഴിപ്പിക്കലിനു് ശേഷം പുനരധിവാസ കേന്ദ്രത്തിൽ കൊട്ടാരം ലേഖിക ദുര്യോധനവിധവയോടു് ചോദിച്ചു.

“യുധിഷ്ഠിരൻ ശരിക്കും യുദ്ധം ജയിച്ചുവോ? ന്യായമായ സംശയമുണ്ടു്. ദുര്യോധനന്റെ മാതൃ രാജ്യമായ ഗാന്ധാരയിൽ, നവവിവാഹിതരെന്ന നിലയിൽ ഞങ്ങൾ വിരുന്നു താമസിക്കുമ്പോൾ, ചെങ്കുത്തായ മലഞ്ചെരുവിലൂടെ സാഹസികയാത്ര ചെയ്യാൻ ഇഷ്ടപ്പെട്ട എന്റെ ഭർത്താവു്, കുരുക്ഷേത്രയിലെ ചതുപ്പുനിലത്തിൽ മേലനങ്ങാനാവാതെ മാംസഭക്ഷകൾക്കു തീറ്റയാവേണ്ട ആളായിരുന്നില്ല. അധികാര മോഹത്തിന്റെ മലമടക്കുകളിൽ ഏതു നിമിഷവും വീഴാവുന്ന കരിമ്പാറക്കെട്ടുകളെ കുറിച്ചു് ഭീതിയില്ലാതെ, തലയുയർത്തിപ്പിടിച്ച പ്രതിയോഗികളെ ശിക്ഷിച്ച ദുര്യോധനൻ, ഭീമഗദയുടെ പ്രഹര ശേഷിയിൽ തുടയെല്ലു് പൊട്ടി കഴഞ്ഞുവീണ ‘അമ്മാ അമ്മാ’ എന്നു് കരളലിയിക്കുന്ന വിധം നിലവിളിച്ച എന്ന യുധിഷ്ഠിര അവകാശവാദം അംഗീകരിക്കാൻ ആവുകയില്ല എന്നു് രാജസഭയിൽ പറഞ്ഞു കരയുമ്പോഴാണു് സദസ്സിലുണ്ടായിരുന്ന ഗാന്ധാരി എന്നോടാജ്ഞാപിച്ചതു, “നീ വിധവ, നീ സൂക്ഷിച്ചു വാക്കുപയോഗിക്കണം നീ ഹസ്തിനപുരിയിൽ നിലക്കു് നിൽക്കണം, അല്ലെങ്കിൽ നിർത്തേണ്ടയിടത്തു ഞാൻ നിർത്തും, വിശ്വപ്രസിദ്ധമാവുമെന്ന ആഗോളതലത്തിൽ വിശ്വസിക്കപ്പെട്ടമെന്ന ഗാന്ധാരീവിലാപത്തെക്കാൾ ഉയരരുതു് ദുര്യോധനവിധവയുടെ വിലാപം!”

“പതിമൂന്നുവർഷ പരീക്ഷണകാലം കഴിഞ്ഞു, ഹസ്തിനപുരി മഹാറാണിപട്ടം നേടാൻ മത്സരാർത്ഥികൾ ആരുമില്ലാതെ, അന്തഃപുരത്തിൽ നിങ്ങൾ ആധിപത്യം നേടി, എന്നിട്ടും തിരയടങ്ങുന്നില്ലേ കരളിൽ?”, കൊട്ടാരം ലേഖിക പാഞ്ചാലിയോടു് ചോദിച്ചു. കുരുക്ഷേത്രക്കു ശേഷം പാണ്ഡവ ഭരണകാലം.

“ദശാബ്ദങ്ങളായി ബഹുഭർതൃത്വത്തിൽ പീഡിപ്പിക്കപ്പെടുന്നവൾ, സത്യാവസ്ഥയിൽ നോക്കുമ്പോൾ പതിമൂന്നു വർഷം മുമ്പൊരു സായം സന്ധ്യയിൽ കൗരവർ എന്നെ കോരിയെടുത്തു ചുമലിൽ ഇട്ടു സഭയിൽ കൊണ്ടുപോയി വിവസ്ത്രയാക്കാൻ ശ്രമിച്ചതൊക്കെ ബാലവേല. അസംതൃപ്ത ലൈംഗികതയെ കൗരവർ ദുരുപയോഗം ചെയ്തതിനേക്കാൾ, പാണ്ഡവർ ക്ഷണം ചെയ്യാൻ ഞാൻ സമ്മതിച്ചിട്ടുണ്ടു് എങ്കിലതു് ഇരവാദത്തിലല്ല, രതി ഞാനവർക്കു നേരെ ആയുധമാക്കിയ സന്തോഷത്തിലാണു്. ആണധികാരത്തിന്റെ മ്ലേച്ഛരൂപമായിരുന്ന പാഞ്ചാല രാജാവായ എന്റെ വളർത്തച്ഛൻ ദ്രുപദൻ. സ്വയംവരം എന്നൊക്കെ പറഞ്ഞാൽ നിങ്ങൾ ധരിക്കും, പ്രിയപ്പെട്ടവനെ വരിച്ചതു് ഞാൻ. ആയുധ മത്സരമായിരുന്നു. മത്സരം ജയിച്ചവനോടു് ഊരും പേരും ചോദിച്ചറിയാൻ ക്രമീകരണം ഇല്ലാത്ത പാഞ്ചാലൻ, കെട്ടിച്ചയച്ചതു അധ്വാനശീലരല്ലാത്ത ഒരു സംഘം അഭയാർഥികൾക്കും. വിവശയായ ഞാനപ്പോൾ പിടിച്ചുനിന്നതു് സൗന്ദര്യം കൊണ്ടു മാത്രം. ഏതു സമയത്തും ഏതു ‘നില’യിലും നീ വന്നാൽ പുതുമന്ദിരത്തിൽ പരിപാലിക്കും എന്നായിരുന്നു, നിങ്ങൾ പെട്ടെന്നു് തിരിച്ചറിയുന്ന നാടുവാഴി എന്നോടു് പറഞ്ഞതു്. അന്തഃപുരത്തിലെ ആൾ ക്ലട്ടം ഒന്നൊഴിയട്ടെ എന്നുപറഞ്ഞു ഞാനവന്റെ പിടിയിൽനിന്നും ഊർന്നുപോയിട്ടും, വസ്ത്രാക്ഷേപ സഭയിൽ ഭൗതികമായി ഇല്ലാതിരുന്ന അവൻ, വിലാപം കേട്ടു് എനിക്കു് ദൂരെ നിന്നും ഊരി എറിഞ്ഞതു് അവന്റെ പട്ടുടയാട ആയിരുന്നു!”

“അഭയാർഥികളായി വന്ന മുതൽ കൗരവസഹോദരന്മാരെ ശത്രുപക്ഷത്തു നിർത്തി, പതുങ്ങിയും പൊരുതിയുമല്ലേ നിങ്ങളഞ്ചുപേരുടെ സാഹസിക ജീവിതം മുന്നോട്ടു് പോയതും, കുരുക്ഷേത്രയിൽ യുദ്ധം ചെയ്തു, ഹസ്തിനപുരി പിടിച്ചെടുത്തതും? ആജീവനാന്ത ശത്രുവിന്റെ ഭൗതിക സാന്നിധ്യം ഏതു വിധവും ഇനിയുള്ള കാലം നിലനിർത്തുന്നതിൽ നിക്ഷിപ്തതാൽപ്പര്യം ഉണ്ടാവുന്നതിനു പകരം, പോർക്കളത്തിൽ അവരെ ഉൽമൂലനം ചെയ്തു, ഭ്രൂമുഖത്തു തുടച്ചു മായ്ച്ചല്ലോ നിങ്ങൾ! യുദ്ധതന്ത്രം മെനയുമ്പോൾ ഇതൊന്നും കൗന്തേയർ ഓർത്തില്ല എന്നതു് മനസ്സിലാക്കാം, മാദ്രിയുടെ മകൻ നകുലൻ ഓർമ്മിപ്പിച്ചില്ലേ?” കൊട്ടാരം ലേഖിക ഭീമനോടു് ചോദിച്ചു.

“കൗരവരെ നാനാവിധം കൊന്നു ഉയിരെടുത്തു കാണിച്ചാൽ പാഞ്ചാലി പ്രീതി കാട്ടുമെന്നായിരുന്നു ധാരണ. ഓരോ കൗരവനെ കഴുത്തറുത്തു ചുടുചോര കൈക്കുമ്പിളിൽ കോരി കാണിച്ചപ്പോൾ, നോക്കിയില്ലെന്നു് മാത്രമല്ല, ക്രുദ്ധയായി മിണ്ടാട്ടം നിർത്തിയതാണു്.”

“മുഴുവൻ കൗരവരെയും കശാപ്പു ചെയ്യരുതു്, തളർത്തിയും വളർത്തിയും ശത്രുനിര സജീവമാക്കിയും, അവരുടെ ശിഷ്ടകാലം സുരക്ഷിതമാക്കുന്നതാണു് വിവേകം: മാദ്രിപുത്രൻ രഹസ്യമായി തന്ന ഈ ഓർമ്മപ്പെടുത്തൽ, പാഞ്ചാലിയെ പ്രലോഭിപ്പിക്കാനുള്ള ആവേശത്തിൽ ഞാൻ അവഗണിച്ചുവോ! ഭരണകൂടത്തിലെ മറ്റുനാലുപേരും, പാഞ്ചാലിയും കിരീടാവകാശി പരീക്ഷിത്തും, അവന്റെ അമ്മയും എല്ലാം കൂടിച്ചേർന്ന ആവാസവ്യവസ്ഥയിൽ ആയുസ്സോടെ എല്ലാവരും ഇരിക്കുന്നിടത്തോളം കാലം ശത്രുക്ഷാമം അനുഭവപ്പെടുകയില്ല എന്നാണു് നകുലൻ ആശ്വസിപ്പിക്കുന്നതു്!”

◇ 2025/10/06 ◇

“ഇഷ്ടദേവതകളെ കൂട്ടു പിടിച്ചു ദിവ്യായുധം സംഘടിപ്പിച്ചാൽ, ദേഹം അനങ്ങാതെ യുദ്ധം ജയിക്കാമായിരുന്ന എന്ന് പാണ്ഡവർ മോഹിക്കുമ്പോൾ, കൗരവരോ? ചെറു കൂട്ടങ്ങളായി ഗ്രാമ ഗ്രാമാന്തരങ്ങളിൽ പോയി കന്നംപൂട്ടുന്നവരെയും ഇറച്ചിവെട്ടുന്നവരെയും സൈന്യത്തിൽ കൂലിപ്പടയാളികളായി ചേർക്കുകയാണ്”, കൊട്ടാരം ലേഖിക അർജ്ജുനനോട് കണ്ട കാര്യം പറഞ്ഞു. വിരാടരാജ്യത്തിലെ ഉപപ്ലവ്യ സൈനിക പാളയം.

“കൗരവസൈന്യത്തിൽ ചേർക്കാൻ രക്ഷിതാക്കൾ മടിക്കുന്ന കൊച്ചു കുട്ടികളെ കുരുക്ഷേത്രയിലേക്കു കടത്തുവാൻ കൗരവർ എന്ത് പിഴച്ച വഴിയാണതേടുന്നതെന്നറിയും മുമ്പ് നിങ്ങൾ ‘ഗ്രാമങ്ങളിൽനിന്നും’ വിരാടയിലേക്ക് മടങ്ങിയതാണ് കഷ്ടം!”

“ഒന്നിനൊന്നു അഞ്ചുവ്യത്യസ്ത ജന്മദിനസമ്മാനങ്ങൾ ഓരോ വർഷവും ഭർത്താക്കന്മാർക്കായി കണ്ടെത്തണം, അപ്പോൾ സംഘർഷം തോന്നാറുണ്ടോ?”, കൊട്ടാരം ലേഖിക പാഞ്ചാലിയോട് ചോദിച്ചു. ഇന്ദ്രപ്രസ്ഥത്തിലെ കുടിയേറ്റക്കാലം.

“എന്റെ ജന്മദിനത്തെകുറിച്ച് പാണ്ഡവതീരുമാനം പക്ഷേ, സംഘർഷരഹിതമായിരുന്നു. വളർച്ചയെത്തിയ ശരീരത്തോടെ യാഗാഗ്നിയിൽ നിന്നുയർന്ന നിനക്ക് പറയത്തക്ക ജന്മദിനമൊന്നുമില്ലെന്നവർ വിധി പ്രസ്താവിച്ചതോടെ, എന്ത് ജന്മദിനസമ്മാനം വാങ്ങണമെന്ന ബാധ്യതയില്ലെന്നവർ കണ്ടെത്തി ആർമാദിക്കുന്നു.”

“പാണ്ഡവരുടെ അനാസ്ഥ കൊണ്ടെന്തെങ്കിലും ദുരനുഭവം?, പൊള്ളുന്ന ഓർമ?”, കൊട്ടാരം ലേഖിക ചോദിച്ചു. കാട്ടിലെ ആശ്രമം. വേവുന്ന വേനൽ.

“ഒരു രാത്രി, സസ്യഭക്ഷണത്തിനു രുചി പോരെന്നു പറഞ്ഞു അക്ഷയപാത്രം വലിച്ചെറിഞ്ഞു അവർ എഴുനേറ്റു, ആകെയുള്ള വെളിച്ചവും എടുത്തു പുറത്തേക്കു ചാടി. രാത്രി മുഴുവൻ ഞാൻ ഈ മുറിയിൽ ഇരുട്ടിൽ! രാവിലെമടങ്ങിവരുമ്പോൾ അവരുണ്ട് എന്റെ നേരെ അട്ടഹസിക്കുന്നു. സന്യസ്ഥാശ്രമത്തിലെ പഞ്ചവിനെ കവർന്നു ദൂരെ കൊണ്ടുപോയി കഴുത്തറുത്ത് തൊലിയുരിച്ചവർ തീയിൽ ചുട്ടുതിന്നതിന്റെ ബാക്കി, കുടലും തലയും, പഞ്ചത്തോലിൽ പൊതിഞ്ഞു കൊണ്ടു വന്നതെന്റെ മുമ്പിൽ എറിഞ്ഞു,

“തിന്നു കൊഴുക്ക്, ആണുങ്ങളിൽ ആഗ്രഹം ഉണർത്തുന്ന വിധം കൊഴുക്കട്ടെ ഇനിയെങ്കിലും, നിന്റെ കരിഞ്ഞ വിറകു കൊള്ളി മേനി!””

“പരസ്ത്രീപ്രതിപത്തി എന്ന ദാമ്പത്യവിരുദ്ധ പദസങ്കലനത്തിൽ നിങ്ങൾ ഭർത്താക്കന്മാരെ പൊരിക്കുന്നു എന്ന പാണ്ഡവപരിദേവനത്തിൽ കാര്യമുണ്ടോ?” കൊട്ടാരം ലേഖിക ചോദിച്ചു. പാഞ്ചാലിയുടെ ഇന്ദ്രപ്രസ്ഥം കൊട്ടാര ജീവിതത്തിന്റെ അന്ത്യനാളുകൾ.

“രതിവേളയിൽ സ്വയമറിയാതെ പാണ്ഡവഅധരങ്ങൾ വെളിപ്പെടുത്തുന്ന പേരുകൾ മാത്രമേ എനിക്കറിയാവൂ. പാണ്ഡവരുടെ ഇരുൾമൂടിയ അന്തർ മണ്ഡലത്തിൽ സ്വൈര്യമായി വിഹരിക്കുന്നവർ എനിക്കജ്ഞാതർ.”

◇ 2025/10/07 ◇

“കൂടെ പൊറുത്ത കൗന്തേയർ നിങ്ങളെ അന്ത്യനിമിഷത്തിൽ എങ്ങനെ കനിവില്ലാതെ കൈവിട്ടു എന്ന് ഞാൻ ഇപ്പോൾ കണ്ടു”, മഹാപ്രസ്ഥാന വഴിയിൽ കഴഞ്ചുവീണ മരണം കാത്തു കിടക്കുന്ന പാഞ്ചാലിയെ പിടിച്ചുയർത്തി മുഖത്ത് വെള്ളം തളിച്ച കൊട്ടാരം ലേഖിക, അവഗണനാ മനോഭാവത്തോടെ മുന്നോട്ടു വച്ചടിനടന്നു പോവുന്ന പാണ്ഡവരെ ഒളിക്കണ്ണിൽ നോക്കി.

“അരനൂറ്റാണ്ടോളം ലൈംഗിക അടിമയാക്കി ഊഴം നോക്കാതെ കയറിപ്പിടിച്ചു കായികമായി ദുരുപയോഗം ചെയ്ത ഓരോ പാണ്ഡവനും, ഈ വിജന മലമ്പാതയിൽ ഇനി ഒരടി മുന്നോട്ടു വക്കാനാവാതെ കഴഞ്ഞു വീഴുമ്പോൾ, കൈകൊട്ടി ആർമാദിക്കണം എന്ന് മോഹിച്ച എന്നെ, ഈ വന്യ പ്രകൃതിയും ഇപ്പോൾ കൈ വിട്ടുന്നുവോ!”

“പരമാധികാര കുരുവംശത്തിനെതിരെ കടന്നാക്രമണത്തിനു മുതിർന്ന ദേശദ്രോഹി പാണ്ഡവരെ ചെറുക്കാൻ കൗരവസൈനിക മേധാവിത്വത്തിനു ധീരനേതൃത്വം നൽകിയ ദുര്യോധനരാജകുമാരനെ ‘കുരുവംശദാസൻ’ എന്ന വിശിഷ്ട പദവിയിലേക്കുയർത്തുവാൻ യുധിഷ്ഠിരനേതൃത്വത്തിലുള്ള ഉന്നതാധികാര സമിതി തീരുമാനിച്ചല്ലോ!” കൊട്ടാരം ലേഖിക പ്രതിരോധ മന്ത്രാലയത്തിന്റെ സ്വതന്ത്രചുമതല വഹിക്കുന്ന ഇളയരാജാ ഭീമനോട് ചോദിച്ചു. കൗരവരാജവിധവകൾക്കു സൗജന്യധാന്യവും വസ്ത്രവും നേരിട്ടെത്തിച്ചു മടങ്ങിവരികയായിരുന്ന ഭരണകൂടശ്രേണിയിലെ രണ്ടാമൻ.

“പൊതുജീവിതത്തിലെ അഭിമാന നിമിഷം! ഒരാഴ്ചമുമ്പ് ഞാൻ ദുര്യോധനന്റെ അന്ത്യവിശ്രമസ്ഥലിയിൽ ഏകനായി ശ്രമദാനം ചെയ്തു. കല്ലും കരടുമൊക്കെ നീക്കി തിരികത്തിച്ചു. പാണ്ഡുകുല ദ്രോഹികളിൽ നിന്ന് കുരുവംശത്തെ രക്ഷിക്കാൻ കുരുക്ഷേത്രയിൽ സ്വയം കുരുതി കൊടുത്ത വീരനായകൻ ആരോരുമറിയാതെ കിടക്കുന്നതെന്റെ കരൾ നോവിച്ചു. അടുത്ത ഭരണസമിതി യോഗത്തിൽ അവതരിപ്പിച്ച നിർദ്ദേശങ്ങൾ യുധിഷ്ഠിരൻ അംഗീകരിച്ചു. ബലിദാനി ദുര്യോധനന്റെ വിശ്രുതപദവിയിലേക്കുള്ള ആദ്യഘട്ട ഔദ്യോഗിക പ്രഖ്യാപനം ഉടനെ ഉണ്ടാവും. കുരുവംശദാസൻ എന്ന സംജ്ഞ അർത്ഥമാക്കുന്നത് എന്താണെന്നോ? പരേത ഐതിഹാസിക പോരാളിയുടെ എളിമയും സ്വഭാവപരിശുദ്ധിയും, അല്ലാതെ മറ്റെന്തു? അടുത്ത ഘട്ടത്തിൽ കൗരവരാജ വിധവകളെ ഉൾപ്പെടുത്തി കുടുംബയോഗത്തിൽ “അവൻ ഞങ്ങൾക്ക് അഭിവന്ദ്യൻ” എന്ന അപൂർവ്വപട്ടം നൽകുമെന്നു നിങ്ങൾ കേട്ടതും ഒരനുബന്ധ വസ്തുത. പൊതുവേദിയിൽ, രാഷ്ട്രത്തലവൻമാരുടെ കുലീനസാന്നിധ്യത്തിൽ, എല്ലാവരും എഴുനേറ്റു നിന്ന് കൈകൊടുത്, “പോർക്കളത്തിൽ നീ ഞങ്ങൾക്ക് വഴികാട്ടി, ഹൃദയത്തിൽ നീ ഞങ്ങൾക്ക് വാഴ്ത്തപ്പെട്ടവൻ” എന്ന ആശംസ നൽകി ആദരിക്കും. കോട്ടവാതിലിനു പുറത്തു ദുര്യോധനന്റെ പഞ്ചലോഹ പൂർണ്ണകായപ്രതിമ പാഞ്ചാലി അനാശ്ചാദനം ചെയ്യും. ദുര്യോധനദാസൻ എന്ന് രാഷ്ട്രത്തിനു മുന്നിൽ പഞ്ചപാണ്ഡവർ ഓരോരുത്തരും സ്വയം സമർപ്പിക്കുന്നതോടെ, കൃതജ്ഞതയുടെ ഒരു പണത്തൂക്കം എന്ന നിലയിൽ തിരശീല വീഴും, ആഘോഷപരിപാടിയുടെ ഔദ്യോഗിക ഏകോപനം സ്വാഭാവികമായും മഹാറാണിപാഞ്ചാലിയുടെ അധികാരപരിധിയിൽ ആയിരിക്കും. സാധുക്കൾക്ക് അന്നദാനം ചെയ്യുന്നുണ്ട്, ഊണുകഴിച്ചിട്ടേ പോകാവൂ,”

“സന്യസ്ഥാശ്രമത്തിൽ നിന്ന് മോഷ്ടിച്ച പശുവിനെ രഹസ്യമായി കൊന്ന, പാണ്ഡവർ ഇറച്ചി ചുട്ടു തിന്ന എന്ന പാഞ്ചാലിയുടെ നിന്ദ ശ്രദ്ധയിൽ പെട്ടു. വസ്തുതക്ക് നിരക്കുന്നതല്ല ഊഹാപോഹത്തെ അടിസ്ഥാനമാക്കിയുള്ള ഈ ആരോപണവും. മുൻപരിചയമുള്ള ഒരു കാട്ടാളകുടുംബം വളർത്തുന്ന പന്നി സമ്മാനമായി സ്വീകരിച്ചു കനലിൽ ചുട്ടു സ്നേഹവിരുന്നിൽ അവരുമൊത്തു സൗഹൃദം പങ്കിട്ടതു അപരാധമോ? അക്ഷയപാത്രം ഞങ്ങൾക്ക് അനുവദിക്കുന്ന ഭക്ഷ്യലഭ്യത ‘അക്ഷയ’മല്ലെന്നു നിങ്ങൾക്ക് ഇതിൽ നിന്ന് തന്നെ വായിച്ചെടുക്കാമല്ലൊ.”, പാണ്ഡവ വക്താവ് ഹസ്തിനപുരി പത്രികക്ക് നൽകിയ ഈ വിശദീകരണത്തോടെ ഗോമാംസവിവാദം അവസാനിച്ചതായി നകുലൻ പ്രത്യാശിക്കുന്നു.

“അരമനയുടെ അതിസുരക്ഷാ ഭ്രൂഗർഭ അറയിൽ കാലാകാലമായി സൂക്ഷിച്ചകൗരവരാജ വധുക്കളുടെ സ്ത്രീധന സ്വർണം ഒന്നും കാണുന്നില്ലല്ലോ. അല്ല, യുദ്ധചെലവിന് ദുര്യോധനൻ ഒക്കെമുക്കിയോ?”, ഭീമൻ, ദുര്യോധനന്റെ മകനും അരമന അധികാരിയുമായ യുവാവിനെ ചോദ്യം ചെയ്തു. യുദ്ധാനന്തര ഹസ്തിനപുരി.

“പിതാവ് അങ്ങനെ ചെയ്യാൻ തയ്യാറാവും എന്നു തോന്നുന്നില്ല, എന്നാൽ പാഞ്ചാലി, നകുലന്റെ സഹായത്തോടെ അതു നീക്കി എന്ന് കേട്ടാൽ ഞാൻ ഞെട്ടില്ല.”

◇ 2025/10/08 ◇

‘അഭിനിവേശമായിരുന്നുവോ അതോ, ദുര്യോധനൻ മൃദുല വികാരമില്ലാത്ത രതിവേട്ടക്കാരനായിരുന്നുവോ?” കൊട്ടാരം ലേഖിക ചോദിച്ചു. പ്രതിനായകന്റെ അന്ത്യവിശ്രമ സ്ഥലിയിൽ പുഷ്പാർച്ചന ചെയ്ത പാഞ്ചാലി കൊട്ടാരത്തിലേക്കു മടങ്ങുന്ന സന്ധ്യ.

“ദുരന്തഭവപട്ടികയിൽ ഇനിയുമുണ്ടോ എണ്ണിയെണ്ണി ഓർമ്മിക്കുവാൻ എന്ന് നിങ്ങൾ ചോദിച്ചപ്പോൾ, പഴയ വസ്ത്രാക്ഷേപം ആവർത്തിക്കാൻ മാത്രം നിഷ്കളങ്കയല്ലല്ലോ ഞാൻ. നവവധുവെന്ന നിലയിൽ പാണ്ഡവരുമൊത്തു ഹസ്തിനപുരിയിൽ താമസിക്കാൻ കൗരവർ അനുവദിച്ചതു് നഗരാതിർത്തിയിലെ അതിഥിമന്ദിരമായിരുന്നു. കന്തി വിദുരർക്കൊപ്പം കൂടി. പ്രഭാതഭക്ഷണം പാചകം ചെയ്ത കഴിച്ചാൽ പാണ്ഡവർ അരമനയിലേക്കെന്നു പറഞ്ഞു പടിയിറങ്ങിപ്പോവും. അപ്പോൾ കാണാം, രാജവസ്ത്രങ്ങൾ ധരിച്ചു ദുര്യോധനൻ എങ്ങോട്ടോ ഔദ്യോഗികാവശ്യങ്ങൾക്കായി പോവുന്നതിനിടയിൽ ആജ്ഞ സ്വീകരിക്കാൻ തൊട്ടരികെ നിറഞ്ഞു നിൽക്കും. ആസ്വാദ്യകരമായി ആലിംഗനം ചെയ്യും. പിൻകഴുത്തിൽ മുഖം അമർത്തിപ്പിടിക്കും. ഗന്ധം ഇഷ്ടമാണെന്നു പറയും. മൃദുവിരല്പകൾക്കപ്പോൾ പര്യവേഷണത്തിനു പെണ്ണടൽ ഉപാധിയില്ലാതെ അനുമതി നല്കിയിട്ടുണ്ടാവും. അതിഥിമന്ദിരത്തിന്റെ ആഡംബരവും സ്വകാര്യതയും മരക്കൂട്ടങ്ങളുടെ നിഴലും, അതു് പോലെ തനിമയോടെ കണ്ടിട്ടുണ്ടെങ്കിൽ, അജ്ഞാതവാസക്കാല വിരാടസേനാപതി കീചകനിലായിരുന്നു. കൊതിപ്പിച്ചുവന്ന ആ യുവകോമളന്റെ വായും മൂക്കും കൂത്തിപ്പിടിച്ചു ഭീമൻ കൊന്നതു് എന്റെ മുമ്പിൽ വച്ചായിരുന്നു. പാപം ചെയ്ത ഭീമന്റെ ഹസ്തങ്ങൾക്കെന്റെ ശരീരം സ്പർശനാനുമതി എന്നെന്നേക്കുമായി നിഷേധിച്ചു. എന്നിട്ടും ആ ശിക്ഷ പോരാ പോരാ എന്നെനിക്കു പിന്നെയും പിന്നെയും തോന്നി!”

“കർമ്മനിരതരാവേണ്ട പാണ്ഡവർ, കയ്യും കെട്ടി നിൽക്കുന്ന അസാധാരണ കാഴ്ച! എന്താണവർ കാത്തിരിക്കുന്നതു?”, കൊട്ടാരം ലേഖിക പാഞ്ചാലിയോട്ടു് ചോദിച്ചു. ജാലകത്തിലൂടെ കാണാമായിരുന്നു, വിട്ടുവീഴ്ചയില്ലാത്ത പാണ്ഡവ മുഖഭാവങ്ങൾ.

“പതിവിനു വിരുദ്ധമായി ഞാൻ അക്ഷയപാത്രത്തിൽ കയ്യിട്ടുവാരി കഴിക്കണം എന്ന് യുധിഷ്ഠിരൻ ശാഠ്യം പിടിക്കുന്നു. അവരയറിയാതെ ഞാനതിൽ പാമ്പുവിഷം ചേർത്തിട്ടുണ്ടാവുമെന്നു സന്യസ്തൻ മുന്നറിയിപ്പ് കൊടുത്തു എന്നാണറിയുന്നതു്. ആരാദ്യം ആദ്യ ഉരുള എന്ന കഠിന ചോദ്യമാണവർ എന്നെക്കൊണ്ടു് ഉത്തരം പറയിപ്പിക്കുന്നതു്. പിടി അയഞ്ഞു എന്ന് വരാതെ ഞാൻ ചെറുക്കുന്നതും അതുതന്നെ. ഇതൊരു വിശപ്പടക്കൽ സമരമല്ല ജീവന്മരണപ്രശ്നമാണ്”.

◇ 2025/10/09 ◇

“ഇവരഞ്ചുപേരും നിലവിൽ എന്റെ ഭർത്താക്കന്മാരാണ്: അങ്ങനെ പാഞ്ചാലി വിശിഷ്ടവ്യക്തികൾക്ക് പാണ്ഡവരെ സ്വന്തം നാട്ടിൽ പരിചയപ്പെടുത്തിയ വിരുന്ന് ഓർമ്മയുണ്ടോ?”, കൊട്ടാരം ലേഖിക ഭീമനോട് ചോദിച്ചു.

“സ്ഥലത്തെ ‘ദിവ്യന്മാ’ർ പാരിതോഷികങ്ങളും പാൽപ്പുഞ്ചിരിയുമായി അവൾക്കരികെയെത്തിയാൽ, ഇളമുറ നകുലന്റെ അരക്കെട്ടിൽ കൈചേർത്തവൾ നിൽക്കും, ആവേശത്തോടെ ‘ഇവൻ എന്റെ പ്രിയ കൂട്ടുകാരൻ’ എന്ന് തിളങ്ങുന്ന കണ്ണുകളോടെ പരിചയപ്പെടുത്തും. ഞങ്ങൾ നാലുപേർ, ദരിദ്രബന്ധുക്കളെ പോലെ അവളുടെ പല്ലക്ക് ചുമക്കാനും അകമ്പടിക്കും ദേഹ സുരക്ഷക്കും ഓരോയിടങ്ങളിൽ ഉടുതുണി മടക്കിക്കുത്തി ഓടിനടക്കും” പറഞ്ഞു പറഞ്ഞു, പെട്ടെന്ന് ദൂരെ തിരുവസ്ത്രധാരിയായ മഹാറാണി പാഞ്ചാലിയെ ഒരു നോക്ക് കണ്ടപ്പോൾ, ആരാധകഭീമൻ മുട്ടിൽ ഇഴഞ്ഞു, കൈകൾ കൂപ്പി, ചുണ്ടുകൾ വിറച്ചു.

“പോരാട്ടത്തിൽ അർജ്ജുനതല വെട്ടിമാറ്റിയാൽ നിങ്ങൾ മുൻപിൻ നോക്കാതെ തള്ളിപ്പറയുമോ പാണ്ഡവ കുടുംബ കൊലയാളിയെ?”, കൊട്ടാരം ലേഖിക കുന്തിയോടു ചോദിച്ചു. കുരുക്ഷേത്ര അവസാന ദിവസം രാവിലെ. “കർണ്ണൻ എന്റെ കൗമാര രതിപരീക്ഷണത്തിലെ അപ്രിയ സത്യം. എന്നാൽ അർജ്ജുനൻ? എന്റെ മാതൃത്വമെന്ന പെണ്ണവകാശം സഫലീകരിക്കാൻ ദാമ്പത്യ ബാഹ്യ രതിയിൽ പിറന്ന പ്രിയപുത്രൻ.”

“ദുരഭിമാനി ദ്രോണാചാര്യനുമായി എങ്ങനെ ആയിരുന്നു അഭയാർത്ഥി പാണ്ഡവരുടെ ഗുരുശിഷ്യ പാരസ്പര്യം”, കൊട്ടാരം ലേഖിക ഭീമനോട് ചോദിച്ചു.

“ഉടുതുണിക്ക് മറുതുണിയില്ലാതെ ഹസ്തിനപുരി കൊട്ടാരത്തിൽ വരുമ്പോൾ, കൗരവകൂട്ടികൾ ആധിപത്യം സ്ഥാപിക്കാത്ത ഇടമില്ലായിരുന്നു. നേരത്തെ ദുര്യോധനനെ കയ്യിലെടുത്ത കൊട്ടാര സമുച്ചയത്തിൽ അരമന പോലൊരു ആഡംബര വസതി ദ്രോണർ തട്ടിയെടുത്തു, പൊടിക്കയ്യുകളുമായി താമസിക്കുന്ന കാലം. പാണ്ഡവർ കാട്ടുമൃഗചോര ഊറ്റി കുടിക്കുമെന്നൊക്കെ കൌരവർ അധികാര കേന്ദ്രങ്ങളിൽ പൊലിപ്പിച്ചിരുന്നത് ദ്രോണർ മുഖവിലക്കെടുത്ത്, പിൽക്കാലത്ത് ഏകലവ്യനോടെന്ന പോലെ, ഞങ്ങളുടെ തള്ളവിരലും ദക്ഷിണയായി മുറിച്ചു മേടിക്കുമെന്നായപ്പോൾ, രണ്ടും കല്പിച്ചു ദ്രോണ ചെവിയിൽ യുധിഷ്ഠിരന്റെ ജനനരഹസ്യം ഒരുനാൾ വെളിപ്പെടുത്തി. യുധിഷ്ഠിരൻ മരണദേവതയുടെ കിടാവാണെന്നറിഞ്ഞ ഭീരുഗുരുവിന്റെ മുഖം അതോടെ കഥ മാറി. കൗന്തേയരെ കണ്ടാൽ പുഞ്ചിരിയും ആലിംഗനവും പാരസ്പര്യവുമായി”, ഭീമൻ കൊച്ചുകുട്ടിയുടെ തിമിർപ്പിൽ ആ കാലം ആസ്വദിച്ചു.

“നിങ്ങൾ, നിങ്ങളായിരുന്നോ, ശന്തനുവിന് ഗംഗാദേവിയിൽ പിറന്ന ഏഴു കുഞ്ഞുങ്ങളുടെയും കൺ കണ്ട ആരാച്ചാർ?”, രാജതോഴിയുടെ പദവി എന്നോ ഒഴിഞ്ഞ മധ്യവയസ്സുകാരിയോട് കൊട്ടാരം ലേഖിക അനുഭാവത്തോടെ ചോദിച്ചു.

“പ്രസവിക്കാൻ മാത്രം ഭൂമിയിൽ വന്ന മറ്റൊരു ദേവസ്ത്രീ എന്നേ എനിക്കക്കാലത്ത ഗംഗയുടെ നിയോഗത്തെക്കുറിച്ചു തോന്നിയുള്ളൂ. ഗംഗ (ശന്തനുഭാര്യ എന്ന നിലയിൽ മഹാറാണിപദവി ഗംഗ സ്വീകരിച്ചിരുന്നില്ല) വിശ്വാസമർപ്പിച്ച ദൗത്യങ്ങൾ കാര്യക്ഷമമായി ഞാൻ ചെയ്യ എന്നതിന് തെളിവല്ലേ, നീരൊഴുക്കിൽ മുക്കിക്കൊന്ന ഒരൊറ്റ നവജാത ശിശുവിന്റെയും ജഡം, മീൻവലയിൽ കുടുങ്ങിയ ദുരനുഭവം മുക്കുവർ പങ്കിട്ടില്ല! തുണിയിൽ പൊതിഞ്ഞ കുഞ്ഞുമായി പ്രസവമുറിയിൽ നിന്ന് ഗംഗ എന്നെ പുഴയിലേക്ക് പറഞ്ഞു വിട്ടും, ജോലി ചെയ്യ, നീന്തിക്കുളിച്ചു ഈറനുടുത്ത മടങ്ങി വരും. വിവരം പറയാൻ അന്തഃപുരത്തിൽ കയറുമ്പോൾ, ശന്തനുവിന്റെ അടക്കിപ്പിടിച്ച നിലവിളി കേൾക്കും, “എന്റെ ബീജത്തിൽ ജനിച്ച കുഞ്ഞിനെ ഞാനൊന്നു കാണും മുമ്പ് ഇത്ര വേഗം എന്ത് ചെയ്യ നീ ഗംഗാ, നമ്മുടെ പ്രിയപ്പെട്ട കുഞ്ഞിനെ?”, വിതുമ്പി വിതുമ്പി, ശന്തനു കഴഞ്ഞു വീണു മരിക്കുമെന്ന് കണ്ടു നിന്ന ഞാൻ ഭയന്നെങ്കിൽ തെറ്റി—തിരക്കുപിടിച്ച ‘ശാരീരികത’ക്കായി ആ മരണദൈന്യതയിലും മഹാരാജാവ് വീണ്ടുമൊരു വട്ടം കൂട്ടുകയാണ്.” കൊട്ടാരം ലേഖിക തിരിഞ്ഞു നടന്നിട്ടും, ചിത്തഭ്രമത്തിന്റെ പിടിയിലായിരുന്ന തോഴി.

◇ 2025/10/10 ◇

“രാവിലെ നിങ്ങൾ ഇന്ദ്രപ്രസ്ഥം റാണി സന്ധ്യക്ക് ചൂതാട്ടപണയവസ്തു, ഇപ്പോൾ കൗരവഅടിമ. മനംനൊന്തു ആത്മഹത്യ ആലോചിച്ചുവോ?”, പാഞ്ചലിയോട് കൊട്ടാരം ലേഖിക ചോദിച്ചു. വനവാസത്തിന് പടി ഇറങ്ങുന്ന നേരം. “അതിനുമുമ്പ് ചെയ്യേണ്ട ചില നരഹത്യകൾ ബാക്കിയുണ്ട്.”

“ഭീഷ്മനേതൃത്വത്തിൽ സൈന്യം നയിച്ചു വിരാട ഗോസമ്പത്ത് തട്ടിയെടുക്കാൻ മാത്രം കടുത്ത പാൽക്ഷാമം ഹസ്തിനപുരിയിൽ ഉണ്ടോ?”, കൊട്ടാരം ലേഖിക ചിന്താക്കുഴപ്പത്തിലായി.

“യുദ്ധമല്ലേ വരുന്നത്? ഉന്നം തെറ്റാതെ കുന്തം എറിയേണ്ട കൗരവ പോരാളികൾ കഴിക്കേണ്ടത് ഗംഗാജലം ചേർത്ത പാലോ അതോ, പൊരിച്ച മാട്ടിറച്ചിയോ?, ഇഷ്ടമൃഗ മാംസത്തിനു വേണ്ടിയുള്ള ഈ ധാർമ്മികയുദ്ധത്തിൽ തോൽവിസാധ്യത അറിഞ്ഞിട്ടും, ഭീഷ്മർ ആക്രമണത്തിന്റെ പോഷകാഹാര ലക്ഷ്യം സജീവമായി നിലനിർത്തി എന്നത് മഹത്തായ സൂചന തരുന്നില്ലേ”, കൗരവവക്താവ് ദൂരെ ദൂരെ തെക്കൻ ദിശയിൽ കിടന്ന വിരാടത്തിലേക്കു ചൂണ്ടുവിരൽ പായിച്ചു.

◇ 2025/10/11 ◇

“ശന്തനു മുതൽ പാണ്ഡവ വാനപ്രസ്ഥംവരെ, കുരുവംശ ഗാഥ കേട്ട്, ഹസ്തിനപുരി സിംഹാസനത്തിലേക്ക് കുതിക്കുന്ന താങ്കൾക്കിപ്പോൾ, ഭരണ നിർവ്വഹണനത്തിന് മാത്രമല്ല നിത്യജീവിതത്തിലും ഒരുത്തമമാതൃകയായി പാണ്ഡവരിൽ ആരെയാണ് ഓർമ്മിക്കാനാവുക?” പാമ്പുകടിച്ച മരിച്ച പരീക്ഷിത്തിന് ശേഷം അധികാരത്തിൽ കയറിയ ജനമേജയനോട് കൊട്ടാരം ലേഖിക ചോദിച്ചു.

“പ്രകൃതിദത്തമായ മുഖംമൂടി, ഗാന്ധാരിയുടെ കൺകെട്ട് പോലെ, ഒരിക്കലും അഴിക്കാതെ, പരസ്യജീവിതം നയിച്ച മുൻഗാമി ധർമ്മപുത്രർ എന്ന യുധിഷ്ഠിരൻ തന്നെയാണെന്റെ പുതിയപദവിയിൽ മാതൃകാപുരുഷൻ!”

“പാഞ്ചാലി രഹസ്യനിരീക്ഷണത്തിന് വിധേയ? അത്രയും പ്രതിഷേധിച്ചില്ലേ? ഒന്നുമല്ലെങ്കിലും, പരിത്യാഗികളല്ലേ നിങ്ങൾ? അതോ, എരിയുന്നുണ്ടോ നിങ്ങളിലും പ്രണയഹൃദയം?”, പാണ്ഡവകുടിലിനരികെ, സന്യസ്ഥമഠത്തിൽ ചെന്നതായിരുന്ന കൊട്ടാരം ലേഖിക.

“ഞാൻ അംഗപരിമിതനെന്ന കാര്യം വാ തുറന്നുച്ചരിക്കുമ്പോൾ ഓർക്ക. ഇരുന്നുചെയ്യാവുന്ന ജോലി ആശ്രമഗുരു എനിക്ക് തന്നു. ജാലകത്തിലൂടെ അലസനോട്ടം പുറത്തേക്കു തിരിയും. കാഴ്ച തടസ്സപ്പെടാത്ത പാണ്ഡവാശ്രമത്തിൽ പാഞ്ചാലീചലനത്തിനായി ഹൃദയം തുടിക്കും. കളി കഴിഞ്ഞു പാഞ്ചാലി ഈറൻതുണി ഉണക്കാൻ ഇടുന്നതോടെ കാഴ്ചമറയും. അപ്പോൾ കരൾ പിടയും, പ്രത്യക്ഷത്തിൽ അസ്വസ്ഥനാവും. വൈകുന്നേരം ഉണങ്ങിയ തുണി എടുക്കാൻ പാഞ്ചാലി വരുമ്പോൾ, തുടിക്കുന്ന നെഞ്ചുമായി ഞാനവളെ തുറിച്ചു നോക്കും. എന്നെ പാഞ്ചാലി കാണാറുണ്ടോ? ഉണ്ടെന്നു ആരാധനയോടെ സങ്കൽപ്പിക്കും. പാണ്ഡവരിലൊരാൾ സംശയത്തോടെ ആശ്രമങ്ങൾക്കിടയിലെ വേലിക്കെട്ടു സന്ധ്യയോടെ കൂട്ടിയിടുമ്പോൾ, ഞാനാകെ തളരും. ബലിഷ്ഠകായന്മാർ അവളിൽ ശാരീരികാധിപത്യം പുലർത്തുന്നത് രാത്രിമുഴുവൻ എന്നെ വേട്ടയാടും. എന്തെല്ലാം സഹന പരീക്ഷകൾ നീ പാഞ്ചാലിക്ക് കൊടുത്തിട്ടും, വ്യക്തിത്വം ചിന്നിച്ചിതറാതെ അവൾ പിടിച്ചുനിൽക്കാൻ, അപാരതയോടു ഞാനപ്പോൾ മനമുരുകി പ്രാർത്ഥിക്കും!”

“പാണ്ഡുവംശജർക്ക് കുരുവംശ കൂട്ടുകുടുംബ ഓഹരി കൊടുക്കാതെ കുരങ്ങുകളിപ്പിക്കുന്ന കൗരവരോട് പരസ്പര വിരുദ്ധമായ വൈകാരിക നിലപാടു പ്രദർശിപ്പിക്കുന്ന പാഞ്ചാലി, ഭർത്താക്കന്മാർക്ക് ഭീഷണിയായോ?”, കൊട്ടാരം ലേഖിക ചോദിച്ചു. വിഴുപ്പുതുണി നനച്ചു പാറക്കല്ലിൽ അടിച്ചു. അഴുക്കു നീക്കുകയായിരുന്നു, ജലാശയത്തിൽ പാണ്ഡവർ, വനവാസക്കാലം.

“ഞങ്ങളുടെ ചങ്കുകീറുന്ന ദാമ്പത്യഅവിശ്വസ്തത, അതാണവൾ ഇപ്പോൾ വിരുദ്ധനിലപാടിലൂടെ കാണിക്കുന്നതെങ്കിലും, കടിച്ചു പിടിച്ചു ഞങ്ങൾ നിയന്ത്രിക്കട്ടെ, കെട്ടുപൊട്ടിച്ചാടാൻ വെമ്പുന്ന പാണ്ഡവനാവു!”

“കളിയുടെ പിന്നിലെ ചതിയറിയാതെ, തോറ്റ അടിമകളായ പാണ്ഡവരെ വഴിനീളെ പഴിപറയാൻ ഔദ്യോഗികഭാര്യ പാഞ്ചാലിക്ക് അവകാശമില്ലെന്നോ? അഭിമാനിയായ ഏതു വനിതയും വിറളിപിടിക്കില്ലേ പണയവസ്തുവാക്കി ഭർത്താൻക്കന്മാർ കളിച്ച ഉടുതുണി ഊരിക്കൊടുക്കേണ്ടി വന്നാൽ?”, കൊട്ടാരം ലേഖികയുടെ ശബ്ദത്തിൽ ധാർമികരോഷം തിളച്ചു. വനാശ്രമത്തിലെ ഏകാന്തതയിൽ നകുലൻ മാത്രം.

“കൗരവരുടെ കൽസിതക്ഷണം കിട്ടിയപ്പോൾ തന്നെ ഞങ്ങൾ കുരുതലോടെയായിരുന്നില്ലേ പ്രതികരിച്ചതു?, എന്നാൽ, അന്തഃപുരത്തിൽ പാഞ്ചാലിയെങ്ങനെ ആ നിർദേശം ഞങ്ങളിൽ അടിച്ചേൽപ്പിച്ചു എന്നൊക്കെ ഉറന്നു പറയാൻ ദാമ്പത്യവിശ്വസ്തതക്ക് മൂല്യം കൊടുക്കുന്ന ഞാൻ ആളല്ല. ഇന്ദ്രപ്രസ്ഥം ചക്രവർത്തി പദവിവഹിക്കുന്ന പാണ്ഡവർ, സാമന്തപദവിയുള്ള കുരുവംശത്തിന്റെ ഹസ്തിനപുരി രാജധാനിയിൽ ചൂതാടുന്നതിലെ അനൗചിത്യം നിങ്ങൾ പത്രപ്രവർത്തകർക്കും ബോധ്യമാവില്ലേ. കളിക്കനുകൂലമായി, എന്നാൽ ഭാഷാപരമായ അവ്യക്തതയോടെ, പാഞ്ചാലി ഇടപെടു എന്നതൊരു നിർണായക വസ്തുത മാത്രം. അതംഗീകരിച്ചു ഞങ്ങൾ ഹസ്തിനപുരിയിൽ പോയി കളിച്ചു എന്നതു പൊതുമണ്ഡലത്തിൽ സ്വീകരിക്കപ്പെട്ട വാർത്ത. പ്രതിരോധിക്കാനാവാതെ പാഞ്ചാലിയുടെ ദുഷ്പ്രേരണക്കു വഴങ്ങിയതിനു വില കൊടുക്കേണ്ടി വന്നതിന്റെ വലിവിൽ നകുലൻ തേങ്ങി.”

“പിന്തിരിഞ്ഞു നോക്കുമ്പോൾ, നേട്ടപ്പട്ടികയാണോ കോട്ടങ്ങളെക്കാൾ?” കൊട്ടാരം ലേഖിക യുധിഷ്ഠിരനോട് ചോദിച്ചു. പാണ്ഡവർ വാനപ്രസ്ഥത്തിന് വട്ടംകൂട്ടുന്ന നേരം.

“കാട്ടിലായിരുന്നു ജനനവും ബാല്യകൗമാരവും. വാമൊഴി കുറച്ച് കുറച്ചു മാത്രം. അങ്ങനെ വല്യതായ ഞാൻ ഒരു നീണ്ട ജന്മം എടുത്തു ധർമ്മപുത്രർ എന്ന പദവി നേടാൻ. അതിനിടയിൽ ഭാഷയുടെ വഞ്ചനക്ക് ഞാൻ ഇരയായി. എന്നെ കുടുംബം പോലും അർദ്ധസത്യവാൻ എന്നു അക്കാലത്തു വിളിച്ചു. വിളി കേട്ടു, അർദ്ധസാക്ഷരൻ എന്ന പോലെ.”

“വരുമാനമുള്ള തൊഴിൽചെയ്തു ജീവിക്കാൻ പാണ്ഡവർക്കവസരം കൊടുത്തുകൂടെ? പൗരാവകാശങ്ങളില്ലെങ്കിലും, പാഞ്ചാലിയെ വനവാസത്തിനയക്കേണ്ട കാര്യമെന്താണ്?”, കൊട്ടാരം ലേഖിക ചോദിച്ചു.

“അവർക്കെതിരെ ജനരോഷം അസഹ്യമായാൽ ഞങ്ങൾ നിസ്സഹായർ!? നഗരമുണരും മുമ്പവർ കാട്ടിലേക്ക് ഒളിച്ചോടുന്നതു പ്രഭാതസവാരിക്കു പോയ ഞങ്ങൾ കണ്ടതല്ലേ? ഉത്തരവാദിത്തം മറന്നു, ഇന്ദ്രപ്രസ്ഥത്തിലെ പൊതുമുതൽ പണയം വെച്ചവർ ചൂതാടിയതു ആദ്യകുറ്റം, കൂടെ പൊറുക്കുന്നവളെ പണയം വച്ചതു സ്ത്രീത്വത്തോടുള്ള അവഹേളനം. പാഞ്ചാലിയുടെ പെരുമാറ്റവും കൗരവസദസ്സിനെ വിറളി പിടിപ്പിച്ചു. ആണുങ്ങൾക്ക് മാത്രം പ്രവേശനം അനുവദിച്ചിരുന്ന ചൂതാട്ടസഭയിൽ, അല്പവസ്ത്രയായി വന്നു പ്രകോപനപരമായ അംഗചലനങ്ങളോടെ പൂർണ്ണവിവസ്ത്രയായതു വഴി പാഞ്ചാലി പ്രകടിപ്പിച്ച ലൈംഗിക അരാജകത്വം ഉണ്ടല്ലോ, പരിഷ്കൃത ഹസ്തിനപുരിക്കതു അപമാനമെന്ന് തെരുവോരങ്ങളിൽ പ്രതിഷേധജ്വാല നിങ്ങൾ കണ്ടില്ലേ? കുറ്റവാളികൾക്ക് ഒളിച്ചോടാൻ കൗരവസഹോദരന്മാർ മത്സരിച്ചു എന്ന് ചാർവാകൻ അവിടെ ഞങ്ങളെ പ്രതിക്കൂട്ടിൽ നിർത്തി പ്രസംഗിച്ചതും?” ഇന്ദ്രപ്രസ്ഥ നിലവറകളിൽ ഒളിപ്പിച്ച കൊള്ളമുതൽ സുരക്ഷിതമായി ഹസ്തിന പുരിയിലേക്കു കൊണ്ടു വരാനുള്ളൊരു രഹസ്യ പദ്ധതി അവസാനഘട്ടത്തിൽ മിനുക്കുകയായിരുന്ന ഒറ്റക്കിരുന്ന ദുര്യോധനൻ.

“പെണ്ണടലിനെ പരിലാളിക്കാനാവുന്നത്ര ഭംഗിയും മിനുസവും ഉള്ള ഈ കൈവിരലുകൾ കൊണ്ടാണോ നിങ്ങൾ നൂറു കൗരവരെയും കുരുക്ഷേത്രയിൽ കൊന്നതു?” കൊട്ടാരം ലേഖിക ഭീമന്റെ കൈവിടർത്തി.

“മസ്തിഷ്കപരിമിതിയുള്ള എന്ന അർത്ഥത്തിൽ, അർജ്ജുനൻ എന്നെ ‘മന്ദൻ’ എന്ന് പരാമർശിക്കുന്നത് കേൾക്കുമ്പോൾ അവൻ എന്റെ അനുജൻ അല്ലായിരുന്നെങ്കിൽ എന്ന് ഞാൻ ഈ കൈകൾ കൂട്ടിപ്പിഴിഞ്ഞു മോഹിച്ചിട്ടുണ്ട്. ദിവ്യാസ്ത്രങ്ങൾക്കായി അവൻ സാഹസയാത്ര ചെയ്യുന്നതൊക്കെ വഴിയോരഭക്ഷണ ശാലകളിലും വാർത്തയാവണമെന്നു മറ്റു പാണ്ഡവർ ശ്രദ്ധിക്കുമ്പോൾ ഞാൻ പല്ലു ഞെരിച്ചിട്ടുണ്ട്. പ്രകൃതി തന്ന കായികബലത്തിലാണ് ഞാൻ ആശ്രയിച്ചതു, ഇളംകാറ്റിന്റെ മകനാണെങ്കിലും കൈകൾക്കു കാരിരുമ്പിന്റെ കരുത്തുണ്ടാവണം എന്ന് പെറ്റതള്ള പ്രാർത്ഥിച്ചു. പോരാട്ടഭൂമിയിൽ എനിക്ക് നേരെ വന്ന കുടിലകൗരവരെ ഈ കൈകൾ പ്രാകൃതമായി പെരുമാറി. ആയുധമില്ലാതെ ഒന്നരണ്ടുപേരൊഴികെ എല്ലാവരെയും കക്ഷത്തിൽ കഴുത്തിറുക്കി ഞാൻ ശ്വാസം മുട്ടിച്ചു. കണ്ണു തുറിച്ചു നാവു പുറത്തിട്ടുചാവുന്നതു കണ്ടു ഞാൻ രസിച്ചു. ചിലരുടെ കരൾ പറിച്ചു രൗദ്രഭീമനായി. പ്രണയിനിയുടെ മുടിയിൽ ശത്രുചോര പുരട്ടി കൊടുത്ത ഞാൻ ആ സവിശേഷ കേശപരിചരണ രീതിയാൽ വിശ്വപ്രസിദ്ധി നേടുമെന്ന വ്യാസൻ പ്രവചിച്ചപ്പോൾ ഈ പത്തുവിരലുകൾക്കു മുടുകുത്തി ഞാൻ പ്രണാമം അർപ്പിച്ചു നാളെ തുടങ്ങാനിരിക്കുന്ന വാനപ്രസ്ഥത്തിനുമുമ്പ് ഒരു മഹായുദ്ധം കൂടി തരപ്പെട്ടിരുന്നെങ്കിൽ ആയിരം പൂർണചന്ദ്രന്മാരെ കണ്ടുകഴിഞ്ഞ വാർധക്യത്തിലും കാര്യക്ഷമമായ എന്റെ വിരലുകൾ ഈ ലോകത്തിനെത്ര വിലപ്പെട്ടതു് എന്നു പത്രപ്രവർത്തകരെ ബോധ്യപ്പെടുത്താമായിരുന്നു.”

◇ 2025/10/12 ◇

“കുരുക്ഷേത്രദുരന്തത്തെ കുറിച്ച് പ്രവചനസ്വഭാവമുള്ള സൂചന വല്ലതും അവനിൽ നിന്നുണ്ടായോ?”, അഭിമന്യുവിധവ ഉത്തരയോട് കൊട്ടാരം ലേഖിക ചോദിച്ചു. യുദ്ധാനന്തര അനുസ്മരണ യോഗം, ഹസ്തിനപുരി, പാണ്ഡവപട്ടാഭിഷേകം.

“യുദ്ധത്തിന്റെ പതിമൂന്നാം ദിവസം പുലർച്ചെ ഏറെ നേരം പരസ്പരം പരിലാളിച്ചതോർക്കുന്നു. ഗർഭസ്ഥശിശു ഭാവിയിൽ ഹസ്തിനപുരി രാജാവായാൽ നീ അത്ഭുതപ്പെടരുത് എന്നവൻ ഓർമ്മിപ്പിച്ചു. നീ വിധവയായാൽ, എന്റെ അമ്മ സുഭദ്രയെ പോലെ സഹനവഴിയിൽ പോകാതെ, പുതിയ ഇണയെ തേടാൻ കുന്തിയെ തന്നെ നീ മാതൃകയാക്കണം. അമംഗളകരമായി അതുപോലെ എന്തൊക്കെയോ പറഞ്ഞു പടച്ചട്ടയണിഞ്ഞ അഭിമന്യുവിന്റെ സാഹസികജീവിതം അന്നുച്ചയോടെ ചക്രവ്യൂഹത്തിൽ പൊലിഞ്ഞു.”

“അല്ല, നിങ്ങളും ഇടക്കിടെ തെളിയിക്കണോ പുരുഷത്വം?”, കൊട്ടാരം ലേഖിക അർജ്ജുനനോട് ചോദിച്ചു. യുധിഷ്ഠിരനെ അന്തഃപുരത്തിൽ നിന്നും ദ്രൗപദി, കാരണം പറയാതെ പുറത്താക്കിയ അശാന്ത ദിനങ്ങൾ. യുദ്ധാനന്തര പാണ്ഡവ ഭരണകാലം.

“കൗമാരം വരെ ഞങ്ങളൊക്കെ വളർന്ന കാട്ടിൽ, കണ്ടു കണ്ണുകലങ്ങിയ ദൂരക്കാഴ്ചയുണ്ട്. വനാധിപനായി വിലസിയ ആൺസിംഹത്തെ, പെൺ സിംഹവും പുതുകാമുകനും ചേർന്ന തട്ടകത്തിൽ നാണം കെടുത്തി തുരത്തുന്നു. സ്വന്തമെന്നിതുയും കാലം അഭിമാനിച്ച ഇടം, തുടർന്നും സംരക്ഷിക്കുകയെന്ന രതിദൗത്യത്തിൽ പിടിച്ച നിൽക്കാനാവില്ല എന്നറിഞ്ഞ പാരവശ്യത്തോടെ, അവസാനം പടിയിറങ്ങി പതറിപ്പോവുമ്പോൾ, അതാ, എക്കാലവും ഉച്ഛിഷ്ടം തിന്ന വിധേയത്വത്തോടെ വാലാട്ടിയ കുറുനരികൾ ഭീതിജനകമായ രീതിയിൽ സംഘടിതമായി വളഞ്ഞു പിന്നിൽ കൂട്ടംകൂടി ചാടി കടിക്കുന്ന കളിയാക്കുന്നു. സ്ഥാനമൊഴിഞ്ഞ സിംഹരാജന്റെ ദാമ്പത്യ ദുരവസ്ഥയിൽ ‘ധർമ്മപുത്രർ’ എന്ന കൗന്തേയൻ! എന്റെ പാഞ്ചാലിയെ പാട്ടിലാക്കാൻ അവൾക്ക് മഹാറാണിപ്പട്ടം രഹസ്യമായി വാഗ്ദാനം ചെയ്ത കൗശലക്കാരൻ അന്നറിഞ്ഞുവോ, ഒരുനാൾ ഇളമുറമാദ്രി പുത്രന്മാർ കാട്ടുനീതിയിൽ പാഞ്ചാലിയുമായി കൂട്ടുചേർന്ന അന്തഃപുരത്തിൽ നിന്നും ധർമ്മപുത്രരെ തന്നെ ആട്ടിയോടിക്കുമെന്നു? കാട്ടിലെന്നപോലെ ഹസ്തിനപുരിയിലും പരിതപിക്കാൻ, ഹതാശനായ ആൺസിംഹം! ഇന്നു യുധിഷ്ഠിരൻ നാളെ ഭീമൻ പിന്നെ അർജ്ജുനൻ.”

“താരപദവികളൊക്കെ സ്വന്തക്കാർക്ക് വീതിച്ച അല്ലേ? ഹസ്തിനപുരിയിലപ്പോൾ അരാഷ്ട്രീയപ്രജകൾക്ക് തൊഴിലവസരമില്ല!”, കൊട്ടാരം ലേഖിക പുതിയ ഭരണാധികാരി യുധിഷ്ഠിരനെ മുട്ടുകുത്തി കൈമുത്തി.

“നഗ്നഹസ്തങ്ങൾ കൊണ്ട് നൂറോളം കടിലകൗരവരെ വകവരുത്തിയ ഭീമന് കൊടുക്കേണ്ടേ പ്രതിരോധ മന്ത്രാലയം? ആഭ്യന്തരസുരക്ഷ അർജ്ജുനനു എന്ന നിയമനം, നൃത്താധ്യാപിക ബൃഹന്നള മൂന്നാംലിംഗ വേഷധാരി ഒറ്റക്കവ(ശ)ൻ കൗരവആക്രമികളെ തുരത്തി വിരാടഗോക്കളെ സംരക്ഷിച്ചപ്പോൾ ഉയർന്ന പൊതുസമ്മതി. ഇന്ദ്രപ്രസ്ഥം മുതൽ, കണ്ണുകളിൽ ഒന്ന് ചാരനോട്ടത്തിനു ഉഴിഞ്ഞുവച്ച നകുലനുതന്നെ വേണ്ടേ രഹസ്യാന്വേഷണ വകുപ്പ്?, വരാനിരിക്കുന്ന കലിയുഗത്തിൽ പാണ്ഡവ രാജഭരണത്തിന്റെ ഭാവി കണ്ടെത്തണമെങ്കിൽ, ദൗത്യം നിറവേറ്റാൻ പ്രവചനസിദ്ധിയുള്ള സഹദേവൻ വേണ്ടേ? ലിംഗനീതി എന്നുച്ചരിക്കുമ്പോൾ തന്നെ നാവിൽ വരുന്ന പേര് പാഞ്ചാലിയല്ലേ?, സ്ത്രീകൾക്ക് നേരെയുള്ള ഗാർഹികപീഡനത്തിനു വിചാരണാധികാരമുള്ള മന്ത്രിതലപദവി, കുന്തിക്കു വേണ്ടേ കൊടുക്കാൻ? പിന്നെ ഏതു വകുപ്പാണ് ‘പ്രജ’ക്ക്?”

“രാജ്യം ഭരിക്കുന്ന കൌരവരോട്ട് നിങ്ങൾക്കെന്തോ നീരസമുണ്ടെന്നു തോന്നും കുരുവംശം ഭാഗം വക്കുന്നതിനെ കുറിച്ച് ‘ഹസ്തിനപുരി പത്രിക’ പ്രചരിക്കിപ്പിക്കുന്ന ഐതിഹ്യങ്ങൾ കേട്ടാൽ”, പ്രതിരോധ മന്ത്രാലയത്തിൽ വച്ച് ഒരഭിമുഖത്തിൽ കൊട്ടാരം ലേഖികയോട്ട് ദുര്യോധനൻ.

“സൂചികുത്താൻ ഇടം എന്ന ആ കുപ്രസിദ്ധ പദപ്രയോഗം നടത്തിയത് ഞാനല്ല, വിലപേശലിനു വന്ന പാണ്ഡവപ്രതിനിധിയാണ്. ഒത്തുതീർപ്പിന് നിർദേശങ്ങൾ ഇരു ഭാഗങ്ങളും വയ്ക്കുന്ന കൂട്ടത്തിൽ, ഒരിളമുറ കൌരവൻ ശിശു സഹജമായ നിഷ്കളങ്കതയോടെ ചോദിച്ചു, തർക്കവ്യക്തി പാഞ്ചാലിക്കെന്തുകൊണ്ട് പ്രശ്നപരിഹാരത്തിനായി ജല സമാധി സ്വീകരിച്ചു കൂടാ? കൌരവർക്കു ചേരാത്ത വിധം സ്ത്രീവിരുദ്ധമാണ് ഈ കാഴ്ചപ്പാട് എന്ന് ഞാൻ അവനെ സ്നേഹപൂർവ്വം ശാസിക്കുംമുമ്പ് തന്നെ പാണ്ഡവ പ്രതിനിധി വിരൽ ഞങ്ങൾക്ക് നേരെ ചൂണ്ടി രോഷത്തിൽ പാഞ്ചാലിയെ കൗരവരാജസഭയിൽ നിർല്ലജ്ജം പ്രതിരോധിക്കുന്നത് അതിരുവിട്ടപ്പോൾ ഞാൻ തടഞ്ഞു. തടഞ്ഞതിൽ കയറിപ്പിടിച്ച പ്രകോപനപരമായി മായിക പ്രദർശനത്തിനു മുതിർന്നു. വിശ്വരൂപമൊക്കെ ഗോകുലത്തിൽ മതി, ഹസ്തിനപുരിയിൽ വേണ്ട എന്ന് പുഞ്ചിരിയോടെ പറഞ്ഞപ്പോൾ, പരുക്കൻ ഭാഷയിൽ “സൂചി കുത്താൻ ഇടം” എന്ന കുത്സിത പദപ്രയോഗവുമായി യാത്ര പറയാതെ പടിയിറങ്ങി. എനിക്കൽപ്പം തിരക്കുണ്ട്, ആക്രമണത്തിന് വരുന്ന പാണ്ഡവരെ നേരിടാൻ കുരുക്ഷേത്രം യുദ്ധസജ്ജമാക്കണം, അവിടെ കുത്തേണ്ടത് സൂചിമാത്രമല്ല കുന്തവും കൂടിയാണ്. കൂടെ പോരുന്നോ?” യുദ്ധമേഘങ്ങൾ പടിഞ്ഞാറൻ ആകാശത്തിൽ ചുവന്ന തുടുക്കുന്നു. വേണ്ടി വന്നാൽ ദുര്യോധനൻ ദ്വാരകയിലും പോവും സൈനികസഹായം തേടി?

◇ 2025/10/13 ◇

“ശരീരമാലിന്യങ്ങളുടെ കാഴ്ചപ്പെട്ടിയോ?”, പല്ല്, നഖം, മുടി, പഴംതുണി, വെള്ളിപ്പാത്രങ്ങളിൽ പ്രദർശനത്തിന് വച്ച പുതുമന്ദിരത്തിനു മുമ്പിൽ കൊട്ടാരം ലേഖിക പകച്ചു.

“ജീർണിക്കുമോ മുടിയും പല്ലും നഖവും? ആണ്ടുബലി പോലെ പരിപാവനമായ ഈ ഭൗതികാവശിഷ്ട പ്രദർശനം ജ്വലിക്കുന്ന പൈതൃകസ്മരണയല്ലേ? വൈകാരിക ഉള്ളടക്കമുള്ള തിരുശേഷിപ്പു ഹസ്തിനപുരിയുടെ അഖണ്ഡതക്കായി വീരമൃത്യു വരിച്ച കൗരവ സഹോദരരന്മാരുടേതാണെന്നു നിങ്ങൾ പത്രപ്രവർത്തകർ ഒരു നിമിഷം പോലും വിസ്മരിച്ചു കൂടാ. ദൈവനിന്ദയിൽ കുറയാത്ത അപരാധമായി യുധിഷ്ഠിര ഭരണകൂടം ആലോചനയില്ലാത്ത പരാമർശങ്ങളെ നേരിടും”, കൊട്ടാരം ലേഖികയുടെ ധിക്കാരത്തിനു മുമ്പിൽ കിതക്കുകയായിരുന്ന ജൈവസ്മരണികയുടെ ചുമതല വഹിക്കുന്ന അർജ്ജുനൻ.

“കൗരവ പാണ്ഡവ സമാധാനത്തിനായി പ്രാർഥിക്കുകയാണിനി മരണംവരെ ലക്ഷ്യം എന്ന് നിങ്ങൾ പറഞ്ഞെന്നറിഞ്ഞു. ശിഖണ്ഡി വാളുമായി മുന്നിൽ ഇന്നലെ വരുംവരെ, തീവിതറുന്ന അമ്പും വില്ലുമായി മരണദേവതയുടെ പ്രത്യക്ഷ പ്രതിനിധിയായിരുന്ന നിങ്ങൾ പാണ്ഡവസഖ്യ കക്ഷി സൈനികരുടെ തലകളെത്ര ഉരുട്ടി, ഈ വിധം നിങ്ങളെ അർജ്ജുനൻ നിരായുധനാക്കി വീഴ്ത്തും വരെ! എന്നിട്ടും തീർന്നില്ലേ സമാധാനആശംസ?”, കൊട്ടാരം ലേഖിക പിതാമഹനോട് ചോദിച്ചു. കുരുക്ഷേത്ര പോർക്കളത്തിൽ, വിജന മൂലയിലൊരുക്കിയ ശരശയ്യയിൽ നീണ്ടു നിവർന്ന കിടന്ന ഭീഷ്മർ, അഭിനയമികവോടെ ഞരങ്ങുമ്പോഴും, കുരുവംശ ഭാവിയെക്കുറിച്ചു വിലപിച്ചു.

“പാണ്ഡവർ ഒഴികെ, ആരുടെ കഴുത്തു വേണമെങ്കിലും ഞാൻ ഒറ്റവെട്ടിനു വെട്ടിവീഴ്ത്താം എന്ന എന്റെ ഒത്തുതീർപ്പു നിർദേശം ദുര്യോധനൻ തള്ളി. പാണ്ഡവതല ലക്ഷ്യവേധിയായി മാത്രം നിങ്ങളുടെ കൂപ്രസിദ്ധ ക്രൂരമുകൾ അയച്ചാൽ മതി എന്നവൻ ഖണ്ഡിച്ച നിലപാടെടുത്തു. കുന്തി പെറ്റതല്ലയാണെങ്കിലും, അഞ്ചു കൗന്തേയരുടെ ജൈവിക പിതൃത്വത്തിൽ നിന്നും എനിക്ക് ഒഴിഞ്ഞു മാറാൻ ആവില്ലെന്ന രഹസ്യം എങ്ങനെ, പോരാട്ടത്തിൽ നിന്നൊഴിഞ്ഞു മാറാൻ ഉപായമായി പുറത്തെടുക്കും! അതുകൊണ്ട്, അർജ്ജുനനെ രഹസ്യമായി പാളയത്തിലേക്ക് വിളിച്ച പോംവഴി പറഞ്ഞുകൊടുത്തു. മാരകായുധം താഴെവെക്കാനൊരു കാരണം നീ കണ്ടെത്തണം. മൂന്നാംലിംഗക്കാർ വാളും കൊണ്ടെന്റെ മുമ്പിൽ വന്നാൽ ഞാനുടൻ അമ്പും വില്ലും താഴെയിടും. പിന്നെ നീ എനിക്ക് ഐതിഹാസിക വീഴ്ചയൊരുക്കാൻ പാകത്തിൽ, ശരശയ്യ നിർമ്മിക്കണം. അവൻ അനുസരിച്ചപ്പോൾ ശരശയ്യനിർമ്മിതിയിൽ എനിക്കൊരു പൂമെത്ത കാണാനായി!”

“കൗരവവംശനാശം വേണ്ടിവന്ന അല്ലേ, കൂടുകുടുംബത്തിലെ പാണ്ഡവകാശം തിരിച്ചു കിട്ടാൻ?”, കൊട്ടാരം ലേഖിക ചോദിച്ചു. ഗാന്ധാരീവിലാപം ദുഃഖഗീതി, സൂതഗായകർ അഭിനയ മികവോടെ തെരുവോരങ്ങളിൽ പാടുന്ന ദിനങ്ങൾ.

“ഏതു വിശ്രുദ്ധനും ഒരു കളങ്കിതഭൂതകാലം ഉള്ളപോലെ, ഏതു പാപിക്കും വേണ്ടേ പ്രതീക്ഷാനിർഭരമായ ഭാവി? തെറ്റിദ്ധാരണ ആദ്യമേ നീക്കട്ടെ—പുരുഷ കൗരവർക്കു മാത്രമേ പോരാട്ടത്തിൽ നാടിന്റെ അഖണ്ഡത രക്ഷിക്കാൻ ജീവൻ ത്യജിക്കേണ്ടി വന്നുള്ളൂ. അന്തഃപുരത്തിൽ മിന്നലാക്രമണത്തിലൂടെ മുതിർന്ന അഞ്ചാറുപേരെ ബന്ദിയാക്കി ഒളിപ്പിച്ചിച്ചു വച്ചു ദുര്യോധനന്മയായി മുഷിഞ്ഞു വിലപേശാം എന്ന സഹദേവ നിർദേശം ഞങ്ങൾ സ്വീകരിച്ചില്ലല്ലോ. കൗരവവിധവകളുടെ കൂട്ടുകുടുംബം ഇപ്പോൾ പുനരധിവാസ കേന്ദ്രത്തിൽ സഹവർത്തിത്തത്തോടെ കഴിയുന്നത് പാണ്ഡവരുടെ പരിരക്ഷയിൽ!” ധാന്യവും കാളയിറച്ചിയുമായി പുനരധിവാസ കേന്ദ്രത്തിലേക്കു സൗജന്യഭക്ഷണം അയക്കുന്നതിന് മേൽനോട്ടം വഹിക്കുകയായിരുന്ന മഹാരാജാവ്.

◇ 2025/10/14 ◇

“ഇന്നലെവരെ ചാർവാകൻ കൗരവർക്കും പാണ്ഡവർക്കും നല്ലപിള്ള. ഹസ്തിനപുരിക്കും വേണം ജനാധിപത്യഭരണ കൂടം എന്ന് പൊതുസമ്മേളനങ്ങൾ നഗരത്തിൽ ശക്ത മാക്കാൻ ഇറങ്ങിയപ്പോൾ വകക്ക കൊള്ളാത്തവനായി., താളത്തിനൊത്ത് തുള്ളാൻ ചാർവാകനെ കിട്ടില്ലെന്ന റപ്പായപ്പോൾ, കള്ളനും കൊലപാതകിയുമാക്കാനായി നവ ഭരണകൂടശ്രമം. ചോര വീഴാതെ ഇന്നല്ലെങ്കിൽ നാ ളെ രാജവാഴ്ച അവസാനിപ്പിക്കും, യുക്തിബോധം ജനങ്ങ ളിൽ വളർത്തും, ‘വെള്ളം കോരികളും വിറകുവെട്ടികളും’ രാജസഭയിൽ ചെങ്കോൽ പിടിക്കും”, വിശന്നുവലഞ്ഞു ശ്വാസംമുട്ടുന്നതിനിടെ ചാർവാകൻ വിക്കിവിക്കി പറഞ്ഞു തീരും മുമ്പ് നകുലന്റെ കയർകുരുക്ക് അയാളുടെ അര ക്കെട്ടിൽ കൃത്യമായി വീണു, പൊടിപൊങ്ങുന്ന ചൂടിൽ പൊതുനിരത്തിലൂടെ ദരിദ്രബ്രാഹ്മണ യുക്തിവാദിയേയും വലിച്ചു പാണ്ഡവചാരവകുപ്പു മേധാവി നീങ്ങുന്നത് ഞാൻ നോക്കിനിൽക്കുന്നു.

“ഇതെന്താണ് നിങ്ങളുടെ ഒക്കെ ശിരസ്സിൽ?”, കാട്ടുമുക്കി ലെ കുടിലിൽ എത്തിയ ഉടൻ, പാഞ്ചാലിയെ കൊട്ടാരം ലേഖിക നേരിട്ടു.

“ഇന്ദ്രപ്രസ്ഥം ചക്രവർത്തിയായിരുന്ന യുധിഷ്ഠിരന്റെ ശിര സ്സ് നഗ്നമായിള്ളട എന്ന് ദുര്യോധനൻ രേഖാമൂലം അറി യിച്ചപ്പോൾ, ഞങ്ങൾ മുളങ്കാട്ടിൽ കയറി ഉടനടി തട്ടിള്ള ട്ടി ഒരുക്കിയ മുൾക്കിരീടം,” പാഞ്ചാലിയും മറ്റനാല്വ ഭർ ത്താക്കന്മാരും കൊട്ടാരം ലേഖികയെ തുറിച്ചു നോക്കി.

“കൗരവർ തുടച്ചു നീക്കപ്പെട്ടിട്ടും പാണ്ഡവമുഖം തെളി ഞ്ഞില്ലല്ലോ”, കൊട്ടാരം ലേഖിക ചോദിച്ചു. യുദ്ധാനന്തര ഹസ്തിനപുരി.

“കിട്ടേണ്ടതൊന്നും കിട്ടിയില്ല. കുരുവംശത്തിന്റെ അപൂർ വ്വ രത്നശേഖരം ഇനി തിരയാൻ ഭൂമിയിലും ഭൂഗർഭത്തിലും ഇടമില്ല. ദുര്യോധനൻ അതെവിടെ ഒളിപ്പിച്ചുവച്ചു എന്ന താണ് ഞങ്ങളെ കുഴയ്ക്കുന്നത്; കൗരവർ കൊല്ലപ്പെട്ടതോ ടെ അന്തഃപുര രാജസ്ത്രീകളും, പുത്രവിധവകളും, അവിവാ ഹിതപുത്രിമാരും സ്വാഭാവികമായി പാണ്ഡവസൈന്യ ത്തിന്റെ ലൈംഗികഅടിമകൾ ആവേണ്ടതായിരുന്നു. എന്നാൽ സ്ത്രീവിമോചക പാഞ്ചാലിയുടെ ദുസ്വാധീനം കൊണ്ടായിരിക്കുമോ, കുരുക്ഷേത്രവിധവകൾ പാണ്ഡവർ ക്ക് വഴങ്ങാൻ തയ്യാറല്ല. കുടിയൊഴിപ്പിച്ചു പുനരധിവാസ കേന്ദ്രത്തിൽ അവരെ താമസിപ്പിച്ചു. സൗജന്യഭക്ഷണം വാശാനം ചെയ്തു. എന്നിട്ടും വഴങ്ങുന്നില്ല. ഇങ്ങനെ പ്രതി ബന്ധങ്ങൾ നവപാണ്ഡവഭരണകൂടത്തെ യുദ്ധാനന്തരപ്ര തികൂല സാഹചര്യങ്ങൾ നിർജ്ജീവമാക്കിയാൽ ഞങ്ങളു ടെ മുഖം തെളിയുമോ?”

“നിങ്ങളെ ചൂതുകൊല്ലാൻ ശ്രഢപദ്ധതിയിട്ട ധൃതരാഷ്ട്രരും മക്കളും വരണാവതം സുഖവാസ മന്ദിരത്തിൽ?”, വിവാഹ വിരുന്നിൽ എത്തിയ പാഞ്ചാലരാജാവ് ചോദിച്ചു.

“അത്താഴം യാചിച്ചുവന്ന ആറംഗ ആദിവാസികുടുംബ ത്തെ കുന്തി ആൾമാറാട്ട സാധ്യതയായി കണ്ട, കൗശ ലത്തോടെ വിഷമദ്യം കുടിപ്പിച്ചുറക്കിക്കിടത്തി, നേരത്തെ പണിത ഭൂഗർഭ തുരങ്കത്തിലൂടെ അരക്കില്ലത്തിൽ വെന്തു മരിക്കാതെ സാഹസികമായി രക്ഷപ്പെട്ടു”, പലായനം കയ്യാംഗ്യങ്ങളോടെ പാഞ്ചാലകുടുംബത്തിന് ഭീമൻ വിശ ദീകരിച്ചു. വരൻ ഉൾപ്പെടെ മറ്റു നാലുപാണ്ഡവർ ഭീമനെ നീരസത്തോടെ നോക്കി.

“ഹസ്തിനപുരി രാജാവിനാൽ വെറുക്കപ്പെടുന്ന നികൃഷ്ട കു ടുംബത്തിലേക്കാണോ, അതീതശക്തികളുടെ അനുഗ്രഹ ത്തോടെ നേടിയ പൊന്നുമകളെ വധുവായി ഞാൻ അയ ക്കുന്നത്!”, കേട്ടുനിന്ന പാഞ്ചാല രാജ്ഞി മുഖം പൊത്തി വിതുമ്പി.

“ഇതെന്താണ് യുധിഷ്ഠിരശിരസ്സിൽ?”, വനാശ്രമവസതി യിൽ എത്തിയ ഉടൻ, ആശങ്കയോടെ കൊട്ടാരം ലേഖിക ചോദിച്ചു.

“ഇപ്പോൾ അടിമ ആണെങ്കിലും, പഴയ ‘ഇന്ദ്രപ്രസ്ഥം ചക്രവർത്തി’യുടെ രാജശിരസ്സ് നഗ്നമായിള്ളട എന്ന് ഉട യോൻ ദുര്യോധനൻ, സന്ദേശവാഹകൻ വഴി അറിയിച്ച പ്പോൾ, ഞങ്ങൾ ഒരുക്കിയ ഒരു മുൾക്കിരീടം!” മൂലയിൽ ചാരി ഇരുന്ന യുധിഷ്ഠിരൻ. മുള്ളുകൊണ്ട് നെറ്റി മുറിഞ്ഞിട ത്ത് ചോര കങ്ങിയിരുന്നു.

“ആദ്യവില്ല് തൊടുക്കും മുമ്പ് തന്നെ അർജ്ജുനവിഷാദം?”, കൊട്ടാരം ലേഖിക ചോദിച്ച കുരുക്ഷേത്ര ഒന്നാം ദിനം “ഇന്നലെ വൈകിയ രാത്രി പാഞ്ചാലിയെ ആരോ ബന്ദി യാക്കി എന്നു പറഞ്ഞു പാണ്ഡവപാളയം നീറി പുകയു കയായിരുന്നു. നേരം പുലർന്നപ്പോൾ അതാ, കുളിച്ച് ഈറൻ ഉടുത്തുവരുന്ന പാഞ്ചാലിയെ കണ്ടപ്പോൾ ഞങ്ങ ളുടെ പോർക്കള തയ്യാറെടുപ്പ് തുടർന്നു, “എവിടെ ആയി രുന്നു നീ” എന്ന സമ്മർദ ചോദ്യവുമായി അർജ്ജുനൻ പാഞ്ചാലിയുടെ കൂടാരത്തിന് ചുറ്റും ഓടി നടക്കുന്നത് കണ്ടപ്പോൾ മനസ്സിലായി ഇനി വേണ്ടത് അമ്പും വില്ലും അല്ല വിഷാദമുക്തിക്ക് മാനസിക ചികിത്സ, അങ്ങനെ ചമ്മട്ടി എറിഞ്ഞു ചികിത്സകൻ സാന്ത്വനം പയറ്റി ഹിം സക്കനുകൂലമായി പാഞ്ചാലിയുടെ നിശാതിരോധാനം പ്രതികാരമായി മാറ്റിയെടുത്തു.”

“വനവാസം വരുത്തിയ തിരിച്ചറിവെന്താണ്?”, കൊട്ടാ രം ലേഖിക ചോദിച്ചു. മഴക്കാലം മാറി പ്രസന്നമായ വെ യിൽ വീഴുന്ന ഹരിതതാഴ്വര. ഒളിവിൽ പോകാൻ പാണ്ഡ വർ തയ്യാറെടുക്കുന്ന നേരം, സംഘർഷം നിറഞ്ഞ അന്ത രീക്ഷം.

“ഞങ്ങൾ ശരിക്കും എന്താണോ, അതാവാൻ ഈയിടം ഞങ്ങളെ അനുവദിക്കുന്നില്ല. പരസ്പരം പറയുന്നതും ചെ യ്യുന്നതും ഞങ്ങളല്ല എന്ന് തോന്നും. ആകാശചാരിക ളുടെ മക്കളാണെന്നോ, ഭൂമിയിൽ സമാധാനം സ്ഥാപി ക്കാൻ വിണ്ണിൽനിന്ന് ഞങ്ങൾക്കൊരു ജന്മനിയോഗമു ണ്ടെന്നോ ആരെങ്കിലും പ്രവചിച്ചാൽ, കേട്ടോ ഞങ്ങൾ അന്ധാളിക്കും!”

“അന്ന് നിങ്ങൾ ഒരു വിശിഷ്ടാതിഥിയെ ഇന്ദ്രപ്രസ്ഥം മാ യികസഭയിൽ വഴുക്കിവീഴ്ത്തിയോ?”, കൊട്ടാരം ലേഖിക പഞ്ചാലിയോട്ട് ചോദിച്ചു. ചൂതാട്ടസഭയിൽ വസ്ത്രാക്ഷേപം സംഭവിച്ച സന്ധ്യ “വഴുക്കാതെ വഴി നടക്കാൻ പോലും കഴിവില്ലാത്തവർ ആണോ പൊള്ളുന്ന പെൺഉടലിൽ കൈവക്കുന്നത്?”

“എന്ത് കണ്ടിട്ടാണ് കുന്തിയെ ധൃതരാഷ്ട്രരുടെ ദാസിയായി നിയമിച്ചത്, വിവാഹേതര രതി അനുഭവങ്ങളുടെ റാണി യാണവൾ?, ധൃതരാഷ്ട്രരോ, പിടിച്ചാൽ പിടികിട്ടാത്ത മദ യാന! നിങ്ങൾ മറന്നോ?”, ദുര്യോധനൻ അമ്മയെ ഗുണ ദോഷിച്ചു. കുടിയേറ്റ ഭൂമിയിലേക്കു ഭാഗ്യാന്വേഷകരായി തിരിച്ച പാണ്ഡവരെ പിന്തുടരാതെ, കുന്തിയുടെ പുതിയ ലാവണം ഗാന്ധാരിയുടെ അന്തഃപുരമായിരുന്നു “എന്തുക ണ്ടിട്ടെന്നോ? കാഴ്ചക്കും കണ്ണിനും ഇടയിൽ കീറത്തുണി മാത്രമല്ലേ ഉള്ളൂ തടസ്സം?, അതു നീക്കും, അപ്പോൾ കാ ണേണ്ടതെല്ലാം ഗാന്ധാരി കാണും”, കാഴ്ചയുടെ പ്രതിബ ന്ധമകറ്റി അവൾ മകനെ നോക്കി. അവൻ നോട്ടത്തിൽ ദഹിച്ചു.

“ഇതെത്ര പറ്റി, ഓരോ അഭിമുഖത്തിലും പാഞ്ചാലി നി ങ്ങളഞ്ചുപേരുടെ തലയിൽ ഒഴിക്കുന്നത് കരിമഷിയാണ ല്ലോ”, കൊട്ടാരം ലേഖിക അനുതപിച്ചു.

“ഇടക്കൊന്നു രണ്ടും കൽപ്പിച്ചു ഞാൻ കൊമ്പുകോർത്തു. കുന്തിയും മാദ്രിയും ആസ്വദിച്ചപോലെ, ഭർത്താവിനെ സാക്ഷിയാക്കി അവിഹിതരതി ആവർത്തിക്കുന്ന രീതി യല്ല യാഗാഗ്നിയിൽ പിറന്ന തനിക്കു എന്നവൾ. എന്റെ നാവു പൊള്ളി.”, വിതുമ്പുന്ന പോലെ ഇളമുറ നകുലൻ പു ഞ്ചിരിച്ചു.

“വസ്ത്രാക്ഷേപത്തിനു തയ്യാറെടുക്കയായിരുന്ന കൌരവർ ക്കു നേരെ രാജസഭയിൽ അലറുകയും കയ്യോങ്ങുകയും ഭീകരാന്തരീക്ഷം സൃഷ്ടിക്കയും! ഭീമനെ അവസാനം കർ ണൻ നിശബ്ദമായി തളച്ചു. നാഗവിഷത്തിൽ മുക്കിയ സൂ ചി, ഭീമന്റെ തുടയിൽ കുത്തിയാണ് മോഹാലസ്യപ്പെട്ട ത്തിയതെന്ന നകുലന്റെ ആരോപണം, അർഹിക്കുന്ന അവജ്ഞയോടെ തള്ളുന്നു എന്ന് ധൃതരാഷ്ട്രർ പറഞ്ഞ തോടെ പാണ്ഡവ വായിൽ സൈനികർ പഴംതുണി തി രുകി, കൈകൾ പിന്നിൽ വലിച്ചുകെട്ടി, കുന്തിച്ചിരിക്കാൻ ശിരസ്സിൽ കൈ അമർത്തി ആജ്ഞാപിച്ചു. വസ്ത്രാക്ഷേ പം സുഗമമായി തുടർന്നു.”

“ഇതാണോ ഇന്നത്തെ വാർത്ത? ഇതിൽ പ്രതിരോധത്തി ന്റെ ഭാഷ എവിടെ? ഇതിൽ കാണുന്നത് പ്രോൽസാ ഹനമല്ലേ?” ഹസ്തിനപുരി പത്രിക മേധാവി പ്രതിഷേധ ത്തോടെ ചോദിച്ചു.

“സാഹചര്യം മാറിയാൽ തുലികയുടെ മനോഭാവം മാറ ണ്ടേ?”

“തിരുശേഷിപ്പിൽ ധൂപാർച്ചന ചെയ്യാൻ നിയോഗം നി ങ്ങൾക്കായിരുന്നല്ലേ? എങ്ങനെ കാണുന്നു പരേത യോ ദ്ധാവിനെ ധീരനായക പദവിയിലേക്കുയർത്തിയ പരിപാ വന ചടങ്ങിൽ, ആദ്യാവസാനം പങ്കെടുത്ത നിങ്ങളുടെ നേരനുഭവം?” കൊട്ടാരം ലേഖിക കുന്തിയോട്ട് ചോദിച്ചു. യുദ്ധാനന്തര ഹസ്തിനപുരി.

“യുദ്ധത്തിൽ അവൻ കൊല്ലപ്പെട്ട എന്നതൊരു കെട്ടകഥ യെന്നു തെളിഞ്ഞ ദിനം. ആദ്യമൊക്കെ ഞാനും അന്ധാ ളിച്ചു. ഗാന്ധാരിക്ക് മുമ്പിൽ, കുരുക്ഷേത്രക്കു ശേഷം, ഭീ മൻ ദുര്യോധനവധം അത്രമാത്രം ഇളകിയാടിയിരുന്നു. അവന്റെ തിരുശേഷിപ്പുകൾ നോക്കിയോ? ജീവൻ തുടി ക്കുന്നപോലെ! അതുകൊണ്ടെന്തു, ധാന്യമണി മുതൽ കരിം പാറക്കെട്ടു വരെ, വ്യത്യസ്ത മാധ്യമങ്ങളിൽ, ഹസ്തിന പുരിയാകെ വീരനായകപദവി ആലേഖനം ചെയ്യാൻ കര കൗശല വിദഗ്ധർക്ക് വർഷം മുഴുവൻ അവസരം നൽകു ന്ന തൊഴിലുറപ്പു പദ്ധതി മഹാറാണി പാഞ്ചാലി പ്രഖ്യാ പിച്ചു. ഞാൻ ശിരസ്സുനമിച്ചു. അവൻ ഞങ്ങൾക്ക് പ്രിയൻ, എന്നും എന്നെന്നും!”

“അഭിമുഖത്തിനു വരുമ്പോഴൊക്കെ വിചാരിക്കും, നിങ്ങ ളോടെന്തെങ്കിലും മിണ്ടിപ്പറയണമെന്നു. പാഞ്ചാലിയുമാ യുള്ള സഹവർത്തിത്വമൊക്കെ എങ്ങനെ? സമരസത്തി ലല്ലേ.”, കൊട്ടാരം ലേഖിക സഹദേവനോട്ട് ചോദിച്ചു.

“എന്റെ ജന്മം അവൾ പാഴാക്കി”, നാലു വാക്കുകളിൽ അയാൾ എല്ലാം ഒതുക്കി.

◇ 2025/10/15 ◇

“ആരും തിരിഞ്ഞു നോക്കാൻ ഇല്ലാതെ, വിജനവഴിയിൽ കഴഞ്ഞുവീഴുന്ന മരണമാണോ ഒരിതിഹാസ കഥാപാത്രമാവാൻ നിയോഗമുള്ള നിങ്ങൾക്ക് പ്രകൃതി തന്നത്?”, അവശയായിരുന്ന പാഞ്ചാലിയെ ചേർത്തു പിടിച്ചിരുത്തി കൊട്ടാരം ലേഖിക, വായിൽ ഒരിറ്റുവെള്ളം ഒഴിച്ച് കൊടുത്തു.

“ഞാൻ തളർന്നു വീഴുമ്പോൾ തിരിഞ്ഞു നോക്കാതെ, അവർ അഞ്ചുപേരും കാൽ മുന്നോട്ടുവച്ചതാണെന്റെ കൊച്ചുവിജയം. ആദ്യരാത്രിയിൽ എന്നപോലെ, അന്ത്യനിമിഷത്തിലും പത്തു തുറിച്ചകണ്ണുകൾ എന്റെ മുഖത്ത് വീഴുമെന്ന പേടിസ്വപ്നം ഒഴിഞ്ഞു പോയില്ലേ.”

“കൗരവരെ തെരുവിൽ കണ്ടാൽ കാലുതല്ലിയൊടിക്കുമെന്ന ചാർവാകഭീഷണി എങ്ങനെ നിങ്ങൾ നേരിടും?”, കൊട്ടാരം ലേഖിക ദുര്യോധനനോട് ചോദിച്ചു. ആണധികാരഹങ്കിൽ കുലസ്ത്രീയെ തെമ്മാടി കൗരവസഹോദരന്മാർ സംഘടിതമായി വസ്ത്രാക്ഷേപം ചെയ്ത വിവാദം വഴിയമ്പലങ്ങളിലും കുതിരപ്പന്തികളിലും നീറിപ്പുകയുന്ന സംഘർഷദിനങ്ങൾ.

“പാഴ് വസ്തുക്കളുണ്ടല്ലോ യുക്തിവാദി ചാർവാകന്റെ പരസ്യ പ്രസ്താവനയിൽ! ചൂതാട്ടസഭയിൽ നടന്നത് സാന്ദർഭിക ആൺപ്രതികരണമായിരുന്ന എന്നു അരമന നിഷ്പക്ഷ നിരീക്ഷകൻ ഒരു ‘പക്ഷേ’യുമില്ലാതെ കാണുന്നുണ്ടല്ലോ.”

“ഞാൻ അൽപ്പവസ്ത്ര എന്നുച്ചരിച്ച ആകർഷക ഉടലുള്ള പാഞ്ചാലവനിത സഭയിൽ അതിക്രമിച്ചു കയറിയപ്പോൾ, അതൊരു ലൈംഗികപ്രലോഭനമായി ഏറ്റെടുത്ത നിഷ്ഠുരകൗരവന്റെ വിരൽ സ്പർശം അവളുടെ ഉടലുമായുണ്ടായതിൽ അസ്വാഭാവികത അശേഷമില്ല. ഒന്നു നിങ്ങൾ മറന്നുവോ? നൂറുകൗരവർ അത്രയും രാജവധുക്കളുമായി അന്തഃപുരത്തിൽ നിത്യവും ഇടപഴകുന്നുണ്ട്, മുഖപരിചയം കുറവായ മധുവിധുനാളുകളിൽ, രാത്രി കിടപ്പറയിൽ കയറിയ ആളേ തെറ്റും, യഥാർത്ഥവരൻ വേറൊരു കൗരവരാജവധുവുമായി രതിക്രീഡയിലാവും. ആരും ഒന്നും കണ്ടില്ല കേട്ടില്ല എന്ന മട്ടിൽ പിറ്റേന്ന് ബഹുമാനത്തോടെ ഉപചാരം ചൊരിഞ്ഞു ആരാധനാലയത്തിൽ പൂക്കളുമായി സംബന്ധിക്കും. ഇതൊക്കെ എങ്ങനെ ചാർവാകൻ കണ്ടർത്ഥമറിയാൻ! ഇന്ന് രാവിലെ ദ്രൗപദി മരവുരി ധരിക്കുമ്പോൾ ഉപചാരപൂർവ്വം അവളുടെ കൈമുത്തി, നിലത്തിരുന്ന ഞാനാണല്ലോ വലതു കണങ്കാലിൽ തങ്കവള കെട്ടിക്കൊടുത്തത്. അഞ്ചോളം വരുന്ന ഭർത്താക്കന്മാരിൽ അസൂയാലുവായ ഒരാൾ ഒഴികെ മറ്റുനാലുപേരും എന്റെ സൂക്ഷ്മതയും കരുതലും കണ്ട് കോൾമയിർ കൊണ്ടല്ലോ. അതാണ് ഞാൻ പറഞ്ഞത് ചാർവാകൻ ചവയ്ക്കുന്നത് വെറുപ്പിന്റെ കുതിരപ്പന്തി രാഷ്ട്രീയം!”

“പദ്മവ്യൂഹം തകർത്തു കൗരവരെ മുഴുവൻ ബന്ദികളാക്കുമെന്നു തള്ളിയ അഭിമന്യുവിനു നിങ്ങൾ കൂലി വരമ്പത്തുതന്നെ കൊടുത്തല്ലോ. പോരാട്ട ഫലത്തെക്കുറിച്ചിപ്പൊൾ കൗരവവിഷാദം മാറിക്കിട്ടിയോ?”, കൊട്ടാരം ലേഖിക ദുര്യോധനനോട് ചോദിച്ചു.

“വിഘടനവാദികളെ വലയിൽ വീഴ്ത്തുന്ന കൗരവപദ്ധതിയുടെ തുടക്കം മാത്രമല്ലെ അഭിമന്യുവധം. പാണ്ഡവരെ പൂർണ്ണമായും ഇല്ലാതാക്കുന്നതുവരെ യുദ്ധം തുടരുമെന്ന് ഞങ്ങൾ ആവർത്തിക്കേണ്ട കാര്യമില്ല, ചെയ്തിരിക്കും എന്നതൊരു ഭീഷ്മപ്രതിജ്ഞ. ശത്രുപാണ്ഡവർ ഞങ്ങൾക്കെതിരേ ചെയ്തുകൂട്ടിയ അരനൂറ്റാണ്ടു കാലത്തെ പാപകർമ്മങ്ങളൊന്നും ഞങ്ങൾ മറക്കില്ല. കുറെയൊക്കെ നിങ്ങൾക്കറിയാം എന്നാൽ അറിയാത്തതുമുണ്ട് നിങ്ങൾ. സമാനതകളില്ലാത്ത ശക്തിയോടെ ശത്രു പാണ്ഡവർക്കെതിരെ ആഞ്ഞടിക്കുകയാണ് ലക്ഷ്യം. സംയമനത്തോടെയുള്ള പ്രതിരോധമാണ് പ്രസക്തം, അതിനിടയിൽ പാണ്ഡവവിഷബീജങ്ങൾ നശിക്കുകയാണെങ്കിൽ ഒന്നേ എനിക്കുറപ്പു വരുത്തേണ്ടതുള്ളൂ ഒരു പാണ്ഡവതലയും ഇനി ഭൂമിയിൽ ബാക്കി അരുത്. യുദ്ധം തുടങ്ങും മുമ്പ് ഒരുവന് വിഷാദരോഗചികിത്സ വേണ്ടിവന്നു ഇപ്പോൾ അവന്റെ അഭിമാന പുത്രൻ, കർണ്ണന്റെ വാൾ ചീറ്റലിൽ തലതെറിച്ചതാ ചിതയിൽ കത്തുന്നു. ഞങ്ങൾ ഏകപത്നീ വ്രതക്കാരായിരിക്കാം എന്നാൽ പോർക്കളത്തിൽ പോവുമ്പോൾ അഭിവന്ദ്യ ഭാര്യ ഞങ്ങൾക്കായി ഉപവസിക്കും പ്രാർത്ഥിക്കും വിശ്വപ്രകൃതിയുമായി സമരസപ്പെടും പാണ്ഡവഭാര്യ പാഞ്ചാലിയോ? കേശ പരിപാലനത്തിനു ഒരു കൈ കൗരവചോര വേണമെന്ന ശാഠ്യവുമായി പാണ്ഡവസൈന്യത്തിന്റെ മൊത്തം ഇച്ഛാശക്തിയെ കളങ്കപ്പെടുത്തുമ്പോൾ ആരുടെ കരൾ ആര് തുറന്നാണ് വരും ദിവസങ്ങളിൽ ചോര വീഴ്ത്തുക എന്ന് നിങ്ങൾക്കു കാണാം—വനവാസശിക്ഷയായി നിങ്ങളെല്ലാരും കാട്ടിൽ താമസം തുടങ്ങിയിട്ട് ദശാബ്ദം ഒന്ന് കഴിഞ്ഞല്ലോ. അതോ പതിനൊന്നോ? ഇന്ദ്രപ്രസ്ഥത്തിൽ നിങ്ങൾ ചക്രവർത്തിനിയായിരുന്നപ്പോൾ, പാണ്ഡവർക്ക് നിങ്ങളിൽ ഉണ്ടായി എന്ന് പറയപ്പെടുന്ന അഞ്ചു ആൺകുട്ടികൾ, പാഞ്ചാലയിൽ നിന്നവരിനിയും അച്ഛനമ്മമാരെ കാണാൻ ഒന്ന് വന്നില്ലേ?”, കൊട്ടാരം ലേഖിക ചോദിച്ചു.

“വിരുന്നിനു അവരെ ഞാൻ ക്ഷണിച്ചു എന്ന് തന്നെ കരുതുക. അക്ഷയപാത്രത്തിൽ നിന്നവർക്കു സൗജന്യഭക്ഷണം വിളമ്പുന്നതൊക്കെ കുറച്ചിലല്ലേ. പാചകം ചെയ്യാനും വിളമ്പാനും എച്ചിലില കളയാനും ഊട്ടുപുര കഴുകാനും രാത്രിയുറക്കത്തിന് ആകെയുള്ള ഈ കിടപ്പറയിൽ വിശിഷ്ടാതിഥികൾക്ക് ഇടമൊരുക്കാനും ഒക്കെ ഞാൻ ഒരാൾ തന്നെ വേണ്ടേ”, പുറത്തു തണലിൽ ചമ്രം പടിഞ്ഞിരുന്ന ചൂതാട്ടക്കഥകൾ പറഞ്ഞു രസിക്കുന്ന പാണ്ഡവരെ നിന്ദയോടെ നോക്കി പാഞ്ചാലി പറഞ്ഞു.

“ഇതാണോ നിങ്ങൾ എഴുതിയുണ്ടാക്കിയ മുഖ്യ വാർത്ത? ഇതിൽ പാഞ്ചലിക്കനുകൂലമായ പ്രതിരോധത്തിന്റെ ഭാഷ എവിടെ? ഇതിൽ കാണുന്നത് അവൾക്കു നേരെയുള്ള ലൈംഗികാതിക്രമത്തിനുള്ള പരോക്ഷ പ്രോൽസാഹനമല്ലേ?”, ‘ഹസ്തിനപുരി പത്രിക’ മേധാവി കൊട്ടാരം ലേഖികയോട്ട് ചോദിച്ചു.

“ഒരു ചൂതാട്ടസന്ധ്യയിൽ അധികാര സമവാക്യം പൂർണമായി മാറിയാൽ പിന്നെ ലേഖികയുടെ മനോഭാവവും കൂട്ടത്തിൽ സ്വാഭാവികമായി മാറില്ലേ? വേതനം പരിഷ്കരിക്കാതെ കൊട്ടാരത്തിണ്ണ നിരങ്ങാൻ ഞങ്ങളെ കയറൂരി വിടുമ്പോൾ അറിയണ്ടേ, കൂറുമാറ്റം ഞങ്ങൾക്കും ഉണ്ടാവും?”

“നാവിന്റെ നഴഞ്ഞു കയറ്റം എന്നാണല്ലോ ഇന്ദ്രപ്രസ്ഥം ചുവരെഴുത്ത പത്രത്തിലെ മുഖ്യവാർത്ത. സ്ഥലജലവിഭ്രാന്തിയിൽ വഴക്കിവീഴും മുമ്പ്, നിങ്ങൾ ചെന്ന് കണ്ട പാഞ്ചാലിയെ ഉപചാരപൂർവ്വം മുട്ടുകുത്തി കൈമുത്തി എന്നേ ഞങ്ങൾ വാർത്ത ഹസ്തിനപുരിയിൽ പരിചരിച്ചുള്ളൂ. ഏതാണ് ശരി?”, കൊട്ടാരം ലേഖിക ദുര്യോധനനോട്ട് ചോദിച്ചു. ‘നഴഞ്ഞുകയറ്റ’ക്കാരെ ചെറുക്കാൻ സൈനികരെ വിന്യസിപ്പിച്ചു കൊട്ടാരത്തിൽ മടങ്ങി വന്ന പ്രഭാതം.

“ആരോപണം വ്യാജം മാത്രമല്ല ബോധപൂർവ്വവുമാണ്. ആതിഥേയ ഇന്ദ്രപ്രസ്ഥം ചക്രവർത്തിനി, കുരുവംശ കിരീടാവകാശി എന്ന എന്റെ പദവി പരിഗണിച്ചു തന്ന അന്തഃപുരം സ്വീകരണത്തിൽ, ഉപചാരപൂർവ്വം ഞാൻ പാഞ്ചാലിയുടെ കൈമുത്തിയതിനെ പാണ്ഡവർ എങ്ങനെ ഇളക്കിമറിച്ചു അശ്ലീലമാക്കി എന്ന് നോക്കൂ. സ്ഥലജലവിഭ്രാന്തിയെന്ന ഭ്രാന്തൻ നിർമ്മിതിയിൽ എന്റെ വീഴ്ച കണ്ടവരുടെ അത്യാഹ്ലാദത്തിന്നെതിരെ ധൃതരാഷ്ട്രർ യുധിഷ്ഠിരനെഴുതിയ പരാതി മറച്ചു വക്കാൻ നകുലൻ തട്ടിക്കൂട്ടിയുണ്ടാക്കിയ അശ്ലീല കഥ. ഏകശിലാദാമ്പത്യം പുലർത്തുന്ന എന്നെ ലൈംഗികാതിക്രമിയാക്കാൻ വെമ്പുന്ന പാണ്ഡവ മനസിന്നെതിരെ വേണ്ടിവരും മിന്നലാക്രമണങ്ങൾ—അവർ ചക്രവർത്തിയും ഞങ്ങൾ സാമന്തരാജാവും എന്ന സ്ഥിതി ഇനി അംഗീകരിക്കില്ല.”

“വെയിലും മഴയും, ദിവസങ്ങളായി കിടന്ന കിടപ്പിലല്ലേ ആരാധ്യപുരുഷൻ. ശരശയ്യയിൽ നിന്ന് മോചനം ഉണ്ടാവില്ലേ? ഇടമൊന്നു ഒഴിഞ്ഞു കിട്ടി വേണം പോരാട്ടഭൂമി അടിച്ചു വൃത്തിയാക്കി ഹരിതവനം നിർമിക്കാൻ എന്ന് പ്രവിശ്യാഭരണാധികാരി പറയുന്നുണ്ടല്ലോ?” കൊട്ടാരം ലേഖിക നിയുക്ത മഹാരാജാവിനോട്ട് ചോദിച്ചു. രാഷ്ട്ര മീമാംസയുടെ ബാലപാഠങ്ങൾക്കായി ഹസ്തിന പുരിയിൽ നിന്നു രഥയാത്രയിലായിരുന്ന അഭിമുഖം.

“പിതാമഹൻ, അങ്ങനെയാണദ്ദേഹം വരുംയുഗത്തിലും അറിയപ്പെടേണ്ടത്. ശൗര്യസ്ഥൽ അന്ത്യ വിശ്രമ ഇടം തയ്യാറാക്കുകയാണ് ഞങ്ങളിപ്പോൾ ഗംഗയുടെ തീരത്തിൽ. അത് തയ്യാറായാൽ ഭീഷ്മ ജീവന്റെ തുടർ സാന്നിധ്യം അപ്രസക്തമാകും, ശരശയ്യയിൽ നിന്ന് ഭൗതിക ശരീരം, എങ്ങനെയോ അങ്ങനെ എന്ന സ്ഥിതിയിൽ, വിലാപ യാത്രയായി കൊണ്ടുപോവും. യുദ്ധത്തിൽ ആരുടെകൂടെ നിന്ന് പോരാടി എന്നല്ല, ജീവിതത്തിൽ ആരെ പിന്തുണച്ചു എന്നതല്ലേ കാര്യം.” കുറച്ചു ദിവസങ്ങളിലെ രാഷ്ട്ര മീമാംസാ പാഠങ്ങളാൽ ബൗദ്ധിക വികസനം നേടിയ പോലെ യുധിഷ്ഠിരൻ എപ്പോഴും വിദൂരതയിലേക്ക് മാത്രം നോട്ടമെറിഞ്ഞു.

“ഇതാണോ മുഖ്യവാർത്ത? അതിജീവിതപാഞ്ചലിക്ക് അനുകൂലമായപ്രതിരോധ ഭാഷ എവിടെ? കാണുന്നത് അവൾക്കു നേരെയുള്ള ലൈംഗികാതിക്രമത്തിനുള്ള പ്രോൽസാഹനമല്ലേ?”, ഹസ്തിനപുരി പത്രിക മേധാവി കൊട്ടാരം ലേഖികയോട്ട് ക്ഷോഭിച്ചു. വസ്ത്രാക്ഷേപപ്പിറ്റേന്ന്.

“ഒരു ചൂതാട്ടസന്ധ്യയിൽ അധികാരസമവാക്യം പൂർണമായി മാറിയാൽ പിന്നെ, കൊട്ടാരം ലേഖികയുടെ മനോഭാവവും കൂട്ടത്തിൽ മാറിയാൽ? വേതന സേവന വ്യവസ്ഥ പരിഷ്കരിക്കാതെ തിണ്ണനിരങ്ങാൻ നിങ്ങൾ കയറൂരി വിടുമ്പോൾ അറിയണ്ടേ, ഭരണകൂടത്തോട്ട് കൂറുമാറ്റം ഞങ്ങൾക്കും ഉണ്ടാവും?”, കൊട്ടാരം ലേഖികയുടെ സുഹൃത്തായ യുദ്ധകാര്യ ലേഖകൻ വിരൽ ചൂണ്ടി.

◇ 2025/10/16 ◇

“ശരശയ്യയിൽനിന്നാരാധ്യ പുരുഷനെന്നുണ്ടാവും മോചനം? യുദ്ധം കഴിഞ്ഞു നാളെത്രയായ്, ഇടമൊഴിഞ്ഞു കിട്ടിവേണ്ടേ ജൈവമാലിന്യ മുക്തിയിലൂടെ കുരുക്ഷേത്രയിൽ വനനിർമ്മിതി?”, നിയുക്ത മഹാരാജാവ് യുധിഷ്ഠിരനോട് കൊട്ടാരം ലേഖിക ചോദിച്ചു.

“വിമുക്തഭടനെന്നല്ല, പിതാമഹൻ എന്നുവേണം ഗംഗാതട ഗ്രാമഗ്രാമാന്തരങ്ങളിലും ആരാധ്യപുരുഷനറിയപ്പെടാൻ. ഓർമ്മയിരിക്കട്ടെ. ശൗര്യസ്ഥൽ എന്നൊരന്ത്യവിശ്രമ പൂങ്കാവന നിർമ്മിതിക്കായി കരട് തയ്യാറാക്കുകയാണ് ഞങ്ങളിപ്പോൾ ഗംഗയുടെ തീരത്തിൽ. സ്വച്ഛന്ദമൃത്യുവെറുമൊരു കാവ്യ സങ്കല്പമെന്ന നിലയിൽ കാണാൻ ശാസ്ത്രബോധമുള്ള പാണ്ഡവർക്ക് പരിശീലനമുണ്ട്. ഭീഷ്മഭൗതിക ശരീരം, എങ്ങനെയോ അങ്ങനെ എന്ന സ്ഥിതിയിൽ, വിലാപ യാത്രയായി ഗംഗാ തീരത്തേക്കു കൊണ്ടുപോവും. യുദ്ധത്തിലാരുടെ കൂടെ പോരാടി എന്നല്ല, ജീവിതത്തിലാരെ തിരുഹൃദയത്തിൽ പിന്തുണച്ചു എന്നതല്ലേ കാര്യം”, രാജസിംഹാസനത്തിൽ ഇരുന്നിട്ടില്ലാത്ത ഭീഷ്മരിൽ നിന്നും രണ്ടുനാൾ കൊണ്ട് നേടിയ രാഷ്ട്രമീമാംസാ പാഠങ്ങളാൽ ബൗദ്ധികത നേടിയ യുധിഷ്ഠിരൻ വിദൂരതയിലേക്ക് ഇടക്കിടെ ദാർശനിക നോട്ടമെറിഞ്ഞു.

“പരിശ്രമിയായ ഏതു കൗരവസഹോദരനാണ് തക്കസമയത്തു ഇവിടെ വന്നു കെട്ടുറപ്പുള്ള തടയണ കെട്ടി, വേനൽവരൾച്ചയിൽ ഇത്ര ശുദ്ധജലസമൃദ്ധി സമ്മാനിച്ചതു?” ഒരു മൺകുടം കുടിനീർ മുക്കിയെടുത്തു മുഖവും കൈകളും കഴുകി കുറെ വായിലൊഴിച്ച ദുര്യോധനൻ ഗ്രാമസഭ യോഗത്തിൽ വിസ്മയിച്ചു. ഹസ്തിനപുരിയുടെ നഗരാതിർത്തി. കുരുക്ഷേത്ര യുദ്ധമേഘങ്ങൾകാണാവുന്ന സംഘർഷ ദിനങ്ങൾ. കരിമ്പു കഷണം അലസമായി ചവച്ചു കൊട്ടാരം ലേഖിക.

“പത്തുപതിനാറു വയസ്സുള്ള, തേജസ്വിയായ സായുധപോരാളി ഒറ്റയ്ക്ക് ഇവിടെ വന്നു, സ്വന്തം പരിശ്രമത്തിൽ പണിതു എല്ലാവരോടും കൈകൂപ്പി സന്ധ്യയിൽ യാത്ര പറയുമ്പോൾ, “ആരാണ് നീ? ആരുടെ മകനാണുനീ?” എന്ന് വാത്സല്യത്തോടെ ഞങ്ങൾ ചോദിച്ചു. “അമ്മയുടെ പേർ സുഭദ്ര, നാട്ടു ദ്വാരക”, എന്നവൻ വിനയത്തോടെ പറഞ്ഞു. ഏതെങ്കിലും കൗരവസഹോദരൻ ആ പേരുള്ള രാജവധുവുണ്ടോ? അവൻ ചെയ്ത നന്മക്കു ഞങ്ങൾ സ്ത്രീകൾ അത്ര മേൽ കടപ്പെട്ടവർ!” ഗ്രാമത്തലവന്റെ ഭാര്യ എഴുന്നേറ്റുനിന്ന് ഇടനെഞ്ചിൽ കൈവച്ച പ്രാർത്ഥനയുടെ സ്വരത്തിൽ ദുര്യോധനനോട് ശിരസ്സു കുനിച്ചു ചോദിച്ചു. ദുര്യോധനൻ മുഖം പൊത്തി.

◇ 2025/10/17 ◇

“ഒരാരാധകനെ പോലെ അകന്ന നിന്ന് നോക്കിയാൽ, പാഞ്ചാലി കാണാവുന്ന ‘പുരുഷാകർഷകത്വം’, ‘ഹസ്തിനപുരി പത്രിക’യുമായി പങ്കിടാമോ?”, കൊട്ടാരം ലേഖിക അർജ്ജുനനോട് ചോദിച്ചു, ഇന്ദ്രപ്രസ്ഥക്കാലം. യാഗം കഴിഞ്ഞു യുധിഷ്ഠിരഭാര്യ എന്ന പ്രഖ്യാപനത്തോടെ, ചക്രവർത്തിനിപദവിക്ക് പാഞ്ചാലി തിരഞ്ഞെടുക്കപ്പെട്ട ആഘോഷദിനങ്ങൾ.

“അകന്ന മാത്രമല്ല, തൊട്ടടുത്ത നോക്കാനും ആരാധകപദവി മാത്രമല്ലേ എനിക്കവൾ തന്നിട്ടുള്ളൂ!”

“ദ്രൗപദിയുടെ ‘ഔദ്യോഗിക ഭർത്താ’വായി വിരുന്നുൾപ്പെടെ പൊതു ചടങ്ങുകളിൽ പങ്കെടുക്കുക നിങ്ങൾ മാത്രമാണെന്നത എകപക്ഷീയമായ അവകാശവാദത്തിൽ കവിഞ്ഞൊന്നും അല്ലെന്നർജ്ജുനൻ തള്ളിയോ?”, കൊട്ടാരം ലേഖിക യുധിഷ്ഠിരനോട് ചോദിച്ചു. സ്വയംവര മത്സരം ജയിച്ചു പാഞ്ചാലയിൽ നിന്നെത്തിയ പാണ്ഡവസംഘം നഗരാതിർത്തിയിലെ അതിഥിമന്ദിരത്തിൽ കഴിയുന്ന ഇടവേള. ബഹുഭർത്തൃത്വത്തെ പ്രോത്സാഹിപ്പിക്കുന്ന വിധം കുന്തി ഇടപെട്ട മുതൽ ഔദ്യോഗികഭർത്താവെന്ന ‘കപട പരിവേഷം’ ലഭിച്ച യുധിഷ്ഠിരൻ, ധൃതരാഷ്ട്രരെ മുഖം കാണിക്കാൻ രാജസഭയിൽ ചെല്ലുമ്പോഴും, കൗരവരുടെ സായാഹ്നവിരുന്നുകളിൽ പങ്കെടുക്കുമ്പോഴും, അരയിൽ കൈചുറ്റി ദ്രൗപദിയുണ്ട്. സ്വയംവരം ചെയ്തവനെ യുധിഷ്ഠിരൻ അംഗീകരിക്കുന്നില്ല എന്നതാണർജ്ജുന വിഷാദം. ബഹുഭർത്തൃത്വം സംഭവിച്ചു പോയി എന്ന് സമ്മതിച്ചാൽ പോലും, നീതിപൂർവ്വമല്ല ദ്രൗപദിയുടെ ബഹുഭർതൃത്വഇടപാടുകൾ എന്നൊടുവിൽ അർജ്ജുനന് തുറന്നു പറയേണ്ടിവന്ന സംഘർഷസാഹചര്യത്തിൽ ആയിരുന്ന അഭിമുഖം.

“ദ്രൗപദിയുടെ പിന്തുണയോടെയാണ് ഔദ്യോഗിക ഭർത്താവെന്ന സ്ഥാനത്തേക്ക് കൈ കോർത്തു വരുന്നതെന്ന മേനി നടിച്ചിട്ടില്ല എന്നതാണെന്റെ ധാർമ്മികത. ദ്രൗപദിയുടെ ഔദ്യോഗികഭർത്താവു താനാണെന്ന പ്രഖ്യാപനം പാർശ്വവല്കൃത അർജ്ജുനന്റെ രോഗാതുര ഭാവന. നിഷ്പക്ഷനിലപാട് അഞ്ചു പാണ്ഡവരോടും സ്വീകരിക്കുമെന്ന ദ്രൗപദിയുടെ അവകാശവാദം ചോദ്യം ചെയ്യപ്പെട്ടിട്ടില്ലല്ലോ. ദ്രൗപദി അതുപ്പറ്റി അറിയിച്ചതോടെയാണ് എന്റെ നിലപാടിൽ ‘മലക്കംമറിച്ചിൽ’ ഉണ്ടായതെന്ന നിരീക്ഷണവും അസാധു. നിർത്താമോ നിങ്ങളുടെ കുത്തിത്തിരിപ്പിൽ അർജ്ജുനന്റെ വിഴുപ്പലക്കൽ? പാഞ്ചാലി കൂടെയുള്ള കൗരവരാജസഭ എനിക്ക് മുൻനിര ഇരിപ്പിടം തരുന്നുണ്ട്. അതില്ലാതാക്കരുത്. കൊട്ടാരരേഖയിൽ പാണ്ഡവർ ഇപ്പോഴും പിടി കിട്ടാപ്പുള്ളികൾ എന്നോർമ്മയിരിക്കട്ടെ!. വാരണാവതം മെഴുകുമന്ദിരം കത്തിച്ചതിനല്ല, ആറംഗ ആദിവാസി കുടുംബത്തെ വിഷം കൊടുത്തു കൊന്നതിന്! മുഖ്യപ്രതി കുന്തിയെ അഴിയെണ്ണിക്കണോ, രാജാധികാരത്തിൽ പങ്കുചോദിക്കുന്ന ഈ നയതന്ത്ര മുഖ്തർത്തത്തിൽ അർജ്ജുനൻ അപശബ്ദം ഉയർത്തണോ?”

“ഭ്രാതുരതയോടെ ഓർക്കുന്ന, ഇന്ദ്രപ്രസ്ഥത്തിൽ അഭിമുഖങ്ങൾക്കു പോവുമ്പോൾ, രാജസഭയിൽ സന്ദർശകർക്കൊപ്പം ഞാൻ ഇടം പിടിക്കും. ആരെന്തു ജനകീയ പ്രശ്നം ചോദിച്ചാലും, ധാർമ്മികതയുടെ കുത്തകയെന്ന മട്ടിൽ ദാർശനിക പ്രഭാഷണം ചെയ്യ സദസ്സിനെ മരവിപ്പിച്ചിരുന്ന പഴയ കടിയേറ്റ കർഷകൻ യുധിഷ്ഠിരൻ, യുദ്ധം ജയിച്ച ഇവിടെ ചെങ്കോൽ നേടിയപ്പോൾ, അസൗകര്യം സൃഷ്ടിക്കുന്ന ചോദ്യകർത്താവിന്റെ തലയിൽ ‘കൊട്ടു കൊടുത്തു’ തിരുത്തുന്നു. താങ്കളുടെ ശ്രദ്ധയിലും പെട്ടല്ലോ. എന്താണിതിന്റെ പിന്നിലെ പാണ്ഡവപ്രയത്നം, അങ്ങനെ ഒന്നുണ്ടെങ്കിൽ?” കൊട്ടാരം ലേഖിക നകുലനോട് ചോദിച്ചു. പാണ്ഡവ ഭരണകാലം.

“കുടിയേറ്റഭൂമികയായ ഇന്ദ്രപ്രസ്ഥത്തിൽ നിന്നും വ്യത്യസ്തമായി നീണ്ട വംശവൃക്ഷങ്ങൾ ഉള്ള കുടുംബങ്ങളുടെ നാടാണ് ഹസ്തിനപുരി എന്നു നിങ്ങൾക്കറിയാം. ധാർമ്മികത ആയുധമാക്കാനാവില്ല, ചെലവാകില്ല! പ്രശ്നങ്ങൾക്കു മേലുള്ള വെല്ലുവിളി യുധിഷ്ഠിരൻ കാര്യക്ഷമമായി നേരിടാൻ, പണച്ചെലവുള്ള വയോജന വിദ്യാഭ്യാസത്തിനു പാഞ്ചാലി മുൻകൈ എടുത്തു. എനിക്കാവുന്ന സേവനം ഞാനും ചെയ്തു. തക്ഷശില സർവ്വകലാ ശാലയിലെ രാഷ്ട്രതന്ത്രം, പൊതുജന സമ്പർക്കം വകുപ്പുകളിൽ നിന്നും യുവഅധ്യാപകർക്ക് യുധിഷ്ഠിരനെ ‘ഒന്നുടച്ചു വാർക്കേണ്ട’ ഉത്തരവാദിത്വം രഹസ്യമായി മഹാറാണി കൈമാറി. സാധാരണ പൗരന്മാരെ പോലെ രാജസഭയിൽ അവർ ഇരിക്കും എന്നാൽ ശരീരഭാഷയും വാമൊഴി യുമൊക്കെ സൂക്ഷ്മമായി ശ്രദ്ധിക്കും എവിടെയൊക്കെ അക്ഷോഭ്യനായും എവിടെയൊക്കെ പൊട്ടിത്തെറിച്ചും സമർത്ഥമായി ഇടപെടാനും, കഴപ്പം പിടിച്ച കുലീനപ്രതിയോഗികളുടെ ജനകീയചോദ്യങ്ങളോട് ലഘുവായി പ്രതികരിക്കാനുമുള്ള സംഭാഷണപദാവലിയും അനുകൂല കൈആംഗ്യങ്ങളും നോട്ടവും പുഞ്ചിരിയും രഹസ്യസങ്കേതത്തിൽ അഭിനയിച്ചു കാണിക്കും. കാര്യങ്ങൾ നീങ്ങി പിന്നെ ഞങ്ങൾ ‘ധർമ്മപുത്രർ’ എന്ന യാഥാസ്ഥിതിക ദാർശനികനിൽ കണ്ടത് മിന്നിത്തിളങ്ങുന്ന വ്യക്തിത്വത്തിന്റെ കാലികപ്രതിരൂപം. ഞങ്ങളെപ്പോലുള്ള സഹോദരങ്ങൾ ഉണ്ടായതൊക്കെ ‘വിധാതാവിന്റെ ഇടപെടൽ’ എന്നഭിനന്ദിക്കാനും ‘അത്യാകർഷക’ വ്യക്തി കനിവോടെ തയ്യാറായി.” അരികെ നിന്ന പാഞ്ചാലി, ഈ പറയുന്നതൊന്നും മനസ്സിലായില്ലെന്ന മട്ടിൽ അജ്ഞതനടിച്ചു.

“നിങ്ങളഞ്ചുപേർ ധ്യാനത്തിലും അലർച്ചയിലും മാറി മാറി കാണപ്പെടുന്നത് ‘ഹസ്തിനപുരി പത്രിക’ക്ക് വാർത്തയല്ല, എന്നാൽ അഞ്ചു ഇടങ്ങളിലായി പാരസ്പര്യമില്ലാതെ ചുരുണ്ടുകൂടി, ഏറെ നേരമായി കനത്ത മൗനത്തിലാവുന്നതിൽ അപാകതയില്ലേ?”, കൊട്ടാരം ലേഖിക നകുലനെ ഏകാന്തമായൊരിടത്തു കണ്ടുമുട്ടിയപ്പോൾ പിടിച്ചു നിർത്തി.

“ഞങ്ങളഞ്ചുപേരും സാഹോദര്യത്തോടെ ഒരുമിച്ചിരുന്ന ഭാവിയെ കുറിച്ച് രഹസ്യസംഭാഷണം ചെയ്യുന്നത് കണ്ടാൽ പാഞ്ചാലി അസഹിഷ്ണത പുറത്തെടുക്കും. ദുസ്സൂചന വച്ചൊരു സ്ത്രീപീഡനാരോപണം നടത്തി സ്ഥലം വിടും. ഇന്നും അതു പോലൊന്നുണ്ടായി. ഇന്നലെ രാത്രി ഊഴം തെറ്റിച്ചു ഞങ്ങളിലൊരാൾ അവളെ ബലം പ്രയോഗിച്ചു കീഴ്പ്പെടുത്തിയിരിക്കുന്നു. എന്നാൽ അതാരെന്നവൾ വ്യക്തമാക്കുകയുമില്ല. സംശയമുന അഞ്ചു പേരിലേക്കും നീളുമ്പോൾ, കൃത്യം ചെയ്തവൻ മനഃസാക്ഷിയുടെ കുത്തേറ്റു, ചെയ്ത പാപം ഏറ്റുപറയും വരെ ഞങ്ങളഞ്ചുപേരും ഞങ്ങൾക്കിടയിൽ തന്നെ രഹസ്യനോട്ടപ്പുള്ളികൾ ആവില്ലേ.”

◇ 2025/10/18 ◇

“ചരിത്രകാരനെ നിങ്ങൾ പ്രതിഷേധം അറിയിച്ചു എന്നാണല്ലോ ചാർവാക പ്രചരണം?”, കൊട്ടാരം ലേഖിക ചോദിച്ചു.

“പാവം വ്യാസൻ മെനക്കിട്ടിരുന്ന ഇതിഹാസമെഴുതിയത് മഹാറാണിക്ക് ഇഷ്ടക്കേടായോ?”

“പനയോല കരടുകെട്ടു കിട്ടിയപ്പോൾ ഞാനൊന്നോടിച്ചു നോക്കി. വസ്ത്രാക്ഷേപ കേന്ദ്രിതമായി എന്റെ സ്വതന്ത്രവ്യക്തിത്വത്തെ പാണ്ഡവരുടെ ദുരിത ജീവിതാവസ്ഥയുമായി ബന്ധപ്പെടുത്തുന്നത് അസ്വീകാര്യവും അവഹേളനവുമാണെന്ന വ്യാസശിക്ഷ്യന്മാരോട് ഞാൻ പറഞ്ഞു. പെണ്ണടലിന്റെ അഴകളവുകളിൽ ആകൃഷ്ടരായ കൗരവർ, നിർണായക ദിവസം എന്റെ വിവസ്ത്രശരീരത്തെ മൻനിർത്തി പാണ്ഡവരെ അടിമപദവിയിലേക്കു നടപടിക്രമമനുസരിച്ചു നയിക്കുകയായിരുന്നു. അപ്പോൾ വിദുരരും ഭീഷ്മരും ലജ്ജിച്ചു തല താഴ്ത്തിയോ കഴുത്തു വെട്ടിയോ ചെവി പൊത്തിയോ എന്നതൊന്നും എന്നെ അലട്ടുന്ന ശരീരഭാഷയല്ല. എന്നോടൊരക്ഷരം മുഖത്തുനോക്കി സംസാരിക്കാൻ മെനക്കെടാതെ, വ്യാസൻ ആണധികാര ഭാവനയിൽ പെണ്ണിനെ അനുകമ്പയുടെ കെണിയിൽ വീഴ്ത്തിയതിൽ എനിക്ക് പ്രതിഷേധമുണ്ടെന്നു ഞാൻ അല്ലാതെ ആരാണ് എനിക്കുവേണ്ടി പറയാനുള്ളതു? എതിർത്തതിനു ശിക്ഷയായി നിന്റെ അന്ത്യം ഞാൻ ഏകാന്തമാക്കും എന്നു വ്യാസൻ ഭീഷണി മുഴക്കിയത് ഞാൻ പുച്ഛത്തോടെ തള്ളുന്നു” കൊട്ടാരം ലേഖികയുടെ പിടി വിട്ടു പാഞ്ചാലി, വരി നിന്നിരുന്ന ചാർവാകനെ കൈകൊടുത്തു സ്വീകരിച്ചു.

“ആശ്രമമൃഗത്തെ നിങ്ങൾ കടുകൊന്നു ചുട്ടുതിന്നു എന്നാണു കൌരവർ ആരോപിക്കുന്നത്. ചാരസന്ദേശമാണ്, സാക്ഷിമൊഴിയല്ല, എങ്കിലും വിശദീകരണം തൃപ്തികരമല്ലെങ്കിൽ ശിക്ഷാകാലാവധി ഇരട്ടിക്കും, എങ്ങനെ പ്രതികരിക്കുന്നു?” കൊട്ടാരം ലേഖിക ചോദിച്ചു. വനവാസക്കാലം.

“‘എന്നെ കൊല്ല, മുളക് പുരട്ടി മാംസം ചുട്ടുതിന്നു’ എന്ന് വളർത്തുമൃഗങ്ങൾ വെല്ലുവിളിക്കുന്നതായി സന്യസ്ഥൻ സങ്കടം പറഞ്ഞു. ഒരു ദശാബ്ദം ഇന്ദ്രപ്രസ്ഥം ചക്രവർത്തിയായി നാട്ടു വാണ എനിക്ക് അയൽക്കാര സന്യാസിയുടെ ഭീതി മാറ്റാൻ ഉൾവിളി ഉണ്ടായി”, യുധിഷ്ഠിരൻ തോലിൽ പൊതിഞ്ഞ മൃഗാവഷിഷ്ടങ്ങൾ പാഞ്ചാലിക്കു തലച്ചുമടാക്കി വച്ചുകൊടുത്തു കൈകൾ ശ്രദ്ധാപൂർവ്വം കഴുകി.

“എന്ത് വിശേഷം പറഞ്ഞു കുന്തി?” ഹസ്തിനപുരി മഹാരാജാവിന്റെ അതിഥിയായി വന്ന ഇന്ദ്രപ്രസ്ഥം ചക്രവർത്തിയോട് കൊട്ടാരം ലേഖിക ചോദിച്ചു.

“ചൂതാട്ടത്തിനു ഔദ്യോഗികമായി വന്ന ഞാൻ അമ്മയെ പോയി കണ്ടു. നല്ല നിലയിൽ ജീവിക്കുന്ന മക്കളെ കണ്ടപ്പോൾ ആഹ്ലാദിക്കുന്നതിനു പകരം പരാതിഭാവത്തോടെ കുന്തി പരിഭവിച്ചു. അത് പിന്നെയും സഹിക്കാം. പക്ഷേ, ദുസ്സൂചനയോടെ അമംഗളകരമായ പ്രവചനം ചെയ്തു. “ഇന്ന് രാത്രി ചൂതാട്ടപരാജയത്തിലൂടെ നിങ്ങൾ തിരിച്ചറിയും, പെറ്റതള്ളയെ ശത്രുപാളയത്തിൽ പണയം വച്ച് ഭാഗ്യാന്വേഷികളായി ഖാണ്ഡവ പ്രസ്ഥത്തിലേക്കു പോയതിന്റെ പെരുംപിഴ.” ഇങ്ങനെയാണോ മാതാക്കൾ മിണ്ടിപ്പറയേണ്ടതു?”

“കാട്ടുകുടിലിൽ കഴിയുന്ന പെണ്ണിനെ, മാംസഭോജികളിൽ നിന്ന് രക്ഷിക്കാൻ ദുഢഗാത്രർക്കാവുന്നില്ല”, അഭിമുഖങ്ങൾക്കു വരുമ്പോൾ കൊടും തപസ്സിലാണ് എന്ന് കേൾക്കാറുള്ള അർജ്ജുനൻ ഇന്ന് മുമ്പിൽ വന്നുപെട്ട ആഹ്ലാദത്തിൽ കൊട്ടാരം ലേഖിക ആശംസിച്ചു കൈമുത്തി. സൈന്ധവ നാടുവാഴി ജയദ്രഥൻ പാഞ്ചാലിയുടെ അഭിമാനം തട്ടിയ പരാതി അയൽപക്ക സന്യസ്ഥർ പരസ്യമാക്കിയ വിവാദ ദിനങ്ങൾ.

“പരാതിയുടെ ഊന്നൽ കാട്ടുമൃഗശല്യത്തിലേക്കു പാഞ്ചാലി ഇത്തവണ മാറ്റി, അല്ലെ? കണ്ണു തുറന്നു എല്ലാം ശ്രദ്ധിക്കുന്ന കൊട്ടാരം ലേഖികയോട് പാഞ്ചാലി പെരുപ്പിച്ചു പറഞ്ഞാൽ, കേട്ട പാതി ഇരട്ടിയാക്കുന്ന പത്രിക എങ്ങനെ പറഞ്ഞൊപ്പിക്കും”, ദിവ്യാസ്ത്രം വളർത്തു മൃഗങ്ങളിൽ പരീക്ഷിക്കുന്ന അർജ്ജുനൻ പറഞ്ഞു.

◇ 2025/10/19 ◇

“പതിനെട്ടുനാൾ പോരാട്ടത്തിൽ, കേവലം ഒരു അർദ്ധസത്യത്തിൽ ഒതുങ്ങിയോ പാണ്ഡവർ ചെയ്ത വിവര മലിനീകരണം?”, കൊട്ടാരം ലേഖിക യുധിഷ്ഠിരനോട് ചോദിച്ചു. ജേതാക്കളുടെ കൊച്ചുനിര കുരുവംശ കോട്ട പിടിക്കാൻ വലിഞ്ഞു നടക്കുന്ന കുരുക്ഷേത്ര ദേശീയപാത.

“പാണ്ഡവ സൈന്യത്തിലെ അസത്യ വ്യാപാരികളെ കുറിച്ചാണ് നിഷ്കളങ്ക ചോദ്യമെങ്കിൽ, തുറന്നടിക്കട്ടെ, അവരുടെ വക്താവല്ല യുധിഷ്ഠിരൻ! എന്നിൽ ആരോപണം അടിച്ചേല്പിക്കപ്പെട്ടിട്ടുണ്ട്. സൈന്യാധിപ പദവി വഹിച്ച ദ്രോണർക്കുമുമ്പിൽ ഞാൻ അർദ്ധസത്യം ഉച്ചരിച്ചതുകൊണ്ടായിരുന്നു ഗുരുദ്രോണർ ആയുധം താഴെയിട്ടതും, പാണ്ഡവ സൈന്യാധിപ പദവി വഹിച്ച ധൃഷ്ടദ്യുമ്നൻ (പാഞ്ചാലിയുടെ സഹോദരൻ കൂടിയായ അവന്റെ ആത്മാവിനു ആദരാഞ്ജലികൾ) പാഞ്ചാലശത്രുവായ ദ്രോണരുടെ കഴുത്തുവെട്ടി കുരുക്ഷേത്രയിൽ തലയുരുട്ടിയതും). ദ്രോണ ഹത്യ എനിക്ക് യുദ്ധ ലക്ഷ്യമായിരുന്നില്ല, നിരായുധനായപ്പോൾ തരം പോലെ ദ്രോണർ എന്ന സൈന്യാധിപനെ കൊന്നു എന്നേയുള്ളൂ:. യുദ്ധത്തിൽ ആദ്യം മരിക്കുന്നതു സത്യമാണെന്നു, അർജ്ജുന വിഷാദം കണ്ടപ്പോഴേ സംശയം തോന്നിയതല്ലേ. സത്യവും അസത്യവും പോർക്കളത്തിൽ അലഞ്ഞു നടക്കുന്നതു കണ്ടാൽ ‘ഉപചാരം ചൊല്ലിപ്പിരി’യാറില്ല. എന്തു കൊണ്ട് ചെങ്കോൽ എനിക്ക് തരാനാവില്ല എന്ന് പറയുന്ന ഒരു ധീര ധൃതരാഷ്ട്ര രാജസഭയാണിപ്പോൾ എന്റെ പേക്കിനാവ്!”

“ജീവിച്ചിരിക്കെ തന്നെ അത്യന്നതങ്ങളിൽ ധർമ്മപുത്രർ എന്നറിയപ്പെട്ട നിങ്ങൾക്കെന്തെങ്കിലും സത്യവചനമായി പറയാനുണ്ടോ ഭൂമിയിലെ വായനക്കാരോട്?”, കൊട്ടാരം ലേഖിക യുധിഷ്ഠിരനോട് ചോദിച്ചു. നാലു പാണ്ഡവ സഹോദരന്മാരുടെയും, ഭാര്യ പാഞ്ചാലിയുടെയും ചരമശ്രുശ്രൂഷയും ശവമടക്കും മനഃപൂർവ്വം ബഹിഷ്കരിച്ച മലമുകളിൽ, സഹചാരി തെരുവുപട്ടിയുമായി സ്വർഗരാജ്യത്തിലേക്ക് വാഹനത്തിനായി ഒറ്റക്കാലിൽ അക്ഷമയോടെ കാത്തുനിൽക്കുന്ന ത്രിസന്ധ്യ.

“ചൂതുകളിയിൽ സത്യം പരസ്യമായി ഞാൻ പറഞ്ഞപ്പോൾ, ഇന്ദ്രപ്രസ്ഥം രാജ്യവും പൗരാവകാശവും എനിക്ക് നഷ്ടപ്പെട്ടു, കുരുക്ഷേത്രത്തിൽ നിർണ്ണായകദ്രോണ വധം സാധ്യമാക്കാൻ അർദ്ധസത്യം ഞാൻ പറഞ്ഞപ്പോൾ, മഹായുദ്ധം ജയിച്ചു. എല്ലാം ഇട്ടെറിഞ്ഞ മഹാപ്രസ്ഥാനത്തിൽ, പാഞ്ചാലിയും എന്റെ നാലു സഹോദരങ്ങളും കഴഞ്ഞുവീണപ്പോൾ, ഞാൻ അവരെക്കുറിച്ചുള്ളകാര്യം തുറന്നു പറഞ്ഞതോടെ, സന്തുഷ്ടരായ ദേവതകൾ സ്വർഗരാജ്യത്തിലേക്കെന്നെ ഉടലോടെ കൊണ്ടുപോവാൻ ഇതാ ആകാശരഥവുമായി താഴേക്കിറങ്ങുന്നു. നിങ്ങൾ മടങ്ങി പോകണം, വരുംയുഗങ്ങളിൽ ഭാരതകഥയുടെ അപനിർമാണം വഴി പൊതുസമൂഹം എല്ലാം വായിച്ചറിയും.”

“രാജമന്ദിരങ്ങളിൽ നിന്ന് കുടിയൊഴിഞ്ഞു നഗരാതിർത്തിയിലെ വയോജന ഗൃഹത്തിലേക്കു താമസം മാറ്റിയ കൗരവരാജ വിധവൾക്കു നേരെ ഭരണകൂട ഒത്താശയോടെ ലൈംഗികാതിക്രമം? രാജ്യത്തിന്റെ അഖണ്ഡതക്ക് വേണ്ടി വീരമൃത്യു വരിച്ച കൗരവരുടെ കുടുംബങ്ങൾക്കാണ് ഈ അരക്ഷിതാവസ്ഥ എന്നോർക്ക! ലഹരി പദാർത്ഥം കഞ്ഞിവെള്ളത്തിൽ ചേർത്ത് മയക്കിക്കിടത്തിയാണു രതിവൈകൃതങ്ങൾക്കു വിധേയമാക്കുന്നത്! കൗരവപക്ഷത്തു യുദ്ധം ചെയ്ത തല പോകാതെ മടങ്ങിയെത്തിയ കൃപാചാര്യൻ ‘ഹസ്തിനപുരി പത്രിക’യിൽ നടത്തിയ ഞെട്ടിക്കുന്ന വെളിപ്പെടുത്തലുകൾ ശ്രദ്ധയിൽപെട്ടുവോ?”, കൊട്ടാരം ലേഖിക യുധിഷ്ഠിര വക്താവിനോട് ചോദിച്ചു.

“ഞെട്ടിപ്പിക്കുന്ന വെളിപ്പെടുത്തൽ, സംശയമില്ല. പെട്ടെന്നൊന്നും പരിഷ്കൃത സമൂഹത്തിനു ഇതിൽനിന്ന് രക്ഷപ്പെടാൻ ആവില്ല. ‘വെളുത്ത’ കൗരവ രാജവിധവകൾ മാത്രമല്ല, ചൂതാട്ടത്തിൽ പണയവസ്തുവായ ‘കറുത്ത സ്ത്രീ’ക്കെതിരെ ഹസ്തിനപുരിയിൽ സഭാപർവം മുതൽ തുടർന്ന ‘ജീവിതശൈലീരോഗ’മാണിത്. പക്ഷേ, ഇതിൽ ഏകപത്നീവ്രതക്കാരായ പാണ്ഡവർക്ക് പങ്കുണ്ടെന്ന ദുസ്സൂചന അപലപനീയം”, നകുലൻ താക്കീതിൽ ചൂണ്ടുവിരൽ കൃപാചാര്യന് നേരെ ഉയർത്തി.

“ബലപ്രയോഗത്തിലൂടെ അധികാരം പാണ്ഡവർ തട്ടിയെടുത്ത എന്നു ‘ഹസ്തിനപുരി പത്രിക’യിൽ വരുന്ന വാർത്ത, നിറം പിടിപ്പിച്ച നുണ മാത്രമാണെന്ന് യുധിഷ്ഠിരൻ. പിന്നെ സ്വർണതളികയിൽ ചെങ്കോൽ സമ്മാനിക്കയായിരുന്നോ?” കൊട്ടാരം ലേഖിക ചൊടിച്ചു.

“ കിഴക്കൻ പുരാതന സംസ്കാരത്തിൽ നിന്ന് ചുരം കടന്നു വന്ന മഞ്ഞ യാത്രികർക്ക് നല്കിയ പൌരസ്വീകരണത്തിൽ കേട്ട ചക്രവർത്തിയുടെ പ്രസ്താവന നിങ്ങൾ പതിവു പോലെ സന്ദർഭം പറയാതെ കുഴച്ചുമറിച്ചു അല്ലെ? സന്ദർശകർ യോഗത്തിൽ ചോദിച്ചു. ഹസ്തിനപുരിയിൽ യുദ്ധത്തിന്റെ നാശനഷ്ടങ്ങൾ കാണുന്നില്ലല്ലോ. യുദ്ധം, ദൂരെ കുരുക്ഷേത്രയിൽ ആക്കിയതിന്റെ പ്രയോജനം അല്ലെ എന്ന് തിരിച്ചു ചോദിച്ചു. രാജധാനി ആക്രമിക്കാഞ്ഞത് ദൗർബല്യമല്ല, ജേതാക്കൾ എന്ന ധൈര്യത്തിൽ എടുത്ത തീരുമാനമായിരുന്നു.”

◇ 2025/10/20 ◇

“കഥാവശേഷരായ ആരുടെ മഹിതസ്മരണയിലാണ് മൺചെരാതുകളിൽ സ്വയം തിരികൊളുത്തി പ്രാർത്ഥന?”, മഹാരാജാവ് യുധിഷ്ഠിരനോട് കൊട്ടാരം ലേഖിക ചോദിച്ചു. യുദ്ധാനന്തര ഹസ്തിനപുരി.

“ജന്മനാടിന്റെ അഖണ്ഡതക്ക് വെല്ലുവിളിയായി, വലിഞ്ഞുകയറി വന്ന അർധ സഹോദരർക്കെതിരെ ജീവകാലം പ്രതിരോധിച്ചും, സമരമുഖം തുറന്നും, നയതന്ത്രചർച്ചകൾ പരാജയപ്പെട്ടപ്പോൾ കായികബലത്തിലൂടെ അവസാനചോരത്തുള്ളി വീഴുംവരെ പോരാടി ജീവത്യാഗം ചെയ്ത ധീരദേശാഭിമാനി ദുര്യോധനന്റെ ജ്വലിക്കുന്ന ഓർമ്മക്ക്”. നകുലനും സഹദേവനും യുധിഷ്ഠിരന്റെ തോളിൽ അമർത്തിപ്പിടിച്ചുയർത്തി കൊണ്ടുപോവുമ്പോൾ തിരിഞ്ഞുനോക്കി, ഖേദ സ്വരത്തിൽ മന്ത്രിച്ചു. “ഇടയ്ക്കിടെ ഇങ്ങനെ വിങ്ങിപ്പൊട്ടും, പരിസരബോധവും കുറഞ്ഞു. മറവിരോഗമെന്നൊക്കെ ‘ഹസ്തിനപുരി പത്രിക’യിൽ പൊലിപ്പിച്ചെഴുതി യുദ്ധാനന്തര പാണ്ഡവഭരണത്തെ കുറിച്ച് പുതുതലമുറയുടെ ശുഭപ്രതീക്ഷ ശൂന്യമാക്കരുതേ!”

“ഇന്നലെ ഈ സമയത്ത് നിങ്ങൾ ഇന്ദ്രപ്രസ്ഥം ചക്രവർത്തി, ഇന്ന് നിങ്ങൾ വനവാസതടവിനു ശിക്ഷിക്കപ്പെട്ട കൗരവങ്ങടിമ, എങ്ങനെ പ്രതികരിക്കുന്നു?” കൊട്ടാരം ലേഖിക, പൗരാവകാശം നഷ്ടപ്പെട്ട യുധിഷ്ഠിരനെ വഴിതടഞ്ഞു.

“മാളികമുകളും തോളിൽ മാറാപ്പും കാലാതിവർത്തി എന്ന് നിങ്ങൾ ഇപ്പോഴെങ്കിലും തിരിച്ചറിഞ്ഞില്ലെ?”, നഗ്നപാദ യുധിഷ്ഠിരൻ കാലിന്നടിയിൽ നിന്ന് കാരമുള്ള് നീക്കി അനുജന്മാരെയും ഭാര്യയേയും കൂട്ടി കാട്ടിലേക്ക് വലിഞ്ഞു നടന്നു.

◇ 2025/10/21 ◇

“പാണ്ഡവരുടെ കൗമാരകാല കായികാധ്വാനങ്ങളെ ഹാസ്യാത്മകമായി കൗരവർ അവതരിപ്പിച്ചപ്പോൾ, മുൻവരിയിലിരുന്ന നിങ്ങൾ ആസ്വദിച്ചത് വേദനയുണ്ടാക്കിയെന്ന യുധിഷ്ഠിര നിരീക്ഷണമാണ് ഈ അഭിമുഖത്തിന് വിഷയം. കൗരവ വാമൊഴിയിൽ നിങ്ങൾ ‘ആനന്ദം’ അനുഭവിച്ചത് ഭീമൻ പകയോടെ ഓർക്കുന്നു. പാണ്ഡവരെ കൗരവർ പിണക്കിയാലും, നിങ്ങൾ കൗരവരോട് കൂട്ടുകൂട്ടം എന്ന ബോധ്യം അർജ്ജുനൻ ചുണ്ടുകൾ വിടർത്താതെ അമർത്തി പറയുന്നു. എങ്ങനെ പ്രതികരിക്കുന്നു?”, നവവധു പാഞ്ചാലിയോട് കൊട്ടാരം ലേഖിക ചോദിച്ചു. ഹസ്തിനപുരി നഗരാതിർത്തിയിലെ അതിഥിമന്ദിരത്തിൽ ഇടവേള.

“പ്രതികൂല പ്രതികരണങ്ങൾ എന്തു കൊണ്ട് മൂന്നു മുതിർന്ന പാണ്ഡവരിൽ നിങ്ങൾ പരിമിതപ്പെടുത്തി? ഇളമുറ നകുലനും സഹദേവനും അഭിപ്രായം പറഞ്ഞില്ലേ? അതോ, രസികൻമാദ്രിക്കുട്ടികൾ വായടപ്പിക്കുന്ന മറുപടി വല്ലതും നിങ്ങളോട് പറഞ്ഞുവോ? ഒരു വിഭാഗം പാണ്ഡവരുടെ മാത്രം പ്രതിയോഗി കളായിരിക്കാം കൗരവർ എന്നാണു പക്ഷേ, എനിക്ക് തോന്നിയത്. അഞ്ചു പാണ്ഡവരും കൗരവർക്കെതിരെ ആണെങ്കിൽ തന്നെ എന്താ?, എന്നോടാരാധന പുലർത്തുന്ന കൗരവരെ ഞാൻ വെറുത്തു ശീലിക്കണോ? വിരലൊന്നു മീട്ടിയാൽ കൗരവർ വാലാട്ടി വരും, എന്നാൽ മാദ്രിക്കുട്ടികൾ ഒഴികെ മൂന്നു പാണ്ഡവരും കാര്യം തിരക്കാൻ സമയം പിടിക്കും! വല്ലാത്തൊരു ബഹുഭർതൃത്വം!”

“പുരുതായെന്തു രാജ്യതന്ത്രപാഠങ്ങൾ പിതാമഹനിൽ നിന്ന് നേരിട്ട് ചൊല്ലിക്കേൾക്കാനാണ്, നിയുക്ത മഹാരാജാവ് യുധിഷ്ഠിരൻ കുരുക്ഷേത്ര ശരശയ്യയിലേക്കു മിന്നൽ സന്ദർശനം?”, കൊട്ടാരം ലേഖിക ചോദിച്ചു.

“ഒരു വയർ അന്നം തരൂ” എന്ന് കൗരവരാജ വിധവകൾ വിലപിച്ചു കൊണ്ടിരുന്ന പ്രഭാതം. യുദ്ധാനന്തര ഹസ്തിനപുരി.

“ഇന്ദ്രപ്രസ്ഥം ചക്രവർത്തിയായിരുന്നപ്പോൾ, ഉത്തമ ഭരണാധികാരി പിന്തുടരേണ്ട രാജ്യതന്ത്രത്തിന്റെ ബാലപാഠങ്ങൾ അറിയാത്തതു കൊണ്ടായിരുന്നു, കൂടെ പൊറുക്കുന്നവളെ പ്രതിയോഗിക്കു പണയം വച്ചു ചൂതാടാൻ യുധിഷ്ഠിരന് കഴിഞ്ഞതെന്ന്, പാഞ്ചാലി പറഞ്ഞത് യുധിഷ്ഠിരനെ മുറിപ്പെടുത്തിയോ? യുദ്ധക്കെടുതിയിൽ കുരുക്ഷേത്ര വിധവകൾ പെടാപ്പാടുപെടുമ്പോൾ സ്ത്രീനീതിയുടെ ബാലപാഠമെങ്കിലും ഗുരുമുഖത്തു നിന്നും നേരിട്ട് പഠിച്ചിട്ടുമതി അധികാരദണ്ഡ് കൈവശപ്പെടുത്തുക എന്ന് പാഞ്ചാലി ചുണ്ടുവിരൽ ഉയർത്തിയപ്പോളാണ്, മരണംകാത്ത് ശരശയ്യയിൽ നീണ്ടു നിവർന്നു കിടക്കുന്ന സ്ത്രീവിരുദ്ധനിൽ നിന്ന് സദ്ഭരണത്തിന്റെ “വിവേകചൂഢാമണി” പെറുക്കാൻ പോർക്കളത്തിലേക്കു ‘ധർമ്മപുത്രർ’ കുതിച്ചു പായുന്നതു. കാണേണ്ട കാഴ്ചകൾ തുടങ്ങിയിട്ടേ ഉള്ളൂ! ഹസ്തിനപുരി പത്രിക ചുവർ ഴുത്തുകൾ കാത്തിരിക്കുക.”

“ധൃതരാഷ്ട്രരിൽ നിന്നും വംശവടിയും ചെങ്കോലും സ്വീകരിച്ച പുതിയ തിരുവസ്ത്രധാരി യുധിഷ്ഠിരന്റെ വായിൽ ഭീമൻ മധുരം വച്ചു കൊടുക്കാൻ തുനിഞ്ഞപ്പോൾ, പാഞ്ചാലി, ചുണ്ടുവിരൽ കൊണ്ടരുതെന്ന് ആജ്ഞാപിച്ചത് കണ്ട പലരുടെയും നെറ്റി ചുളിഞ്ഞല്ലോ”, കൊട്ടാരം ലേഖിക നവപാണ്ഡവ ഭരണകൂടത്തിന്റെ മുഖ്യവക്താവിനോട് ചോദിച്ചു.

“ഇനി നെറ്റി ചുളിവു നീക്കിയാലും, അസന്തുഷ്ടനായി ഭീമൻ വേദിയിൽ നിന്ന് ഇറങ്ങിപ്പോയതും പേപിടിച്ച ഊഹാപോഹങ്ങൾക്ക് മരുന്നിട്ടല്ലോ.”

“പാണ്ഡവർ അധികാരത്തിൽ! ആ നിമിഷം ചിന്താസ്വാതന്ത്ര്യം പൊതുസമൂഹത്തിനു പ്രിയപ്പെട്ടതായി, എന്നാലതൊരു വെടിക്കെട്ടോ, അധികാരവടംവലിയോ, ദാമ്പത്യഅസന്തുലനമോ, മധുരപ്രതികാരമോ ആണെന്ന് പാണ്ഡവഭരണകൂടം കരുതുന്നില്ല. ശരീര ശുചിത്വത്തിൽ ഭീമൻ അശ്രദ്ധനാണെന്ന് ആരെക്കാളും കൂടുതൽ അറിയുക പാഞ്ചാലിയല്ലേ. അനുസരണയുള്ള ഒരു ഭർത്താവ് എന്ന നിലയിൽ ഭീമൻ ഇറങ്ങിയത് ഇടഞ്ഞിട്ടല്ല, തേച്ചു കളിക്കായിരുന്നില്ലേ?” മഹാറാണിയുടെ ബഹുഭർതൃത്വത്തിൽ രണ്ടാമൻ എങ്കിലും, പട്ടാഭിഷേകത്തോടെ മാറപ്പോയ അധികാര സമവാക്യത്തിൽ ആരുമല്ലാതായ വിഷാദം ഭീമനുണ്ട് എന്നുകരുതൂ!

“ചൂതാട്ടസഭയിൽ കൗരവർ നിങ്ങളെ ദേഹനിന്ദ ചെയ്തു ദുരനുഭവം ഉണ്ടായോ?”, കൊട്ടാരം ലേഖിക വ്യാജമായ അനുതാപത്തോടെ പാഞ്ചാലിയോട് ചോദിച്ചു.

“നിഷേധിക്കുന്നില്ല, എന്നാൽ അഞ്ചു പ്രസവിക്കുന്നതിൽ എന്റെ ഉടലിൽ സംഭവിച്ച പരിഹാരമില്ലാത്ത തേയ്മാനത്തേക്കാൾ അപമാനകരമായിരുന്ന അതുയും പാണ്ഡവ ബീജ സ്രോതാക്കളിൽ നിന്നും!”

“പൊന്നും പട്ടുമൊന്നുമല്ല പ്രിയതമയുടെ ജന്മദിനത്തിൽ സമ്മാനമായി വേണ്ടത്, ഭർത്താവിനു പ്രവേശനം പരിമിതപ്പെടുത്തുന്ന കിടപ്പറവേണം സ്വന്തമായി, എന്ന ആവശ്യവുമായി കൌരവരാജവധുക്കൾ സമരമുഖത്ത്! പാഞ്ചാലിയാണവരെ പിരികേറ്റിയത് എന്ന് നിങ്ങൾ കരുതുന്നുണ്ടോ?” കൊട്ടാരം ലേഖിക ചോദിച്ചു.

“വിരുന്നുവരുന്നവരെ വഴുക്കിവീഴ്ത്താൻ ഇന്ദ്രപ്രസ്ഥത്തിൽ രമ്യഹർമ്യങ്ങൾ പണിത പാഞ്ചാലിയുടെ ശില്പനിർമ്മിതി ഇതിനകം അവളെ പ്രതിസ്ഥാനത്തു നിർത്താൻ ഇരവേഷമാടുന്ന ദുര്യോധനൻ വിജയിച്ചിട്ടുണ്ട്. എന്നാൽ വഴിയമ്പലം പോലെ വലുപ്പമുള്ള അവളുടെ കിടപ്പറയിൽ അഞ്ചിലധികം ആണുങ്ങൾ പരിമിതിയില്ലാതെ കയറിയിറങ്ങുന്നില്ലേ, അതിലും മോശമാണോ കൗരവഭാര്യമാരുടെ കിടപ്പറ സ്വകാര്യത?”

“മുള്ളാണിശരശയ്യയിൽ കിടത്തി, ദിവസങ്ങളായി ഭീഷ്മരെ നിങ്ങൾ ചിത്ര വധം ചെയ്യുന്നല്ലോ? വിവിധ ശ്രുപഭാവങ്ങളിൽ നിങ്ങളഞ്ച പേർക്കുമില്ലേ മാരകായുധങ്ങൾ? ആലയിൽ മനുഷ്യർ വികസിപ്പിച്ചതും, വിണ്ണിൽ നിന്നു നേടിയതും. ആസന്ന മരണനായി കിടക്കുന്ന പിതാമഹന്റെ ദൈന്യത അവസാനിപ്പിച്ചു കൂടെ?”, കൊട്ടാരം ലേഖിക അർജ്ജുനനോട് ചോദിച്ചു. അമ്പുംവില്ലും കഴുകി കറകളഞ്ഞു മിനുക്കുകയായിരുന്ന മുൻനിര പോരാളി.

“സാവകാശം കൊടുക്കു മരിക്കാൻ! യുധിഷ്ഠിര പട്ടാഭിഷേകം നേരിടുന്ന അരമനതടസ്സം നീങ്ങണമെങ്കിൽ, നിത്യവും കുരുക്ഷേത്രയിൽ ഭീഷ്മ ഉപദേശം തേടുന്നുണ്ട്. അധികാരികൾക്ക് പ്രത്യാശാഭരിതമായ തിരിച്ചറിവുണ്ടാവണം. പാണ്ഡവവിരുദ്ധമായ അന്തരീക്ഷം, അഭയാർഥികളായി വന്ന ഞങ്ങൾ അന്തഃപുരത്തിൽ കണ്ടു വന്നതല്ലേ. പട്ടാഭിഷേകം കഴിഞ്ഞു അധികാരദണ്ഡു കയ്യിൽ വന്നാൽ, പിന്നെ പാണ്ഡവർ സ്ഥാനത്യാഗം വരെ സുശക്തർ, അതോടെ ഭീഷ്മർക്കൊരു സമുചിതമായ ദയാവധം ചെയ്തു കൊടുക്കും ചരമശ്രുശ്രൂഷയിൽ, ‘സ്വച്ഛന്ദമൃത്യു’ ഭീഷ്മർ സ്വർഗാരോഹണത്തിനു പറ്റിയ മുഹൂർത്തമറിഞ്ഞു യാത്രയായി എന്ന ദുഃഖഗീതികളുമായി ശവഘോഷയാത്ര, നിങ്ങളും അപ്പോൾ ഞങ്ങൾക്ക് അനുകൂല ജനവികാരം ഉറപ്പുവരുത്തണം!”

◇ 2025/10/22 ◇

“അസ്ഥാഭ്യാസ മികവിനാൽ മറ്റ മത്സരാർത്ഥികൾക്ക ആവാത്തവിധം എളുപ്പത്തിൽ, പാഞ്ചാലിയെ പരിണയിക്കാനായ നിങ്ങൾ, വാസ്തവത്തിൽ കുടുംബസമേതംഭിക്ഷയാചിച്ച ജീവിക്കുകയായിരുന്ന ഏകചക്ര ഗ്രാമത്തിൽ. പോരാത്തതിന്, അരക്കില്ലത്തിൽ ആറംഗ ആദിവാസി കുടുംബത്തെ കത്തിച്ച കൊന്ന ഉരുതര കറ്റം പുറത്തായപ്പോൾ കൗരവ ഭരണകൂടം പ്രതിപ്പട്ടികയിൽ പിടികിട്ടാപ്പുള്ളി ആയി കന്തിയെ പ്രഖ്യാപിച്ച സംഘർഷകാലം. അങ്ങനെ ഒരു സാഹചര്യത്തിൽ ഭാര്യയായി വന്ന പാഞ്ചാലിയുമൊത്ത ആദ്യരാത്രി പങ്കിടാൻ കൂളിച്ച വൃത്തിയായി നിങ്ങൾ ഒരുങ്ങുമ്പോൾ, കിടപ്പറയിലേക്ക് കുതിച്ചെത്തിയ മറ്റനാലു പാണ്ഡവർ, “ഞങ്ങളും പാഞ്ചാലിയുടെ ഭർത്താക്കന്മാർ” എന്നുച്ചരിച്ചത എങ്ങനെ കണ്ടു?”, കൊട്ടാരം ലേഖിക അർജ്ജുനനോട് ചോദിച്ചു.

“സ്വാർത്ഥപ്രണയങ്ങൾ അവിടെയും ഇവിടെയുമൊക്കെ അനുഭവ പരമ്പരയിൽ ഉണ്ടെങ്കിലും, അഴകളവുകളുടെ സ്വകാര്യഖനി എന്നറിയപ്പെട്ട പാഞ്ചാലിയെ സ്വയംവര മണ്ഡപത്തിൽ കണ്ടപ്പോൾ ഞാനും ഒന്നുവിറച്ചു പോയി. എന്നാൽ ആദ്യരതിയിൽ അവളെ പങ്കിടാൻ എന്റെ നാലു സഹോദരന്മാരും ആർത്തിയോടെ അവളുടെ ഉടലിൽ അവകാശം സ്ഥാപിച്ചപ്പോൾ, എന്നെ വിട്ട എന്നെ അതൊന്നും ഓർമ്മിപ്പിക്കരുതേ അഭിശപ്തകാലം, അതോർത്ത പറയാൻ എനിക്കാവതില്ല.”

“ഞങ്ങൾക്കവൾ ധീരവനിത, നിങ്ങൾക്കവൾ ദുരന്തനായിക!”

“പാണ്ഡവരിലും നിങ്ങൾക്കുണ്ട് ഒരു രഹസ്യ കാമുകൻ?”, പാഞ്ചാലിയോട്ട് കൊട്ടാരം ലേഖിക ചോദിച്ചു.

“ബഹുഭർത്തൃത്വ ദാമ്പത്യത്തിൽ അതൃപ്തി പ്രകടിപ്പിച്ചു അവിഹിതങ്ങൾ തേടി മറ്റ പാണ്ഡവർ പടി വിട്ടിറങ്ങിയപ്പോൾ, ഭാവി ‘പ്രവചിക്കന്ന’ പ്രിയ സഹദേവൻ എന്നോടൊപ്പം മധ്യാഹ്നങ്ങളിൽ ഈ ജലാശയത്തിൽ, ഒപ്പം നീന്തി, യമുനാതട ത്രുക്ഷവേനൽ അതിജീവിക്കാൻ തുണച്ചു. മകനാവാനുള്ള പ്രായമേ അവനുണ്ടായിരുന്നുള്ളു. എന്നാൽ, ഊഴം പാലിച്ചു അവൻ സമ്മാനിച്ച ഉടൽ പരിലാളന വിസ്മയിപ്പിച്ചു. തിരയിളക്കമുള്ള കണ്ണുകളിൽ നോക്കാൻ എനിക്ക് ഭയമായി, കാരണം അതിൽ നിഴലിച്ച വർണ്ണദൃശ്യങ്ങൾ അശാന്തമായ ഭാവിയെ കുറിച്ചായിരുന്നു. എന്നാൽ മറ്റനാലു പാണ്ഡവരോ? അവർ എനിക്ക് ഓർമ്മിക്കാൻ തന്നത് അഭിശപ്തമായ ഭൂതകാലവും!” ഹസ്തിനപുരിയിലേക്കു ചൂതാടാൻ പോവുന്ന രാജകീയയാത്രയുടെ ആൾതിരക്കിലായിരുന്ന ഇന്ദ്രപ്രസ്ഥം രാജാവും സംഘവും.

“അമ്മയുടെ അനുഗ്രഹമൊന്നും വാങ്ങിച്ചില്ലേ?” ഭീമഗദയുടെ പ്രഹരശേഷിയിൽ തുടയൊടിഞ്ഞ ദുര്യോധനനോട് കൊട്ടാരം ലേഖിക ചോദിച്ചു.

“എന്തിനു ആചാരബദ്ധമായ ‘അനുഗ്രഹ’ത്തിൽ ഒതുക്കുന്ന ധാർമ്മിക കൗരവരുടെ വിജയസാധ്യത? രണ്ടു പ്രാവശ്യം ‘അന്ധപിതാവ്’ ചെങ്കോൽ എനിക്ക് നീട്ടുന്നതും, ഞാനത കടന്നു പിടിക്കുംമുമ്പ് മിന്നൽവേഗത്തിൽ പിൻവലിക്കുന്നതും കൺകെട്ടിയ ഗാന്ധാരി, കൗതുകത്തോടെ ചിരിക്കുകയായിരുന്നില്ലേ? ആയുഷ്കാലം അന്ധതനടിച്ചു നൂറു മക്കളെ തരം പോലെ കബളിപ്പിച്ച അച്ഛനമ്മമാർ എന്ന തിരിച്ചറിവോടെ, രണ്ടും കൽപ്പിച്ചാണ് പടിയിറങ്ങിയത്. യുദ്ധം ജയിച്ചിരുന്നെങ്കിൽ ഞാനവരെ വനവാസത്തിനയക്കുമായിരുന്നു ഇനിയാ പണി യുധിഷ്ഠിരൻ ചെയ്യട്ടെ, ഉയിരോടെ അവൻ ഹസ്തിനപുരിയിൽ എത്തുമെങ്കിൽ!” ദൂരെ അവർക്കു കാണാമായിരുന്ന അടുത്ത കൗരവ സൈനിക മേധാവിയായി ചുമതല ഏറ്റെടുക്കാൻ നിയോഗം കിട്ടിയ ദ്രോണ പുത്രൻ അശ്വത്ഥാമാവ്.

◇ 2025/10/23 ◇

“മാദ്രിയുടെ ജ്യേഷ്ഠനല്ലേ? മദ്ര രാജ്യത്തിന്റെ അധിപൻ! എങ്ങനെ നിങ്ങൾ, പാണ്ഡവ സഖ്യത്തിൽ ചേരാതെ, കൗരവ സൈന്യാധിപനായി?”, കൊട്ടാരം ലേഖിക മദ്ര രാജാവ് ശല്യനോട് ചോദിച്ചു. കുരുക്ഷേത്ര.

“സഹോദരി മാദ്രിയുടെ മക്കളായ നകുലനും സഹദേവനും ചോദിച്ചപ്പോൾ വെളിപ്പെടുത്താത്ത രഹസ്യം ലോക മനഃസാക്ഷിയോടു ഇപ്പോൾ പറയട്ടെ!—പാണ്ഡു ദുരൂഹ സാഹചര്യത്തിൽ മരിച്ചപ്പോൾ, ചിതയിൽ സതിയനുഷ്ഠിക്കില്ല എന്ന നിലപാടിൽ ഒഴിഞ്ഞു മാറിയ കുന്തി, എന്റെ കൊച്ചനുജത്തി മാദ്രിയെ ചിതയിൽ സതി തള്ളി എന്ന റിഞ്ഞപ്പോൾ മാദ്രദേശം വിലപിച്ചു. ഇടനെഞ്ചിൽ ആയുധമമർത്തി ചോരയെടുത്തു ഞാനവർക്കപ്പോൾ വാക്കു കൊടുത്തു. പ്രതികാരത്തിനവസരം കിട്ടിയാൽ, കുന്തിക്കു, യുധിഷ്ഠിര ഭരണത്തിൽ രാജമാതാപദവി നിഷേധിക്കുന്ന ഏതു സഖ്യത്തിലും ഞാൻ ചേരും. മാദ്രിമക്കളെ കൊല്ലില്ലെങ്കിലും, കുന്തിമക്കൾ ജയിക്കാതിരിക്കാൻ ആവുന്നത്രയും ശ്രമിക്കും.” യുദ്ധത്തിന്റെ അവസാനദിനം. സതി അനുഷ്ഠിക്കേണ്ടി വന്ന അനുജത്തിയുടെ നിലവിളി കേട്ടപോലെ അയാളുടെ മുഖം വിറച്ചു കണ്ണുകൾ കലങ്ങി. ആയുധം താഴെവീണ തക്കം നോക്കി യുധിഷ്ഠിരൻ, ശല്യന്റെ നെഞ്ചിലേക്കു കുന്തം എറിഞ്ഞു. “രാജ്യ താൽപ്പര്യത്തിനു കൗശലത്തോടെ കൂട്ടു നിന്ന കൊട്ടാരം ലേഖികക്ക് പുതിയ പാണ്ഡവ ഭരണകൂടത്തിൽ മാധ്യമ പദവി വാഗ്ദാനവും!”

“സത്യവതിയിൽ നിന്നും രഹസ്യപുത്രൻ വ്യാസൻ ഏറ്റെടുത്ത രതിനിയോഗം വിചിത്രവീര്യവിധവകൾ, അംബികയും അംബാലികയുമാണെങ്കിലും, പൂർണ്ണ സംയോഗ രൂപ്പി കൊടുത്ത രാജതോഴിയിൽ ആയിരുന്ന നിങ്ങളുടെ തിരുപ്പിറവി എന്ന്, അരമനത്തിണ്ണ നിരങ്ങുന്ന കൊട്ടാരം ലേഖിക എഴുതിയ പനയോല കുറിപ്പുകളിൽ വായിച്ചിട്ടുണ്ട്. വിദുരനീതി എന്ന വിശിഷ്ട ഗ്രന്ഥവും എഴുതി എന്നറിഞ്ഞു. രക്തച്ചൊരിച്ചിൽ ഉണ്ടാവും എന്നറിഞ്ഞിട്ടും, കുരുക്ഷേത്ര ദുരന്തം ഒഴിവാക്കാൻ, മന്ത്രിപദവി വഹിച്ച നിങ്ങൾക്കാവേണ്ടതല്ലേ? കഠിന പ്രയത്നം ഒന്നുമുണ്ടായില്ല എന്നാണോ പൊതുസമൂഹം മനസ്സിലാക്കേണ്ടത്?”, കൊട്ടാരം ലേഖിക ചോദിച്ചു. വിദുരർ വാനപ്രസ്ഥത്തിനു ഒരുങ്ങുന്ന നേരം, യുദ്ധക്കെടുതി നേരിട്ട ഹസ്തിനപുരിയിൽ സംഘർഷകാലം.

“യുദ്ധം സൃഷ്ടിക്കുക ഇരകളെ മാത്രമെന്ന് പറഞ്ഞപ്പോൾ, വിശ്വപ്രസിദ്ധി നേടിയ വിദുരനീതി വലിച്ച ചവറ്റു കൊട്ടയിലിടും എന്ന ഘട്ടം വന്നു. ഞാൻ കണ്ണടച്ച് ധ്യാനത്തിലിരുന്നു. ഉണർത്തിയത് അന്ധ ധൃതരാഷ്ട്രർ, അർധ സഹോദരൻ! അപ്പോൾ വിരൽഉയർത്തി കൗരവരോട് പറഞ്ഞു, ആക്രമിക്കപ്പെടുമ്പോൾ പ്രതിരോധിക്കാൻ അവകാശമുണ്ട്, എന്നാൽ സൂചി കുത്താനിത്തിരി മണ്ണു ചോദിച്ച പാണ്ഡവരോട് നിങ്ങൾ പറഞ്ഞു, “ഗംഗാതടത്തിൽ പാണ്ഡവർക്ക് വേണ്ടത് സൂചികുത്താനുള്ള മണ്ണല്ല, അടക്കം ചെയ്യാനുള്ള ആറടി മണ്ണാകുന്നു അത് നിങ്ങൾ കുരുക്ഷേത്രയിൽ തന്നെ വന്നു നേടുക.” ഞാൻ ഭാവിയിലേക്കുറ്റു നോക്കി. ആയിരമായിരം വർഷങ്ങൾക്കുശേഷം ഗംഗയൊഴുകുന്ന ഈ നാട്ടിൽ ഹിമാലയത്തിന്നപ്പുറത്തു നിന്നും ‘വെളുത്ത തൊലിയും കറുത്ത ഹൃദയവുമുള്ള ഒരു സംഘം അക്രമികൾ’ വാണിജ്യത്തിനെന്നും പറഞ്ഞു, പ്രകൃതിയെയും മനുഷ്യരെയും ബന്ദിയാക്കി ചൂഷണം ചെയ്യുമ്പോൾ, ദ്വാരകക്കടുത്തൊരു പോർബന്ധറിൽ ജനിച്ച, ബ്രാഹ്മണനോ ക്ഷത്രിയനോ അല്ലാത്ത, സാധാരണക്കാരൻ അവരെ തുരത്താനൊരു ആയുധം വികസിപ്പിച്ചു. അഹിംസ! സമയം കൂടുതൽ എടുത്തു ഫലപ്രാപ്തി എങ്കിലും, അക്രമികൾ തുച്ഛവിലക്കു വിറ്റു പെറുക്കി പടിഞ്ഞാറൻ കടൽ വഴി മടങ്ങിപ്പോയതാണ് ഇത്ര നേരം കണ്ട സ്വപ്നം. അത് നിങ്ങളും അനുവർത്തിക്കു. ഭാവി നിങ്ങളെ ആ നിലയിലും മൂല്യത്തിലും വിലയിരുത്തട്ടെ. എന്നെ വിട്ട് അവർ അപ്പോൾ പോർബന്ദറിലെ അഹിംസാവാദിയെ അവഹേളിക്കാൻ തുടങ്ങിയപ്പോൾ, ഞാനുറച്ചു യുദ്ധത്തിൽ കൊല്ലപ്പെടുന്ന കൗരവരുടെ അന്ത്യസ്ഥലി ഒരുക്കാൻ ഇടം പോരാതെ വരുമോ?”

“വൈകാരിക ദൗർബല്യമുള്ള ‘പാവത്താ’നായി നിങ്ങളെ അവമതിക്കുന്ന അതിഭാവുകത്വപ്രകടനം അരങ്ങേറ്റ മൈതാനിയിൽ ഇന്നലെ പത്രാധിപർക്കൊപ്പം കാണാനിടയായി.”

“‘ഹാ ദൈവമേ, യെൻ ജന്മദാതാക്കളാരോ? കാണുമോ ഞാനവരെ?’ എന്ന്, പൂർണ്ണശരീര വളർച്ചയെത്തിയ പുരുഷൻ മുട്ടുകുത്തി സൂര്യനിലേക്കു നോക്കി വിലപിക്കുന്ന കാഴ്ച കദനഭാരത്താൽ വീർപ്പുമുട്ടിച്ചല്ലോ! കരുത്തൻ സൈനികപ്രതിച്ഛായ പൊളിച്ചടുക്കാൻ, ആരോ കരുതിക്കൂട്ടി ചെയ്തതാണെന്ന തോന്നലുണ്ട്. കർണ്ണനായി വേഷമിട്ട നടൻ്, പറഞ്ഞുവന്നാൽ, നിങ്ങളുമായി എന്തൊരു രൂപസാദൃശ്യം!, ഇരട്ടസഹോദരനോ മറ്റോ ആണോ ആ നടൻ?”, കൊട്ടാരം ലേഖിക കർണ്ണനോട് ചോദിച്ചു.

“എന്തിഹ മന്മാനസേ സന്ദേഹം വളരുന്നു എന്ന പദം അരങ്ങിൽ ചൊല്ലുന്ന രൂപസാദൃശ്യമുള്ള ആ അഭിനേതാവിനെ കുറിച്ചാണ് നിങ്ങളിങ്ങനെ പരവശപ്പെടുന്നതെങ്കിൽ, രഹസ്യം അറിയുന്ന ഞാൻ, ആശ്വസിപ്പിക്കാൻ തുറന്നുപറയട്ടെ ആ ‘പ്രതി’ ഇരട്ട സഹോദരനൊന്നുമല്ല, ഞാൻതന്നെ! പിതൃശ്രുന്യൻ എന്ന അവമതി പാണ്ഡവരെപോലെ ഞാനും കേൾക്കേണ്ടിവന്നിട്ടുണ്ട് എങ്കിലും, ‘പിഴച്ചപെറ്റ’ ആ ‘അവൾ’ ആരെന്ന ആകാംക്ഷ അസഹനീയമായി തോന്നിയപ്പോളാണ്, സ്വയം എഴുതി കർണ്ണവിലാപം, കൗരവരെ പോലും അറിയിക്കാതെ, അഭിനയിച്ചത്. ഞാൻ പൊതുവേദിയിൽ ഹൃദയം പൊട്ടി വിലപിക്കുന്ന ദൃശ്യം അന്തഃപുരത്തിലെ ലോല ഹൃദയർക്ക് താങ്ങാനാവില്ലെന്നു, നാടക സംവിധായകയും സൈന്ധവ റാണിയുമായ ദൃശ്യള രാജകുമാരി സ്നേഹപൂർവ്വം മുന്നറിയിപ്പുതന്നെങ്കിലും, നിങ്ങളെപ്പോലുള്ള ‘കഠിനഹൃദയ’രെ ഉലച്ചു കർണ്ണജന്മരഹസ്യമെന്നത് ഭീതിതമായി തോന്നുന്നു! ഹസ്തിനപുരിയിൽ സ്നേഹാദരങ്ങളോടെ അറിയപ്പെടുന്ന മുൻ രാജസ്ത്രീയാണ് കർണ്ണമാതാവെന്നു നാളെ പുറം ലോകം അറിയാനിടവന്നാൽ, ആ മഹതി നേരിട്ടേക്കാവുന്ന മാനഹാനിയോർക്കുമ്പോൾ, ഈശ്വരാ, ശപിക്കപ്പെട്ട കർണ്ണന്റെ ജന്മരഹസ്യം ഒരിക്കലും വെളിപ്പെടാതിരിക്കട്ടെ!” പ്രഭാത വെയിൽ മാഞ്ഞു കൊട്ടാരം മട്ടുപ്പാവിൽ ഇരുൾ പടർന്നു!

◇ 2025/10/24 ◇

“കാഴ്ചപരിമിതനായ ഭർത്താവിനോട് ഐക്യദാർഢ്യം പ്രദർശിപ്പിക്കാൻ സ്വയം കണ്ണുകെട്ടി കാഴ്ച പരിമിതപ്പെടുത്തിയ ഗാന്ധാരി! പെൺപീഡകനെന്ന നിലയിൽ കുപ്രസിദ്ധൻ മകൻ!”, കൊട്ടാരം ലേഖിക ചോദിച്ചു.

“വസ്ത്രാക്ഷേപമാണോ, തൊട്ടും തലോടിയും, സാംസ്കാരിക ഗാന്ധാരയുമായി നിങ്ങൾ ബന്ധപ്പെടുത്താൻ കഷ്ടപ്പെടുന്നതു? എത്ര ലളിതഹൃദയർ ഹസ്തിനപുരി! അതു ചൂതാട്ടവേളയിലെ വിനോദനാടകം. ‘അതിജീവിത’യായി അഭിനയിച്ച രാജസ്ത്രീ, ഉടുതുണിയാൽ ഓമനമുഖം മൂടി. അറച്ചും പതുങ്ങിയും പാടുപെട്ടാരോപിക്കുന്ന ‘വസ്ത്രാക്ഷേപം’ ഭീതിതമല്ല, എന്നാലും സംഭ്രമജനക ‘ആകാശ ഇടപെടലുകൾ’ ഉണ്ടായി, അത് പ്രകൃതിനിയമവിരുദ്ധം എന്ന തള്ളി. ഇന്ദ്രപ്രസ്ഥം ‘നാടുവാഴി’ മതി, ചക്രവർത്തി’ എന്ന പാണ്ഡവ മുഖ്യനെ വിളിച്ചുകൂട. യുധിഷ്ഠിരൻ നിസ്വനായ ചൂതാട്ടവാർത്തയേക്കാൾ സദസ്സിനെ ഞെട്ടിപ്പിച്ചില്ലേ നാടകാന്ത്യം? ഇരയുടെ ഉടുതുണി ഭദ്രം, വസ്ത്രാക്ഷേപം, ദൃശ്യമിഥ്യ, അതാണ് നാടൻകലയുടെ തന്മയത്വം, ഗാന്ധാരനായ ഞാനതു ‘ഇന്ദ്രപ്രസ്ഥം കീഴടക്കാൻ’ പരസ്യമായി തെളിയിച്ചു. മാറ്റം വേണം, ഉടുതുണിയുരൽ, വരുംകാല സമൂഹങ്ങളിൽ പ്രസിദ്ധിനേടും, കാലാതീതം ഈ നടന നേട്ടം. മുഖംമൂടിയതു കൊണ്ടെന്താണ് കോട്ടമെന്നല്ലേ? അവൾ ആരെന്നു നിങ്ങൾക്കും പറയാനാവില്ല! നാടകസംവിധായകനായ എന്നെ നീതിപീഠം പ്രതിസ്ഥാനത്തു നിർത്തുമെങ്കിൽ, വിചാരണ നേരിടാൻ തയ്യാർ, വ്യാസൻ, രചനയിൽ ഞങ്ങളെ പരിലാളിക്കുമോ, അതോ വിപണിക്കു വേണ്ടി ചവിട്ടിത്തേക്കുമോ?”

◇ 2025/10/25 ◇

“നട്ടാൽ കിളിർക്കുന്ന വല്ല അവകാശവാദവുമുണ്ടോ, പാണ്ഡവഭരണവാർഷികത്തിൽ?”, ഊഞ്ഞാലാടി വാർഷികം ആഘോഷിക്കുന്ന പാഞ്ചാലിയോട് കൊട്ടാരം ലേഖിക ചോദിച്ചു.

“കിടപ്പുരോഗികളൊഴികെ ആരും മരിക്കുന്നില്ലെന്ന് ശ്രദ്ധിച്ചില്ലേ? പരിസ്ഥിതി ചൂമതല ഭീമൻ ഏറ്റെടുത്തതോടെ, എക്കാലവും തീരാശാപമായിരുന്ന അന്തരീക്ഷപുകമഞ്ഞു നീങ്ങി തെളിഞ്ഞു, ഇളംകാറ്റ് വീശുന്നത് നാട്ടിലൊക്കെ നിങ്ങൾ അറിയാറില്ലേ? വികസനം, അർജ്ജുനൻ ഏറ്റെടുത്തതോടെ, തക്ഷശിലയിൽ നിന്നു പഠന സംഘം ഹസ്തിനപുരി നഗരവീഥി ചുറ്റിനടന്നു, ‘ഭൂമിയിലെ സ്വർഗം’ എന്ന് വിസ്മയിക്കുന്നതും കണ്ടതല്ലേ. നകുലനും സഹദേവനും ആരോഗ്യവകുപ്പ് പകുത്തെടുത്തതോടെ, സാംക്രമികരോഗബാധിതർ ഇല്ലാതായില്ലേ. കൂട്ടി വായിക്കുമ്പോൾ എന്താണ് സൂചന? പാണ്ഡവരും, സ്വർഗ്ഗസ്ഥരായ വന്ദ്യപിതാക്കളും തമ്മിൽ പാരസ്പര്യം! കാലനും വായുവും ഇന്ദ്രനും അശ്വിനി ദേവതകളും ഒരുമിച്ചു അനുമോദിക്കാൻ വന്നു.—നിങ്ങളിൽ പ്രസാദിച്ചിരിക്കുന്നു, അതിന്റെ പ്രയോജനം ജനങ്ങൾക്ക് കിട്ടിത്തുടങ്ങും. ഇതൊക്കെ അല്ലാതെ, ദേവസന്തതികളുടെ കുരുവംശത്തിൽ വേറെ എന്ത് നേട്ടപ്പട്ടിക ഉണ്ടാക്കണം പാണ്ഡവർ? ‘ഊക്കോടെ ഊഞ്ഞാൽ ആകാശത്തിലേക്കുയർന്നു’.”

“എന്റെ ഉള്ളിൽ ഗംഭീരമായ ഒരു കഥയുണ്ട് എന്ന് മദ്യപിക്കുമ്പോൾ ഞാൻ നാടകീയമായി നിങ്ങളോട് അവകാശപ്പെട്ടതുകൊണ്ട് മാത്രം ഒരു കാര്യവുമില്ല, എഴുതി തുടങ്ങുമ്പോൾ ഞാൻ, ഓരോ നിമിഷവും ഞെട്ടലോടെ, ഒരു കാഴ്ചക്കാരനെ പോലെ അറിയുകയാണ്, എനിക്കിതുയും നാൾ നന്നേ പരിചിതരായിരുന്ന ഓരോ കഥാപാത്രവും, ഇപ്പോൾ കുതറിയും ദിശമാറിയും പിടിവിട്ടു പോവുന്ന കഥ ആദ്യകരടു എഴുതിത്തീരുമ്പോൾ വിസ്മയത്തോടെ മനസ്സിലാക്കുന്നു, പുകമൂടിയ പഴയ കഥാപാത്രങ്ങളല്ല ഇവർ, അവർ തീർത്തും സ്വാതന്ത്ര്യജീവികൾ!”

“അധികാരവഴിയിൽ കൊടുങ്കാറ്റു വീശുന്നല്ലോ. ഭയമുണ്ടോ?”, കൊട്ടാരം ലേഖിക ധൃതരാഷ്ട്രരോട് ചോദിച്ചു.

“ജനിതക വൈകല്യത്താൽ ഭിന്നശേഷിക്കാരനായി വളരാൻ ആയിരിക്കണം പ്രകൃതി നിനക്ക് തന്ന വെല്ലുവിളി. എന്റെ അമ്മ അംബിക (കാശിരാജകുമാരികളിൽ അംബയെ മാത്രം നിങ്ങൾ ഓർക്കും), എന്നിൽ പ്രതിഭ കണ്ടെത്തി പ്രോത്സാഹിപ്പിച്ചു. കാഴ്ചസൂക്ഷ്മത ആവശ്യപ്പെടുന്ന അസ്ത്രവിദ്യയെക്കാൾ അന്ധന് ചേരുക കൈപ്പത്തി ആയുധമാക്കുന്ന നൈപുണ്യമാണെന്നവൾ ഓർമ്മിപ്പിക്കും. അഞ്ചുവിരലുള്ള സാധാരണ കൈപ്പത്തി ദൃഢതയോടെ ചുരുട്ടുമ്പോൾ കാണാം, കാരിരുമ്പിന്റെ കരുത്തുള്ള മാരകായുധം! ജ്വാലാമുഖീ ക്ഷേത്രത്തിലേക്കു പോവുന്ന അംബികക്കു നേരെ ചീറിയടുത്ത ആനയെ ഞാൻ തളച്ച കഥ സൂതന്മാർ പാടാൻ തുടങ്ങി. ക്രമം തെറ്റാതെ കയറി മസ്തകത്തിൽ മുഷ്ടി കൊണ്ടടിച്ചപ്പോൾ, “അംബികക്കു മുമ്പിൽ നമസ്കരിക്കുന്ന പോലെ ആന ഇരുന്നു” എന്നു ഭീഷ്മർ ആധികാരികതയോടെ പറഞ്ഞുവച്ചതു എന്റെ പ്രതിച്ഛായക്കു തുണയായി. അംബികത്തമ്പുരാട്ടിയെ ആക്രമിക്കാൻ വന്ന മദയാന പിന്നെ എഴുന്നേറ്റില്ല എന്നറിഞ്ഞപ്പോൾ മൂഗസ്നേഹിയായ എന്റെ ഹൃദയം നൊന്തു. കുരുക്ഷേത്രയിൽ ഇന്നെന്നെ ആക്രമിക്കാൻ തയ്യാറായി വരുന്നതു ‘ഇരുമ്പുപ്രതിമ’ കൗന്തേയൻ! ഞാൻ അവനു നേരെ ‘ചാടിക്കയറേണ്ട’ കാര്യമില്ല, കൈമുഷ്ടി വേണ്ട, കൈപ്പത്തി നിവർത്തി ആഞ്ഞടിച്ചാൽ തകരും ഭീമന്റെ ദന്തനിര! അതോടെ തീരും കുരുക്ഷേത്രയുദ്ധം ജയിച്ചെന്ന പാണ്ഡവ കുപ്രചാരണം!”

“തീറ്റയിൽ വിഷം കൊടുത്തും, നീരൊഴുക്കിൽ മുക്കിത്താഴ്ത്തിയും രാപ്പകൽ പോരടിച്ച രണ്ടു വംശീയ കൂട്ടരുടെ ‘ഗ്രരു’വായ നിങ്ങൾ ആ കാലത്തോടിയതു ‘സമദൂര’ത്തിലായിരുന്നു. കുരുക്ഷേത്രയിൽ എത്തിയപ്പോൾ കൗരവർക്കൊപ്പം പാണ്ഡവർക്കെതിരെ നയിക്കുന്ന കൗരവ പട. പോറലേൽക്കാതെ ഹസ്തിനപുരിയിൽ തിരിച്ചു വന്നപ്പോൾ കിരീടാവകാശിയുടെ ഗ്രരു പദവി. ശരികേടൊന്നും തോന്നിയില്ലേ?”, കൊട്ടാരം ലേഖിക കൃപാചാര്യനോട് ചോദിച്ചു.

“കൗരവരോടെന്നു നന്ദി കാണിച്ചതിൽ എന്താണ് ശരികേട്? ജാതിയെന്തെന്നു ബാലകർണ്ണനെ പണ്ട് പരസ്യമായി വെല്ലുവിളിച്ച ഞാൻ, പക്ഷേ, പോരാട്ട വേദിയിൽ കർണ്ണമേധാവിത്വം അംഗീകരിച്ചില്ല? ഹസ്തിനപുരിയിൽ എത്തിയ പാണ്ഡവർക്ക് ധൃതരാഷ്ട്രരിൽ നിന്ന് ചെങ്കോൽ കിട്ടാൻ ഇടപെട്ട എന്നെ, അഭിമന്യുപുത്രന് ആദ്യാക്ഷരം പഠിപ്പിക്കാൻ നിയോഗിച്ചതിൽ എന്തു ‘കേടാ’ണ് കാണേണ്ടതു? ശത്രുവിനോടും മിത്രത്തോടും ‘സമദൂര’ മകന്നു നിന്നഞാൻ, ആപൽ ഘട്ടത്തിൽ ‘ശരിദൂര’ത്തിൽ ചലിച്ചപ്പോൾ എന്തിനാണ് അരിശം കൊള്ളുന്നതു? കൗരവർ ഭരിക്കുമ്പോൾ അവരോടു ശരിയും, പാണ്ഡവർ സിംഹാസനത്തിൽ ഇരുന്നപ്പോൾ അവരോടു് ശരിയും കാണിക്കുന്ന ‘ഹസ്തിനപുരി പത്രിക’യുടെ ‘ശരിദൂര’ സ്വാധീനം ചുവരെഴുത്തു പത്രം വായിക്കുന്ന ഈ വൃദ്ധ ബ്രാഹ്മണനും ഉണ്ടായിക്കുടെ?”

◇ 2025/10/26 ◇

“മിനിഞ്ഞാന്ന രാവിലെ പതിവുപോലെ മാലിന്യസംഭരണത്തിന് ഞാൻ വന്നപ്പോൾ, തൊഴുത്തിൽ മൂന്ന പശുക്കളും ഒരു കാളക്കുട്ടനും ഉണ്ടായിരുന്ന. ഇന്ന് ചാണകം നീക്കാൻ അതിനകത്ത് കയറിയപ്പോൾ, കാളക്കുട്ടനെ കാണാനില്ല”, നിത്യപരിചയത്തിന്റെ സൌഹൃദ ഭാവത്തിൽ പാഞ്ചാലി വല്ലായ്മയോടെ സന്യസ്ഥാശ്രമ അന്തേവാസിയോടു കാര്യം പറഞ്ഞു. പാണ്ഡവരുടെ വനവാസക്കാലം. കഠിനതടവിന്റെ വ്യാഴവട്ടക്കാലം. പാഞ്ചാലിയുടെ പീഡനകാലം.

“ഓർക്കുന്ന, അക്ഷയപാത്രത്തിലെ സ്ഥിരം ഭക്ഷണലഭ്യതയിൽ പോഷകാഹാരക്കുറവു പ്രകടമായി കണ്ടെത്തിയതു് കൊണ്ടു് നിങ്ങളുടെ അഞ്ചോളം ഭർത്താക്കന്മാർ മിനിഞ്ഞാന്ന രാത്രി ഇവിടെ വന്ന വിലപിച്ചു് അനുമതി വാങ്ങി കാളക്കുട്ടനെ കയറഴിച്ചു കൊണ്ടുപോയി. തോലും കൊമ്പും കുറെ എല്ലും അതാ ആ മൂലയിൽ കൂട്ടിയിട്ടുണ്ടു്. ജൈവമാലിന്യം കൊണ്ടുപോവുമ്പോൾ അതും നീ കുഴിച്ചുമൂടു, കൗരവചാരന്മാർ വരുമ്പോൾ കാണണ്ട.” അന്തേവാസി പ്രഭാതപൂജക്ക് തയ്യാറായി.

“വസ്ത്രാക്ഷേപത്തിലൂടെ അപമാനിക്കപ്പെട്ടപ്പോൾ ആത്മഹത്യ, അതും മനം നൊന്തു നിങ്ങൾ ആലോചിച്ചുവോ?” കൊട്ടാരം ലേഖിക ചോദിച്ചു.

“ആദ്യരാത്രി മുതൽ അഞ്ചു ആണുങ്ങൾ സ്വൈരം തരാതെ പീഡിപ്പിക്കുമ്പോൾ അല്ലെ ഉടൽ നൊന്തു നരഹത്യ പോലും ആലോചിക്കേണ്ടതു?”

“പാടുപെട്ടു സംഭരിച്ച മാരകായുധങ്ങൾ പരീക്ഷിച്ചു പരിശീലന കളരിയിൽ തിരക്കായിരിക്കേണ്ട പാണ്ഡവർ പരസ്പരം പുറം തിരിഞ്ഞിരിക്കുന്നുവോ യുദ്ധമേഘങ്ങൾ നിറഞ്ഞ ഈ ദിവസം?”, കൊട്ടാരം ലേഖിക ചോദിച്ചു.

“അവരിലൊരാൾ നാളെ പുലർച്ചയോടെ കൗരവപക്ഷത്തേക്ക് കൂറുമാറുമെന്ന കുതിരപ്പന്തിയിൽ വാർത്ത കേട്ട മുതൽ അഞ്ചുപേരും പരസ്പരം സംശയിക്കയാണ്”, അക്ഷയപാത്രം ഇല്ലാത്ത ഉപപ്ലവ്യ ഊട്ടുപുരയിൽ പാഞ്ചാലി പണിയെടുത്തു അവശയായിരുന്ന.

“മിനിഞ്ഞാന്ന രാവിലെ പതിവുപോലെ മാലിന്യ സംഭരണത്തിന് ഞാൻ വന്നപ്പോൾ, തൊഴുത്തിൽ മൂന്ന പശുക്കളും ഒരു കാളക്കുട്ടനും ഉണ്ടായിരുന്ന. ഇന്ന് ചാണകം നീക്കാൻ കയറിയപ്പോൾ, കാളക്കുട്ടനെ കാണാനില്ല”, നിത്യപരിചയത്തിന്റെ അയഞ്ഞ ഭാവത്തിൽ പാഞ്ചാലി സന്യസ്ഥാശ്രമ അന്തേവാസിയോടു കാര്യം പറഞ്ഞു. വനവാസക്കാലം. പാഞ്ചാലിയുടെ പീഡനകാലം.

“ഓർക്കുന്ന, അക്ഷയപാത്രത്തിലെ സ്ഥിരം ഭക്ഷണലഭ്യതയിൽ പോഷകാഹാരക്കുറവു കണ്ടെത്തിയ നിങ്ങളുടെ ഭർത്താക്കന്മാർ മിനിഞ്ഞാന്ന രാത്രി വന്ന വിലപിച്ചു് അനുമതി വാങ്ങി കാളക്കുട്ടനെ കയറഴിച്ചു കൊണ്ടുപോയി. തോലും കൊമ്പും എല്ലും, അതാ ആ മൂലയിൽ. മാലിന്യം കൊണ്ടു പോവുമ്പോൾ അതും നീ കുഴിച്ചുമൂടു, കൗരവചാരന്മാർ വരുമ്പോൾ കാണണ്ട.” അന്തേവാസി പ്രഭാതപൂജക്ക് തയ്യാറായി.

◇ 2025/10/27 ◇

“രാജമുദ്രയുള്ള തെമ്മാടിക്കുട്ടത്തെ ഗാന്ധാരി വഴിവിട്ട് സംരക്ഷിക്കുന്നു! ഞങ്ങളുടെ മുഖപ്രസംഗം ശ്രദ്ധയിൽ പെട്ടുവോ?”, യുദ്ധകാര്യ ലേഖകൻ വക്താവിനോട് ചോദിച്ചു.

“ആണുങ്ങൾക്ക് മാത്രം പ്രവേശനം ഉള്ള ചൂതാട്ടസഭയിൽ ഇടിച്ചുകയറി, അഭിജാത കൗരവ പുരുഷ സാന്നിധ്യത്തെ പ്രലോഭിപ്പിച്ച ലൈംഗിക ആരോപണം നേരിട്ട ‘അല്പവസ്ത്ര ദ്രൗപദി’യെ കുറിച്ചാണോ സംസാരിക്കുന്നത്? പെരുമാറ്റദൂഷ്യത്താൽ പൗരാവകാശം നഷ്ടപ്പെട്ട വനവാസത്തിനുപോയ അവളും, ഭർത്താക്കന്മാരും നിലവിൽ അടിമകളായതു കൊണ്ട് ഹസ്തിനപുരി നീതിന്യായ പരിധിയിൽ വരുന്നവരല്ല. നിങ്ങളുടെ മാധ്യമസ്ഥാപനത്തിൽ ‘സ്വഭാവദൂഷ്യ’മുള്ള ആൺപത്രപ്രവർത്തകർ ഉണ്ടെങ്കിൽ, പരാതി അയക്കൂ. പരിശോധിക്കാം. സുരക്ഷിത തൊഴിലിടം കൊട്ടാരം ലേഖികക്ക് ആണധികാരികൾ നിഷേധിക്കുന്നത് കൊണ്ടല്ലേ ആ പാവം, പകൽ മുഴുവൻ അരമന സമുച്ചയത്തിൽ തിണ്ണനിരങ്ങി കൗരവ രാജസ്ത്രീകളെകുറിച്ച് അപവാദങ്ങൾ നിത്യവും, നഗരവീഥിയിലെ ആൾത്തിരക്കിനെ സന്തുഷ്ടരാക്കാൻ ചുവരെഴുത്ത പത്രത്തിൽ എഴുതിവക്കുന്നത്?”

“ഈ കുട്ടികൾ, ഓരോന്നും നിങ്ങളുടെ മാത്രം പിതൃത്വം വഹിക്കുന്നവർ തന്നെ?”, കൊട്ടാരം ലേഖിക ചോദിച്ചു.

“എന്താ സംശയം? അഞ്ചു പാണ്ഡവ കുട്ടികളും സ്വന്തം ആയത് കൊണ്ടല്ലേ അവർ നാളെ ഹസ്തിനപുരിയുടെ രാജാവകാശികൾ ആവുക? കുന്തിയും മാദ്രിയും പൂർണ്ണ വിശ്വസ്തർ. ഞാൻ ഷണ്ഡൻ എന്നവർ കോപത്തിൽ പറഞ്ഞാൽ, ആരും വിശ്വസിക്കരുത്, ദൈവദത്ത കുരുവംശ പിന്തുടർച്ചയെ പ്രതികൂലമായി ബാധിക്കാവുന്ന ഒന്നും നിങ്ങളുടെ ചുവരെഴുത്ത് പത്രത്തിലും വരരുത്. മുഖ്യപത്രാധിപരെ എന്റെ അഭിവാദ്യങ്ങൾ അറിയിക്കൂ” കാട്ടുകടിലിൽ വെറും നിലത്ത് പായ വിരിച്ച് മുൻ രാജാവ് നിണ്ട നിവർന്നു കിടന്നു.

“രാജമുദ്രയുള്ള സമ്മാനപ്പെട്ടികൾ? ഇതെന്താ തീയിടാൻ ശ്രമിക്കുന്നത്?”, പാഞ്ചാലി രോഷം നിയന്ത്രിച്ച ഭീമനോട് തട്ടിക്കയറി.

“ഇന്ദ്രപ്രസ്ഥം ചക്രവർത്തിനിയുടെ ജന്മദിനത്തിനു കൌരവർ കൊടുത്തയച്ച നൂറു സമ്മാനപ്പെട്ടികൾ യുധിഷ്ഠിരൻ കാണാമറയത്തു ഒളിപ്പിച്ചിരുന്നു. ‘അതൊന്നും ആരും തുറക്കരുത്, അതിനകത്ത് വിഷജീവികളെ കൌരവർ വച്ചിട്ടുണ്ട്’ എന്ന് ഞാൻ താക്കീത് കൊടുത്തപ്പോൾ, ‘എന്നാൽ നീയത പാഞ്ചാലി കാണും മുന്പ് തന്നെ വാരിക്കൂട്ടി തീയിട്ടേ’ എന്ന് യുധിഷ്ഠിരൻ കല്പിച്ചു! അധാർമ്മികമെങ്കിലും ധർമ്മപുത്രരുടെ ഹിതം നോക്കിയല്ലേ പറ്റൂ.”

“ആയുധങ്ങൾ മൂർച്ചകൂട്ടേണ്ട പാണ്ഡവർ പുറം തിരിഞ്ഞിരിക്കുന്നല്ലോ കുരുക്ഷേത്രയിൽ?”, കൊട്ടാരം ലേഖിക ചോദിച്ചു.

“അഞ്ചുപേരിലൊരാൾ ഇന്നർദ്ധരാത്രിയോടെ കൗരവപക്ഷത്തേക്ക് കൂറുമാറുമെന്നു വാർത്ത കേട്ട മുതൽ ഒളികണ്ണിട്ട ആരായിരിക്കാം എന്നവർ പരസ്പരം സംശയിക്കയാണ്!”

“എപ്പോഴാണ് പിതാമഹനുമായി പാണ്ഡവരുടെ കാര്യത്തിൽ ധാരണ എത്താതെ, പിന്നീട് മിണ്ടാട്ടം പൂർണ്ണമായും നിർത്തിയത്?”, കൊട്ടാരം ലേഖിക ദുര്യോധനനോട് ചോദിച്ചു. പാണ്ഡവവിരുദ്ധ കൗരവ നീക്കത്തെ മുന്നോട്ടെടുക്കാനാവാതെ തടസ്സപ്പെടുത്തിയത് ഭീഷ്മർ എന്ന സംശയം ബലപ്പെട്ട സംഘർഷ ദിനങ്ങൾ.

“മലയോര മേഖലയിലെ മനോഹര വാരണാവതം കൊട്ടാരത്തിലേക്ക് പാണ്ഡവരെ പറഞ്ഞു വിട്ടപ്പോൾ തുടങ്ങി അവിശ്വാസം. മഹാറാണികൾക്കു മാത്രം സൗകര്യപ്പെടുത്തിയ മലയോര സുഖവാസത്തിനു അങ്ങനെ പാണ്ഡവ അഭയാർത്ഥികൾ പോയപ്പോൾ, എന്തൊക്കെ നാശോന്മുഖമായി അവിടെ സംഭവിക്കാമോ, അതെല്ലാം സംഭവിച്ചു. അരക്കില്ലം എന്ന ദുരൂഹമായ പുനർനാമകരണം, കുന്തിയുടെ മേൽനോട്ടത്തിൽ കൊട്ടാരത്തിന്റെ, വീട്ടിയിലും തേക്കിലും പണിത ഉരുപ്പടികൾക്കുള്ളിൽ അരക്കും മെഴുകും ചേർത്ത് വക്കുന്നത്, അരമന രഹസ്യ ഭൂഗർഭ ഇടനാഴിയുടെ നിർമ്മിതി, ഈ വിധംമുന്പ് ചിന്തിക്കാനാവാത്ത ഞെട്ടിപ്പിക്കുന്ന കാര്യങ്ങൾ അവരവിടെ ചെയ്തുന്ന എന്ന ചാരവിവരം ഭീഷ്മരുടെ ശ്രദ്ധയിൽ ഞാൻ എത്തിച്ചപ്പോൾ, പദ്ധതിയനുസരിച്ചു കാര്യങ്ങൾ പോകുന്നല്ലേ എന്ന തൃപ്തി ആ മുഖത്ത് നിറയും. അരക്കില്ലം കത്തി ആറു പേരും കരിക്കട്ടയായി എന്ന വിവരം കിട്ടിയ ഉടൻ ഞാൻ അവിടേക്കു കുതിച്ചു. തിരിച്ചറിയാനാവാത്ത വിധം കരിഞ്ഞു പോയിട്ടും, കുന്തിയും മക്കളുമാണെന്നു എനിക്ക് അംഗീകരിക്കാൻ ആയില്ല. ഭീഷ്മർ അപ്പോഴും സമനിലതെറ്റാതെ കാണപ്പെട്ടപ്പോൾ എന്റെ സംശയം ബലപ്പെട്ടു. പിന്നെ എനിക്ക് കാണേണ്ടി വന്നതു ദ്രൗപദി സ്വയംവരത്തിൽ വേഷപ്പകർച്ചയിലൂടെ കബളിപ്പിക്കാൻ ശ്രമിക്കുന്ന പാണ്ഡവരെ! അരക്കില്ലം കത്തിച്ച നാശം വരുത്തിയ തെമ്മാടിപാണ്ഡവർ പിടികിട്ടാപ്പുള്ളികൾ എന്നു പ്രഖ്യാപിക്കാൻ ഞാൻ ധൃതരാഷ്ട്രരെ പ്രേരിപ്പിച്ചു. നിർദേശം ഭീഷ്മർ വഴി മാത്രമേ പരിഗണിക്കൂ എന്നയാൾ പറഞ്ഞതോടെ എനിക്ക് ബോധ്യമായി, ഭരണം നിർവ്വഹിക്കാൻ, ഇവിടെ ഉണ്ടെങ്കിൽ, പിന്നിൽ ഇരുന്നും ഭീഷ്മർ കാര്യം നടത്തും. അത് വേരോടെ പിഴുതു മാറ്റുംവരെ എനിക്ക് വിശ്രമമില്ല.”

“ഈ വഴി വരുന്നത് ആദ്യമായാണോ?”, അന്യദേശക്കാരനെന്നു വ്യക്തമായും തോന്നിയ യുവസൈനികനോട് കൊട്ടാരം ലേഖിക ആംഗ്യചലനങ്ങളോടെ ആഹ്ലാദഭാവത്തിൽ ചോദിച്ചു.

“പാളയത്തിലും പോർക്കളത്തിലും നിങ്ങളുടെ പദവിക്കനുസൃതമായ തോതിൽ സൗകര്യങ്ങളൊക്കെ കിട്ടുന്നുണ്ടോ?”

“നിങ്ങളുടെ പ്രിയരാജകുമാരൻ ദുര്യോധനന്റെ സംഘാടക മികവ് പോർക്കളത്തിൽ നേരിട്ട് കണ്ടപ്പോൾ ‘ഞെട്ടിത്തെറിച്ച്’. ഏതിനം പോരാട്ടവേദിയിൽ പോയാലും, മാരകായുധങ്ങൾ, അമ്പ്, കുന്തം, വാൾ, ഗദ കാര്യക്ഷമമായ ശത്രുസംഹാരത്തിനവിടെ ക്രമീകരണം കാണും. അതുകൊണ്ട് വധോദ്യമം ഊക്കിൽ ഞങ്ങൾ ഉള്ളനേരമൊക്കെ പ്രയോഗിക്കും. കിടക്കാൻ വൃത്തിയുള്ള പായ, ഉണ്ണാൻ കാളഇറച്ചി പൊരിച്ചത്, നീന്താൻ ശ്രദ്ധജലകേളികടവുകൾ, രാത്രി ഉടുതുണിയാൽ കണ്ണ് രണ്ടും ഞങ്ങൾ കെട്ടുമ്പോൾ, ആസ്വാദന രതി. തുറന്നു പറയട്ടെ, സൈന്യത്തിൽ ചേർന്ന ശേഷം ഇപ്പോഴാണ് കാലനു കട പിടിക്കുന്ന പണി ശരിക്കും ആർമാദിക്കലാണെന്ന അന്തഃരംഗം പറയുന്നത്. ധൃതിയുണ്ട് ഇന്ന് കൊയ്ത തലകളുടെ കണക്കു ബോധിപ്പിച്ച വേണം, നെഞ്ചിൽ പറ്റിപ്പിടിച്ച ശത്രുചോര, മനംനിറയെ നീന്തി തേച്ചുമാച്ചുകളയാൻ, ആസ്വാദനരതിചെയ്യാൻ വരുന്നവൾക്കെന്തോ, ചോരപ്പാടുകണ്ടാൽ ഒരു വിറങ്ങലിപ്പ്!”

“സദസ്സ് ശ്രുഷ്കമെന്നു തോന്നിയപ്പോൾ, പ്രഭാഷണ വേദിയിൽ കയറാൻ പ്രതിരോധ വകുപ്പ മേധാവി തയാറായില്ല? കണ്ണുരുട്ടിയും യാചിച്ചും കൗരവ രാജവിധവകളെ സദസ്സിൽ എത്തിച്ച ശേഷമേ ഭീമൻ ചടങ്ങു തുടങ്ങിയുള്ളൂ എന്നൊക്കെ കേട്ടത് ശരിയെങ്കിൽ എങ്ങനെ വായിച്ചെടുക്കണം?”, കൊട്ടാരം ലേഖിക ചാര വകുപ്പുമേധാവി നകുലനോട് ചോദിച്ചു.

“ദുര്യോധന ജീവത്യാഗത്തിന്റെ വികാരനിർഭര അനുസ്മരണമായിരുന്നല്ലോ. പാഞ്ചാലി അധ്യക്ഷ എന്ന് കേട്ട ധാരാളം പേരെത്തി. ഭീമനാണ് മുഖ്യ പ്രഭാഷകൻ എന്നറിഞ്ഞപ്പോൾ കുരുക്ഷേത്രവിധവകൾ പാത്തും പതുങ്ങിയും ഇറങ്ങിപ്പോയി. സൗജന്യധാന്യം വാശാനം ചെയ്താണ് അമ്പതോളം രാജവിധവകളെ കൊണ്ടു വന്നത്. കൗരവരെ ഒന്നൊന്നായി കൊന്ന കൊലവിളിച്ച പോരാട്ട സ്മരണകൾ ഗദ ഉയർത്തി നാടൻ ചേരുവകളോടെ വർണ്ണിച്ചപ്പോൾ, യുദ്ധവിധവകൾ ബോധം കെട്ടു എന്നുപറയുന്നുണ്ട് ചിലർ. അതൊന്നും ശ്രദ്ധിക്കാതെ ഭീമൻ കത്തിക്കയറി, പാഞ്ചാലി ഇറങ്ങിപ്പോയി, യുദ്ധ സ്മരണയിൽ പരിസര ബോധം നഷ്ടപ്പെട്ട ഭീമന് ശ്രോതാവായി ഇതാ ഈ മാദ്രിപുത്രനും!” യുധിഷ്ഠിര ഭരണകൂടത്തിന്റെ ഭാഗമല്ല ഭീമൻ എന്ന അപായകരമായ ധ്വനിയായിരുന്ന നകുല പ്രതികരണത്തിന്റെ കാതൽ.

◇ 2025/10/28 ◇

“അക്ഷയപാത്ര ഭക്ഷണ ലഭ്യതയിൽ കാണുന്ന കാലിക പ്രതിഭാസം മാത്രമാണോ ഇന്നത്തെ ഹൃദയഭേദകമായ ഒഴിഞ്ഞ പാത്രം? ഒന്നു വിശദീകരിക്കാമോ?” വയർ വിശന്നു കാളുന്നു, ഭീമന്റെ വനരോദനം.

“പ്രിയപ്പെട്ടവൻ കൊല്ലപ്പെട്ട രീതിയിൽ പരാതിയുണ്ടോ ഇപ്പോഴും?”, ദുഃഖമാചരിക്കുന്ന ദുര്യോധനവിധവയോടു കൊട്ടാരം ലേഖിക ചോദിച്ചു.

“ഭീമൻ ദുര്യോധനവധം പാടിനടന്ന രീതിയിൽ രോഷമുണ്ട്. ധീര യുദ്ധനായകൻ ഭീമഗദാപ്രഹരത്തിൽ നടുവൊടിഞ്ഞു വീണു എന്ന അവകാശവാദം അതിശയോക്തി കലർന്നതായി. ചതുപ്പുനിലത്തു പുതഞ്ഞു വീണു ഉടൽ ചലിക്കാനാവാതെ, ദുര്യോധനൻ പാഞ്ചാലിയുടെ സാന്നിധ്യത്തിൽ നിലവിളിച്ചു എന്ന വെളിപ്പെടുത്തലിനുമുണ്ട് അധാർമ്മികലക്ഷ്യം. വിഷവസ്തു സൈനികവസ്തുത്തിൽ കരുതി മാത്രമേ ദുര്യോധനൻ സമാധാന കാലത്തു പോലും വീടു വിട്ടു പുറത്തേക്കിറങ്ങാറുള്ളു. വിട്ടുവീഴ്ചയില്ലാത്ത ആത്മാഭിമാനത്തോടെ വേണം മരണവുമെന്ന നിശ്ചയദാർഢ്യത്തോടെ സാഹസികജീവിതത്തെ ഭീരുമരണമായി പൊതുയോഗങ്ങളിൽ ഭീമൻ ആടിപ്പാടി ആസ്വദിക്കുന്നു എന്നതാണ് കുരുക്ഷേത്ര വിധവകളുടെ യാതന!”

◇ 2025/10/29 ◇

“സായാഹ്നവിരുന്നിൽ ലിംഗനീതിയെ കുറിച്ച് നിങ്ങൾ സംസാരിക്കുന്നത് ഇന്നലെ കേട്ടു. ലിംഗനീതി നിർവഹണത്തിൽ, സ്വന്തം കാര്യം എങ്ങനെ? പാണ്ഡവർ അഞ്ചുപേരും ‘ദേഹി ദേഹം വിട്ടും വരെ’ നിങ്ങൾ നഖം കടിച്ചു കാത്തിരിക്കേണ്ടേ, സ്വയം മഹാറാണിയാവാൻ? അതോ, കിരീടാവകാശി പരീക്ഷിത്തിന്റെ പിന്നിൽ വേണോ ഒതുങ്ങിയും പതുങ്ങിയും നിൽക്കാൻ?”, കൊട്ടാരം ലേഖിക പാഞ്ചാലിയോട് ചോദിച്ചു. പാണ്ഡവർ രാജഭരണസേവനം നാടിനു പുനർസമർപ്പിച്ച ദിവസം.

“വാർധക്യസഹജമായ വല്ലായ്മയില്ലാത്തവർ വാനപ്രസ്ഥത്തിന് പോയ കീഴ്വഴക്കം ഇല്ലേ? പാണ്ഡു എങ്ങനെയാണ് സിംഹാസനം ഉപേക്ഷിച്ചു വനത്തിൽ പോയതു? കിരീടാവകാശി ദേവവ്രതന് ചെങ്കോൽ കൊടുക്കാൻ മഹാരാജാവ് ശന്തനുവിന് സാധിച്ചോ? അധികാരം ഏറ്റെടുക്കാൻ തക്ക അവസരം വരുമ്പോൾ, രാജപാരമ്പര്യത്തിന് വഴങ്ങിക്കൊടുക്കാതെ, പുത്രസാധ്യത പരിശോധിച്ച് മുന്നോട്ടു പോയ മീൻകാരി സത്യവതിയാണ്, പ്രതിജ്ഞ പാലിച്ച ഭീഷ്മരല്ല, ആധുനിക രാജ്യതന്ത്രത്തിന്റെ ഉദാത്ത മാതൃക എന്നേ തക്ഷശില വിദ്യാർത്ഥികളോട് ഞാൻ സാന്ദർഭികമായി പറഞ്ഞുള്ളൂ. പാണ്ഡവർക്കിടയിൽ കിരീടത്തിനായി വടംവലിയുള്ളപ്പോൾ, പാഞ്ചാലി അധികാര മോഹി എന്ന നിങ്ങളുടെ പ്രതീതിനിർമിതി വേണ്ട!”

“പാഞ്ചാലിയെന്ന ഉപചാരപൂർവ്വം പരാമർശിക്കേണ്ട നിങ്ങൾ, ‘മുത്തശ്ശി’ പദം ഉപയോഗിച്ച പരസ്യമായി അപമാനിച്ച പരാതിയുമായി പുകയുകയാണല്ലോ പാണ്ഡവഹൃദയങ്ങൾ. കുരുവംശകൊട്ടാരത്തിൽ വളർന്ന നിങ്ങൾ ഇത്ര വല്ലതായിട്ടും, കറ തീർന്ന കലീന പെരുമാറ്റക്രമം കൃപാചാര്യനിൽ നിന്ന് പഠിച്ചില്ലേ?”, അഭിമന്യുവിന്റെ ഏക മകൻ പരീക്ഷിത്തിനോട് കൊട്ടാരം ലേഖിക ചോദിച്ചു.

“പകരം, കൊച്ചുനുജത്തി എന്ന് വിളിക്കാനാവുമോ, എന്റെ അച്ഛന്റെ അച്ഛൻ അർജ്ജുനന്റെ ഔദ്യോഗിക ഭാര്യയെ? കാലമൊക്കെ കുതിച്ചു മുന്നേറിയില്ലേ. ഞാനിപ്പോൾ കൃപാചാര്യന്റെ ശിഷ്യനൊന്നുമല്ല, വയസ്സ് മുപ്പത്തിയഞ്ചു കഴിഞ്ഞില്ലേ. അന്നന്നത്തെ അപ്പത്തിനുള്ള നെട്ടോട്ടത്തിൽ കൊല്ലങ്ങൾ പറക്കുന്നത് ശ്രദ്ധയിൽ പെട്ടില്ല അല്ലെ? എന്നാൽ മുത്തശ്ശി എന്ന നാടൻ പരാമർശമൊന്നുമല്ല പാണ്ഡവപരിഭവത്തിന പിന്നിൽ. പ്രായക്കൂടുതൽ കാരണം സുഖചികിത്സക്ക് മലഞ്ചെരുവിൽ പോവേണ്ടി വരുന്ന യുധിഷ്ഠിരനെ, അധികാരത്തിൽ നിന്ന് വലിച്ചു താഴെയിടാൻ മറ്റു പാണ്ഡവരുടെ രഹസ്യസഹായം തേടുകയാണ് പാഞ്ചാലി. കിരീടാവകാശം ഞാൻ സ്ഥാനത്യാഗം ചെയ്താൽ, പാഞ്ചാലീപട്ടാഭിഷേകം എളുപ്പത്തിലാവും. രാജസ്നേഹിയായ എന്റെ അമ്മ വിരാടരാജകുമാരി ഉത്തര, പക്ഷേ, ഈ കടിലനിക്കം യുധിഷ്ഠിരനെ അറിയിച്ചപ്പോൾ, പാഞ്ചാലിയെ തൽക്ഷണം വീട്ടുതടങ്കലിൽ ആക്കി എന്നതാണ് ആശ്വാസം. ചുരം കാവൽക്കാരാക്കി പാണ്ഡവരെ അയക്കാനും പദ്ധതിയുണ്ട്. അതോടെ കൗന്തേയ ഹൃദയങ്ങളുടെ പുകച്ചിൽ മാറും, ഞാൻ അധികാരത്തിലും വരും!”

“കാഴ്ചപരിമിതിയുള്ള നിങ്ങൾക്കെതിരെ ലൈംഗിക ആരോപണം! രാജകുമാരികളിൽ നിന്നും ‘നിർമ്മിച്ചെ’ടുത്തുവോ പരാതി?”, അരനൂറ്റാണ്ടു കാലം ഹസ്തിനപുരിയെ നയിച്ച് വാർധക്യത്തിൽ കാട്ടിലേക്ക് അന്തിമയാത്രക്കൊരുങ്ങുന്ന മുൻമഹാരാജാവിനോട് കൊട്ടാരം ലേഖിക ചോദിച്ചു.

“അന്ധനെന്ന നിലയിൽ അർഹതയില്ലാത്ത ആനുകൂല്യമൊന്നും ധർമ്മപുത്രരുടെ ഭരണകൂടത്തിൽ പ്രതീക്ഷിക്കുന്നില്ല. വയോജന സൗഹൃദമായിരിക്കട്ടെ പാണ്ഡവന്വേഷണം എന്നും പറയുന്നില്ല. പരമാധികാരം കാത്തുസൂക്ഷിക്കാൻ നൂറു മക്കളെ ബലികൊടുത്ത അച്ഛൻ എന്ന് യുദ്ധമേനിയും പറയുന്നില്ല. ജന്മദിനത്തിൽ ഗാന്ധാരിയുടെ സ്നേഹവിരുന്നിൽ ഓടിച്ചാടി കുറെ കുട്ടികൾ കൂട്ടം കൂടിച്ചുറ്റും നൃത്തം ചെയ്ത മധുരം നുള്ളിത്തരുമ്പോൾ, അരുതാത്തയിടങ്ങളിൽ എന്റെ വിരലുകൾ സ്പർശിച്ചെങ്കിൽ മനഃപൂർവ്വമായിരുന്നില്ല. വാനപ്രസ്ഥത്തിൽ പോവുന്ന ഞാൻ വായനക്കാർക്കുറപ്പു തരുന്നു–പാണ്ഡവഭരണകൂടത്തിലെ കുബുദ്ധികൾ കെട്ടിച്ചമച്ച ആരോപണം സത്യമെങ്കിൽ, അഭിശപ്തവ്യാസപുത്രൻ കരിക്കട്ടയാവട്ടെ!”, ഗാന്ധാരി, കുന്തി, വിദുരർ എന്നിവർക്കൊപ്പം പടിയിറങ്ങുമ്പോൾ, മട്ടുപ്പാവിൽ ഒരാൾ, നാലു വൃദ്ധരുടെയും യാത്ര കരുതലോടെ നിരീക്ഷിച്ചു. വയസ്സായവരിൽ നിന്നും കൊട്ടാരം ഒഴിഞ്ഞു കിട്ടി എന്നമാത്രമല്ല, ശവമടക്കിനു വരാവുന്ന പണച്ചെലവും സമയനഷ്ടവും ഒഴിവാക്കിക്കിട്ടിയതിൽ സന്തുഷ്ടനായിരുന്ന മാദ്രിപുത്രൻ!

“പോരാട്ടം പത്താം ദിവസമായിട്ടും, ഭീഷ്മർ മരിച്ചിട്ടില്ല. ദ്രോണർ, കർണൻ, ശല്യൻ, അശ്വത്ഥാമാവ് സേനാധിപനാവാൻ ഇപ്പോഴേ അവർ ഒറ്റക്കാലിൽ നിൽപ്പുണ്ട്. ഇങ്ങനെ പോയാൽ, അനന്തമായി യുദ്ധം നീണ്ടുപോവില്ലേ?” കൊട്ടാരം ലേഖിക യുദ്ധനിർവ്വഹണ ചുമതലയുള്ള പ്രവിശ്യാ ഭരണാധികാരിയോട് ചോദിച്ചു. കുരുക്ഷേത്രയിൽ ഉയർത്തിക്കെട്ടിയ നിരീക്ഷണ ഗോപുരത്തിലായിരുന്നു അവർ.

“ഇനി ഒരു വഴിയേ ഉള്ളു. പകൽമാത്രം പോരാട്ട സമയക്രമം മാറ്റി, രാവും പകലുമാക്കുക. നിലാവുള്ള ദിവസങ്ങളാണ് വരുന്നത്. വെളുക്കുവോളം പോരാടുക എന്ന സാധ്യത പരിഗണിക്കുന്നു. യുദ്ധത്തിൽ നിങ്ങൾ തൊഴിൽപരമായി എടുത്ത രാജ്യതാല്പര്യത്തെ മാനിച്ചു കൊണ്ട് പറയട്ടെ, യുദ്ധം കഴിഞ്ഞു എന്ന് ഞങ്ങൾ ഈ ഗോപുരത്തിൽ നിന്ന് ഉറക്കെ വിളിച്ചു പറയുമ്പോൾ തലയാട്ടാനോ കൂവുക്കാനോ ഇളക്കാനോ ആരും ജീവനോടെ ഇവിടെ ഉണ്ടാവില്ല.”

“രക്തച്ചൊരിച്ചിലിനുശേഷം തരപ്പെട്ട സിംഹാസനത്തിൽ അമർന്നിരിക്കുമ്പോൾ നിങ്ങൾക്കുമേൽ ആഹ്ലാദം അനുഭവപ്പെടുന്നുണ്ടോ?”, കൊട്ടാരം ലേഖിക ചോദിച്ചു. പാണ്ഡവഭരണകൂടത്തിന്റെ ആദ്യവാർഷികാഘോഷം കഴിഞ്ഞു യുധിഷ്ഠിരൻ കോട്ടക്കകത്തേക്കു പോകാൻ രഥത്തിൽ കയറുകയായിരുന്നു.

“കാട്ടിൽ കഴിഞ്ഞ കട്ടിക്കാലത്തു വിശന്നു വലഞ്ഞിരുന്നപ്പോഴും ഒരു മുയലിനെയോ വെട്ടിപ്പൊരിച്ചു തിന്ന ഓർമയില്ല. അഹിംസ, ശാന്തി, സാഹോദര്യം ഈ മൂല്യങ്ങൾ എനിക്കിന്നും വിലപ്പെട്ടതു്. സ്വത്തുതർക്ക പരിഹാരശ്രമങ്ങളുടെ പേരിൽ നിങ്ങളെന്നെ കൊലപാതകിയെന്നു വിളിക്കരുതു്. പോർക്കള സാഹചര്യത്തിൽ ഞാനുച്ചരിച്ച അർദ്ധസത്യം ദ്രോണവധത്തിൽ എത്തിച്ചു എന്നതിൽ ‘നുണയൻ’ എന്നൊന്നും എന്നെ നിങ്ങൾ വിശേഷിപ്പിക്കരുതു്. ഓർക്കേണ്ടതു്, ഈ ലോകത്തു നിങ്ങൾ ജീവിക്കുമ്പോൾ പലതും സംഭവിക്കുന്നു—ചിലതു ആഗ്രഹപ്രകാരം, ചിലതു ആകസ്മികമായി!”

“അക്ഷയപാത്രം തുറന്നു കയ്യിട്ടപ്പോൾ, ഇന്നും തടഞ്ഞുവോ പൊരിച്ച മാനിറച്ചി?”, കൊട്ടാരം ലേഖിക പാണ്ഡവരെ തീൻശാലയിൽ അഭിവാദ്യം ചെയ്തു. വനവാസം.

“എന്തോ ഒരു പന്തികേട്. ഇന്ന് കയ്യിട്ടപ്പോൾ കിട്ടിയതു് ചോരയൊലിക്കുന്ന ഭ്രൂണം”, നകുലൻ കാളിമ കലർന്ന കണ്ണുകളോടെ, അക്ഷയപാത്രം വീണ്ടും ഒന്നു തുറന്നു നോക്കാൻ ഭയന്നു നോക്കി!

◇ 2025/10/30 ◇

“എന്താ ഒരു പകച്ച നോട്ടം?” ഇന്ദ്രപ്രസ്ഥം രാജധാനി സമുച്ചയത്തിന്റെ ചുമതല വഹിക്കുന്ന യുവ സർവാധികാരിയോട് കൊട്ടാരം ലേഖിക ചോദിച്ചു.

“ഞെട്ടൽ മാറിയിട്ടില്ല. ഇന്നലെ ഈ സമയത്താണ് ചക്രവർത്തിയുധിഷ്ഠിരനും കൂട്ടരും ചൂതാടാൻ ഹസ്തിനപുരിയിലേക്കു പോയത്. നൂറു കണക്കിന് കഴുതപ്പുറത്തായി കൗരവ രാജവധുക്കളുടെ രത്ന ശേഖരവുമായി മടങ്ങിവരുമെന്നു ഭീമൻ പറഞ്ഞത് അക്ഷരാർത്ഥത്തിൽ വിശ്വസിച്ചു. രാത്രി സുന്ദര സ്വപ്നങ്ങളായിരുന്നു. ഇന്ന് രാവിലെ കണ്ണ് തുറന്നപ്പോൾ മുഖപരിചയമുള്ള മൂന്നു നാല് കൗരവർ സൈനികവേഷത്തിൽ മുമ്പിൽ. സായുധരായ അവർ വാളോങ്ങുന്നു. ഞാൻ വിധേയത്വത്തോടെ കൈകൂപ്പി. യുധിഷ്ഠിരനും കുടുംബവും സ്വത്തെല്ലാം കളിയിൽ നഷ്ടപ്പെട്ടു നിയമപ്രകാരം കൗരവഅടിമകളായി കാട്ടിലേക്ക് പോയ സ്ഥിതിക്ക് ഇന്ദ്രപ്രസ്ഥം ഇനി ധൃതരാഷ്ട്രരുടെ അധീനതയിലാണെന്നവർ വാൾ മേലോട്ടുയർത്തി പ്രഖ്യാപിച്ചു. സ്വപ്നമെന്നു കരുതി ഞാൻ രണ്ടു കണ്ണും അമർത്തി തുടച്ചു. ഇനി ഞങ്ങൾ ഇന്ദ്രപ്രസ്ഥം ഭരിക്കുമെന്ന് കൗരവർ പറഞ്ഞപ്പോഴും എനിക്ക് പൂർണമായും ബോധ്യമായില്ല. ഇപ്പോൾ നീ കോട്ടവാതിൽ കടന്നു ചക്രവർത്തി യുധിഷ്ഠിരന് ജയ് വിളിക്കുന്നതിന് പകരം, ദുര്യോധനന് വിജയാശംസ ചെയ്യുന്നത് കണ്ടപ്പോൾ എന്റെ കരൾ കലങ്ങി”, തക്ഷശിലയിലെ ആ പഴയ സഹപാഠി വിവശനായി.

“ദാമ്പത്യബാഹ്യ സ്രോതസ്സുകളിൽ നിന്നാണ് നിങ്ങളുടെ മക്കൾക്ക ബീജ സമ്പാദനമെന്ന പ്രചാരണം നിങ്ങൾ നിഷേധിച്ചതായി കാണുന്നില്ല. വ്യക്തത വരാൻ ചോദിക്കട്ടെ, ആരോപണം അടിസ്ഥാന രഹിതമോ? വസ്തുതാപരമോ?”, കൊട്ടാരം ലേഖിക കുന്തിയോട് ചോദിച്ചു.

“മാതൃത്വമായിരുന്നു ലക്ഷ്യം, ബീജഉറവിടം ദാമ്പത്യത്തിന്റെ അതിർത്തി കടക്കുന്നുവോ എന്ന ചോദ്യത്തിന് അത്ര മതി ഉത്തരം. അറിഞ്ഞിടത്തോളം നിങ്ങൾ അടങ്ങുകയില്ല. അതുകൊണ്ട് പറയാം. പാണ്ഡുവിന്റെ ലൈംഗിക ക്ഷമതയെകുറിച്ച് ആദ്യരാത്രി മുതൽ സംശയം ഉണ്ടായെങ്കിലും, മഹാരാജാപദവി വഹിക്കുമ്പോൾ ഷണ്ഡനെന്ന മുദ്രകുത്തി വിവാഹമോചനം നേടാവുന്ന അനുകൂലസാഹചര്യം ഉണ്ടായില്ല. ചെങ്കോൽ ധൃതരാഷ്ട്രർക്ക് കൊടുത്ത പരിത്യാഗിയായി പാണ്ഡു പോവുമ്പോൾ, വെള്ളം കോരാൻ എന്നെയും, വിറകുകീറാൻ മാദ്രിയെയും കൊണ്ട് പോയി. വനവാസത്തിൽ ഭാവന തുണച്ചു. ആകർഷണം പ്രയോജനപ്പെടുത്തി പ്രലോഭനത്തിലൂടെ ദേവതകളെ ഭ്രമിയിലേക്ക് ക്ഷണിച്ചു ആനന്ദരതി സന്താനഭാഗ്യത്തിനു എത്രകൊണ്ട് ശ്രമിച്ചു കൂടാ? അഭിലാഷം പൂവണിഞ്ഞു, പാണ്ഡു മരിച്ചു, ചിതയിൽ മാദ്രിയെ എറിഞ്ഞു അഞ്ചു കുട്ടികളുമായി ഹസ്തിനപുരി കോട്ട വാതിലിനു മുമ്പിൽ നിരാഹാരം കിടന്നു ഭീഷ്മ ശ്രദ്ധയാകർഷിച്ചു. അഞ്ചു പേർക്കും പാണ്ഡുചരായ ഇല്ലെന്ന കൗരവ ആരോപണം പിന്നീട് എന്റെ വഴിവിട്ട രതിയുടെ കഥകൾ മെനയുമ്പോഴും, ധൃതരാഷ്ട്രർ ഔദ്യോഗികമായി പാണ്ഡവരെ കുരുവംശത്തിൽ ഉൾപ്പെടുത്തുംവരെ ഞാൻ മൗനം പാലിച്ചു. പാണ്ഡവർ ഖാണ്ഡവ പ്രസ്ഥത്തിലേക്കു പോയി കാട്ടുവെട്ടി നാട്ടു സ്ഥാപിച്ചതോടെ എന്റെ മൂടിയ വാ തുറന്നു. ഇനി നിങ്ങൾ രാജമാതാക്കളുടെ ഈറ്റില്ലത്തിൽ തെളിവു പെറുക്കാൻ ചുറ്റിക്കറങ്ങുന്നത് കണ്ടാൽ...” കുന്തി ചൂണ്ടുവിരൽ കൊട്ടാരം ലേഖികക്ക് നേരെ നീട്ടി മുഖം രൗദ്രഭാവം പൂണ്ടു.

“മുഖംകാണിക്കാൻ എളിമയോടെ വരിനിന്ന പെൺകുട്ടികളോടെന്താ ധർമ്മപുത്രപ്രഭാഷണം?”, മുട്ടുകുത്തി കൈമുത്തി കൊട്ടാരം ലേഖിക മഹാരാജാവ് യുധിഷ്ഠിരനോട് ചോദിച്ചു. യുദ്ധാനന്തര പാണ്ഡവ ഭരണത്തിന്റെ ആദ്യദിനങ്ങൾ.

“കഷ്ടപ്പാട് കേട്ട് കദന ഭാരത്താൽ ഞാനൊന്ന് കണ്ണടച്ചിച്ചതിൽ ആ പാവങ്ങൾ എന്തു പിഴച്ചു! കർഷകകുടുംബം നേരിട്ട ദൗർഭാഗ്യത്തെക്കുറിച്ചവർ പറയുന്നതു കേട്ട് ഞെട്ടി. ആകെയുള്ള വരുമാനസ്രോതസ്സായിരുന്ന കൃഷിയിടങ്ങൾ, ദുന്മാർഗി അച്ഛൻ പണയം വച്ച് ചൂതാടി തോറ്റപ്പോൾ, രക്തബന്ധു കൂടിയായ വിജയി ആവശ്യപ്പെടുന്ന, പണയഭൂമിയുടെ അവകാശം കൈമാറി ഉടമകടുംബം നാടുവിടണം! കുടുംബനാഥനെന്ന ഉത്തരവാദിത്വ ബോധമില്ലാതെ ഭ്രഷ്ടത്തു പണയംവച്ച് ചൂതാടി, കുടുംബം വഴിയാധാരമാക്കുന്ന കൊള്ളരുതാത്തവർക്ക മേയാനുള്ള തല്ല ധർമ്മപുത്രരുടെ ഹസ്തിനപുരിസാമ്രാജ്യം എന്നവരെ ബോധ്യപ്പെടുത്തി കുട്ടികളെ വീട്ടിലേക്കയച്ചു. എന്താ, ഇത്രയൊക്കെ വിശദീകരിച്ചിട്ടും ചോദ്യഭാവം, അവിശ്വാസത്തിന്റെ കരിനിഴലാട്ടം? ചൂതാട്ടം അപലപനീയമായ സാമൂഹ്യതിന്മ എന്ന് ഞാൻ ഇടനെഞ്ചിൽ വലതുകൈ പ്രഖ്യാപിക്കുമ്പോൾ, ‘ഹസ്തിനപുരി പത്രിക’യുടെ ചോര തിളക്കേണ്ടതല്ലേ?”

“വീരമൃത്യുവരിച്ച സൈനികരുടെ അവകാശികൾക്ക് കൊട്ടാരവരുമാനത്തിന്റെ ആദ്യപങ്കു കൃതജ്ഞതയോടെ വീതിച്ചുകൊടുക്കുന്ന വിശിഷ്ട സമ്പ്രദായം നിലവിലുള്ള ഗംഗാതടത്തിൽ, പാണ്ഡവർ എന്താണ് കൗരവരാജ വിധവകളോട് ചെയ്തത്? പാതിരാമിന്നലാക്രമണത്തിലൂടെ സ്ത്രീകളെയും കുട്ടികളെയും കടിയൊഴിപ്പിച്ചു, കാരാഗൃഹത്തിൽ പുനരധിവാസം! വെള്ളവും വെളിച്ചവും ഇല്ലാതെ വിധവകളും പുത്രവിധവകളും അവിവാഹിതപുത്രിമാരും ചക്രശ്വാസം വലിക്കുക! കണ്ണിൽ ചോരയില്ലാത്ത ക്രൂരത പാണ്ഡവർ ചെയ്യുന്നതിൽ കുഴപ്പമില്ല, എന്നാൽ നിങ്ങളെപ്പോലൊരു സംസ്കാരസമ്പന്നയായ സ്ത്രീ എങ്ങനെ വച്ചു പൊറുപ്പിക്കുന്നു?” കൊട്ടാരം ലേഖിക നിയുക്ത റാണി പാഞ്ചാലിയോട് ചോദിച്ചു. രാജ്യഭരണത്തിൽ ഉന്നതവിദ്യാഭ്യാസം നേടാൻ കുരുക്ഷേത്രജേതാക്കൾ, യുധിഷ്ഠിരനും സംഘവും, ഭീഷ്മശരശയ്യയിൽ തമ്പടിക്കുന്ന സംഘർഷദിനങ്ങൾ.

“അഞ്ചു മക്കളെയും പിതാവിനെയും സഹോദരനെയും പാതിരാവിൽ പാളയത്തിലെ കിടപ്പറയിൽ ഇടിച്ചു കയറി കൊല്ലാൻ ആജ്ഞ കൊടുത്തല്ലേ അവസാനത്തെ കൗരവനായ ദുര്യോധനൻ അന്ത്യശ്വാസം വലിച്ചത്? ഞങ്ങളെ പോർക്കളത്തിൽ ബന്ദികളാക്കി ജീവിതാന്ത്യം വരെ പാർപ്പിക്കാൻ വേണ്ടിയായിരുന്നില്ലേ വെള്ളവും വെളിച്ചവുമില്ലാത്ത കാരാഗൃഹം അതിവേഗം നിർമ്മിച്ചെടുത്തതും, ഇരുളറ പാണ്ഡവനു നാമകരണം ചെയ്തതും? ഹസ്തിനപുരി ഭണ്ഡാരം കൊള്ളയടിച്ചായിരുന്നില്ലേ കൗരവഭാര്യമാരുടെ നാടുകളിലേക്കു, യുദ്ധം തുടങ്ങുംമുമ്പ് തന്നെ, സുരക്ഷിതമായി എത്തിച്ചത്? ഞങ്ങൾ വന്നു അരമനയിൽ കറങ്ങി നോക്കുമ്പോൾ എന്താണ് കണ്ടത്? ഞെണ്ണങ്ങിയ ചോർച്ചപ്പാത്രങ്ങളും ആർക്കും വേണ്ടാത്ത വൃദ്ധജനങ്ങളും. എന്നിട്ടും, ആചാരം പാലിച്ചു യുധിഷ്ഠിരൻ, ധൃതരാഷ്ട്രർ ഉൾപ്പെടെ വൃദ്ധജനങ്ങൾക്കു മുമ്പിൽ സാഷ്ടാംഗം നമസ്കരിക്കുമ്പോൾ, കൺകെട്ടുനീക്കി ഗാന്ധാരി ഞങ്ങളോട് പരുക്കൻഭാഷയിൽ കാര്യം പറയുന്നു: കൗരവ വംശഹത്യ ചെയ്ത ഭീമനെ നാടുകടത്തും വരെ അധികാരദണ്ഡ് യുധിഷ്ഠിരന് ധൃതരാഷ്ട്രർ കൈമാറില്ല! ജേതാക്കളായ പാണ്ഡവരെ തോൽപ്പിക്കാനാവുന്നതെല്ലാം നേരത്തെ ചെയ്തിട്ടും, ഞങ്ങൾ കുലീനമൗനത്തോടെ നിന്നാൽ പോരാ, കുരുക്ഷേത്ര വിധവകൾക്കു, (അതാ ഭീമൻ ധാന്യവും ശ്രുദ്ധജലവുമായി പുനരധിവാസകേന്ദ്രത്തിൽ പോകുന്നു) നിത്യവും എത്രകയും വേണം!” മനസ്സില്ലാമസ്സോടെ മഹാരാജാവ് ധൃതരാഷ്ട്രർ ഊരിക്കൊടുത്ത തിരുവസ്ത്രങ്ങൾ കഴുകിയുണക്കുന്ന ശ്രമകരമായ വിടുപണിയിലായിരുന്ന നിയുക്ത മഹാറാണി പാഞ്ചാലി. തികഞ്ഞ നിസ്സഹകരണ മനോഭാവത്തിൽ അവളെ നോക്കിക്കൊണ്ടിരുന്ന കുന്തി, കൊട്ടാരം ലേഖികയുടെ ഉപചാരപ്രകടനം ഉപേക്ഷയോടെ തള്ളി.

“മുഖംകാണിക്കാൻ വന്ന പെൺകുട്ടികളോടെന്താ അവഗണന”, മുട്ടുകുത്തി കൊട്ടാരം ലേഖിക യുധിഷ്ഠിരനോട് ചോദിച്ചു. യുദ്ധാനന്തര പാണ്ഡവ ഭരണകൂടത്തിന്റെ ആദ്യദിനങ്ങൾ.

“ആ പാവം എത്രപിഴച്ചു! അവരുടെ പ്രയത്ന ശാലികളായ കർഷക കുടുംബം നേരിട്ട ദൗർഭാഗ്യത്തെക്കുറിച്ചു പറയുന്നതു കേട്ട് ഞാൻ ഞെട്ടി. പരിമിതമെങ്കിലും ഏകവരുമാന സ്രോതസ്സായിരുന്നല്ലോ കരിമ്പുകൃഷിയിടങ്ങൾ, ആലോചനയില്ലാതെ അച്ഛൻ ഭൂമി പണയം വച്ച് ചൂതാടി തോറ്റപ്പോൾ രക്തബന്ധുകൂടിയായ അയൽക്കാരൻ ഇപ്പൊൾ ആവശ്യപ്പെടുന്ന കൃഷിഭൂമി കൈവശ അവകാശം വിട്ടു കൊടുത്തു മൊത്തം കുടുംബം നാടുവിടണം! ഉത്തരവാദിത്വ ബോധമില്ലാതെ സ്വത്തു കളഞ്ഞു കുളിച്ച ഭാര്യയെയും മക്കളെയും വഴിയാധാരമാക്കുന്ന കൊള്ളരുതാത്തവർക്കു മേയാനുള്ളതല്ല ഹസ്തിനപുരി സാമ്രാജ്യം എന്നു ഞാൻ ബോധ്യപ്പെടുത്തി കുട്ടികളെ വീട്ടിലേക്കയച്ചു. എന്താ മുഖത്തൊരു ചോദ്യഭാവം? ചൂതാട്ടം സാമൂഹ്യതിന്മ എന്ന് ഞാൻ പറയുമ്പോൾ ഹസ്തിനപുരി പത്രികയുടെ ചോരയും തിളക്കേണ്ടതല്ലേ?”

“എന്ത് പറ്റി മകനെ, ഇന്നും കാരണമില്ലാതെ നിന്നെ ഗുരുനാഥൻ ശിക്ഷിച്ചുവോ”, പരീക്ഷിത്തിനെ ചേർത്ത് പിടിച്ച അഭിമന്യുവിന്റെ വിധവ ഉത്തര ചോദിച്ചു. ഹസ്തിനപുരി കൊട്ടാരം, പാണ്ഡവ ഭരണകാലം.

“നിന്റെ അമ്മ സ്വന്തം കൈ കൊണ്ട് വളർത്തുമൃഗത്തെ കൊന്ന മാംസം വരട്ടി, നിത്യവും നീ എനിക്ക് കൊണ്ടുവന്നില്ലെങ്കിൽ പാമ്പുകടിച്ചു നീ മരിക്കട്ടെ എന്ന് ഗുരു കണ്ണുരുട്ടി ഭീഷണിപ്പെടുത്തി അമ്മാ.”

“മറ്റു പാണ്ഡവർ പരസ്യമായി ബഹിഷ്കരിക്കുന്ന യുധിഷ്ഠിര പ്രഭാഷണങ്ങളിൽ, പക്ഷേ, നിങ്ങൾ പതിവ് സാന്നിധ്യമാണല്ലോ. അത്രക്കിഷ്ടമാണോ ധർമ്മപുത്രരുടെ ‘പെരുമ’യാർന്ന അർദ്ധസത്യങ്ങൾ?”, അഭിമന്യുവിന്റെ വിധവയും, കിരീടാവകാശി പരീക്ഷിത്തിന്റെ അമ്മയുമായ വിരാട രാജകുമാരി ഉത്തരയോട് കൊട്ടാരം ലേഖിക ചോദിച്ചു.

“ഓരോ വാക്കിനു ശേഷവും ഒരു മുഴം നിശബ്ദത പതിവുള്ള യുധിഷ്ഠിരപ്രസംഗങ്ങൾ കേട്ടു പൊതുവേദിയിൽ തലകുനിച്ചു ഇരിക്കേണ്ടി വരുന്നതു ‘പെൺസൗഹൃദ’ പ്രഖ്യാപനത്തിനു ശേഷമല്ലേ? വേദിയിൽ പുരുഷാധിപത്യം വേണ്ട എന്ന് യുധിഷ്ഠിരൻ നിഷ്കർഷിച്ചപ്പോൾ, സ്ത്രീ പ്രാതിനിധ്യ സംരക്ഷണത്തിന് വേദിയിൽ ഇരുന്ന കൊടുക്കാൻ ആവില്ലെന്ന് പാഞ്ചാലി കയ്യൊഴിഞ്ഞു. രാജാവിനെ പിണക്കരുതെന്ന കരുതലോടെ, പരീക്ഷിത്ത് പറഞ്ഞു, “അമ്മാ, വേദിയിൽ ‘വെറുതെ’ ഇരുന്നാൽ മതി, യുധിഷ്ഠിര പ്രഭാഷണത്തെ കുറിച്ച് ആസ്വാദനമൊന്നും ‘അമ്മ ആവിഷ്കരിക്കേണ്ടി വരില്ല.’” പെൺസൗഹൃദ പ്രസംഗ വേദിയിൽ ഞാൻ സ്ഥിരം സാന്നിധ്യമായതോടെ തുടങ്ങിയതല്ലേ മഹാറാണി പാഞ്ചാലി മുറുമുറുപ്പ്, ‘പരീക്ഷിത്ത് ചെങ്കോൽ നേടുംമുമ്പ് തന്നെ രാജമാതാവായി ഉത്തര അഭിനയിച്ചു തുടങ്ങിയോ!’”

“വനവാസത്തിൽപോയ പാണ്ഡവർ “നഴഞ്ചുകയറ്റ”ത്തിനു ശ്രമിക്കാറുണ്ടോ? അതോ, അഞ്ചുപേരും കൂട്ടം ചേർന്നിരുന്നു ഉൾത്തടം നീറിപ്പുകയുകയാണോ, പൊയ്പോയകാലത്തെ നഷ്ടസൗഭാഗ്യമോർത്തു?”, കൊട്ടാരം ലേഖിക ചോദിച്ചു.

“മാദ്രിപുത്രനായ നകുലൻ, ‘ചാരമേധാവി’ എന്ന് സ്വയം അവരോധിച്ചെങ്കിലും, വനാതിർത്തികടന്ന ‘സാഹസിക നീക്കം’ ഭീമനിൽ നിന്നായിരുന്നു. മലയോരഗ്രാമങ്ങളിൽ ഭീമൻ ‘ജീവകാരുണ്യ പ്രവർത്തനം’ ചെയ്തു! കിടപ്പുരോഗികളെ ചുമന്നു ബന്ധുക്കളെ സഹായിക്കുന്നു, മൂർക്കൻ പാമ്പുകളെ പിടികൂടി വളർത്തുപക്ഷികളെ രക്ഷിക്കുന്നു. എന്നാൽ ഇതൊക്കെ കഴിഞ്ഞു ‘കൗരവർ’ എന്ന പദം പ്രീതിയില്ലാതെ പാണ്ഡവരിൽ ആരെങ്കിലും ഉച്ചരിച്ചാൽ, ഗ്രാമത്തിലെ ആണുങ്ങൾ ഭീമനേരെ ഫണമുയർത്തും, “ദുര്യോധനൻ ഞങ്ങൾക്ക് രക്ഷകൻ, അവൻ കുരുവംശ കിരീടാവകാശി, എന്നും എന്നെന്നും”, എന്നൊരു മുദ്രാവാക്യം ഭീമനെക്കൊണ്ട് വിളിപ്പിക്കും!”

“രോഷം വരാൻ മാത്രമെന്തായിരുന്നു വീഴ്ച? ‘തിന്മയുടെ ഇതിഹാസം’ എന്നതു പ്രശ്നമായോ?”, കൊട്ടാരം ലേഖിക ചോദിച്ചു.

“ഞാനൊരംഗീകൃത പരിത്യാഗിയെന്നോർക്ക. ഒരുവിഹിതരതിയിൽ ജന്മം തന്ന സത്യവതി, വിധിയുടെ വിളയാട്ടത്തിൽ, കുരുവംശ രാജമാതാവായി. പിന്തുടർച്ചയുടെ നിർണ്ണായകഘട്ടത്തിൽ എന്നോടാവശ്യപ്പെട്ടു, “എന്റെ പുത്രവിധവകൾക്കു നീ ബീജദാനം ചെയ്യാമോ?” ബീജദാനം ചെയ്ത കൊട്ടാരം വിട്ടു എന്നതിൽ കവിഞ്ഞു, ‘ധൃതരാഷ്ട്രർ’ ‘പാണ്ഡു’ തുടങ്ങിയ ജൈവികസന്തതികളിൽ അവകാശമോ വൈകാരിക നിക്ഷേപമോ ഇല്ല എന്നിരിക്കെ, അവരിരുവരും ജനസംഖ്യയിൽ വെറും അക്കം. കുരുക്ഷേത്ര യുദ്ധം ദൂരക്കാഴ്ച പോലും കണ്ടിട്ടില്ല. രാജമന്ദിരങ്ങളിലെ കൗരവ ജീവിതവും എനിക്കന്യമാകുന്നു. കഥകൾ കുറെ വാമൊഴിയായി കേട്ടു, അറിയാത്തതെല്ലാം ഭാവനയിൽ പൊതിഞ്ഞു. കഥാപാത്രങ്ങൾ വരുംയുഗത്തിലും പ്രത്യക്ഷപ്പെടും! ഒരാൾക്കതു അക്ഷര‘മാലിന്യ’മെന്നു തോന്നും. വേറൊരാൾക്കതു മനുഷ്യപ്രകൃതിയുടെ ‘ഖനി’യായും. സൂതന്മാർ വഴിനീളെ പാടിത്തുടങ്ങിയതോടെ, ‘പൊതുമുതൽ’ എന്ന് ബോധ്യമായി. വിസ്തൃത മഹാഭാരതം മത്സരിച്ചു നിലനിൽപ്പിനു സാധുത തേടണം. തിരക്കുണ്ട്. മനസ്സിനെ ഈയിടെയായി മഥിക്കുന്നതു കൗരവരാജവിധവകളുടെ കഷ്ടപ്പാടുകളല്ല ഈ കാണുന്ന അനാഥപ്രപഞ്ചത്തിന്റെ ആവശ്യമെന്തെന്നാണ്!”

“ഇന്ദ്രപ്രസ്ഥത്തിൽ പത്തു വർഷം രാജപദവിയിൽ, അടിമകളായി കാട്ടിൽ പന്ത്രണ്ടു വർഷം, ഒളിവിൽ ഒന്ന്, അങ്ങനെ ഇരുപത്തിമൂന്ന് കൊല്ലം പാണ്ഡവർ ജീവിച്ചത്, കൂടെ നിങ്ങൾ ഇല്ലാതെ എന്ന് ഔദ്യോഗികരേഖ. എവിടെയായിരുന്ന നിങ്ങൾ അത്രയും നാൾ?”, പാണ്ഡുവിധവയെ കൊട്ടാരം ലേഖിക ചോദ്യം ചെയ്തു.

“ഹസ്തിനപുരം അന്തഃപുരങ്ങളിൽ തിണ്ണനിരങ്ങി, എട്ടും പൊട്ടും തിരിയാത്ത കൗരവരാജ വിധവകൾക്ക് പാണ്ഡവജന്മ രഹസ്യങ്ങൾ എരിവും പുളിയുമായി ഇടയ്ക്കിടെ വന്നു വിതരണം ചെയ്യുമ്പോൾ, എവിടെയായിരുന്ന ഒരു വൃദ്ധ വിധവ, പുറത്തു പറയാനാവാത്ത ഭൂതകാല രഹസ്യങ്ങളുമായി കഴിഞ്ഞതെന്ന് എങ്ങനെ നിങ്ങളും നിങ്ങളുടെ പൂർവികരും അറിയാനാണ്?”

“ആറംഗആദിവാസി കുടുംബം, അരക്കില്ലം ചുട്ടെരിക്കാൻ കൗരവർ നിയോഗിച്ച ചാവേറുകളായിരുന്നു എന്ന് എങ്ങനെ മനസ്സിലാക്കി? ആ രഹസ്യം പങ്കിടാമോ?”, പാണ്ഡവർ ഹസ്തിനപുരി ഭരിക്കുമ്പോഴും, ഗാന്ധാരിക്കൊപ്പം തോഴിയായി കഴിഞ്ഞിരുന്ന കുന്തിയോട് കൊട്ടാരം ലേഖിക ചോദിച്ചു.

“ആപത്തിനെ കുറിച്ച് മുന്നറിയിപ്പുതരാൻ നിയോഗിക്കപ്പെട്ട ദേവദൂതന്മാരായിരുന്ന ആദിവാസികൾ എന്ന സത്യം മറിയുമ്പോഴേക്കും അവർ, കഷ്ടം, വെന്തുകരിക്കട്ടയായി. പക്ഷേ, നമ്മെപോലെയല്ല ദേവദൂതന്മാർ. ചാരക്കണ്ണിൽ നിന്നവർ ഉയർത്തെഴുന്നേറ്റ പോയി. അരക്കില്ലം കത്തി പാണ്ഡവർ വെന്തു മരിച്ചതിനെ കുറിച്ചന്വേഷിക്കാൻ വന്ന കൗരവസംഘം പാണ്ഡവ ഭൗതികാവശിഷ്ടങ്ങൾ എന്ന നിലയിൽ കണ്ടെത്തിയതു കത്തിക്കരിഞ്ഞ ആറു മരത്തടികളായിരുന്നു എന്നറിയുമ്പോൾ ഭൗതികവാദികളായ നിങ്ങൾക്കുമൂഹിക്കാം, പ്രാപഞ്ചികശക്തികൾ പാണ്ഡവ പരിപാലനത്തിനായി ഏതറ്റവും പോവും. വ്യാസൻ പറയുമ്പോൾ നിങ്ങൾക്കു ബോധ്യം വരും. തിരക്കുണ്ട് ഗാന്ധാരിയുടെ കൺകെട്ടുണികൾ ശ്രദ്ധജലത്തിൽ കഴുകി തണലിൽ ഉണക്കിവേണം സായാഹ്നധ്യാനത്തിനു ഞാൻ സമയം കണ്ടെത്താൻ”

“ഒന്നിലധികം വിവാഹം നിങ്ങളും കഴിച്ചിട്ടുണ്ട്. ആ നിലക്ക് ഒന്നിനൊന്നു താരതമ്യം ചെയ്യുന്നോക്കുമ്പോൾ ദാമ്പത്യത്തിൽ പാഞ്ചാലിയുടെ ശ്രദ്ധേയമായ ഒരു വ്യക്തിഗത ന്യൂനത, അങ്ങനെ ഒന്നുണ്ടെങ്കിൽ, എന്താണ്?” കൊട്ടാരം ലേഖിക അർജ്ജുനനോട് ചോദിച്ചു. ഉർവ്വശിയുമായുള്ള അസാധ്യ ബന്ധനത്തിൽ, മനമുരുകുന്ന നേരം.

“പ്രണയപരീക്ഷണത്തിൽ നിങ്ങളെ പാഞ്ചാലി ഇരയാക്കുന്നു എന്നതാണവളിൽ കാണുന്ന പരിമിതി. പ്രണയിക്കുന്നു എന്ന് ഞാനവളോട് ഏറ്റു പറയുന്നു എന്ന് തർക്കത്തിന് സങ്കൽപ്പിക്കുക. സന്തുഷ്ടി പ്രകടിപ്പിക്കുകയോ, പാരിതോഷികമായി ആനന്ദ ശാരീരിക സേവനം നിർവ്വഹിക്കുകയോ അല്ല, നാം സ്വാഭാവികമായി പ്രതീക്ഷിക്കുന്ന തരത്തിൽ, അവൾ ചെയ്യുന്നതു; മറിച്ചു മറ്റു കൂട്ടുകാരികളെ കൽപ്പിത സാഹചര്യങ്ങളിലൂടെ താഴ്ത്തിക്കെട്ടുവാൻ നിർബന്ധിക്കപ്പെടുന്നു. കഥാനിർമ്മിതിയിൽ പാഞ്ചാലിയുടെ പ്രതീക്ഷക്കൊപ്പം ഉയരുവാൻ എന്നിൽ അവൾ നോട്ടം ചലനം സ്പർശനം തുടങ്ങിയ പെണ്ണാകർഷക പ്രലോഭന മുറകളിലൂടെ കടത്തി വിടുമ്പോൾ നിങ്ങളും, ഒരു പുരുഷനാണെങ്കിൽ ഇടക്കൊന്നു കാലിടറി വീണു പോവില്ലേ.”

കെ പി നിർമ്മൽകുമാർ



കവി, നോവലിസ്റ്റ് , ചെറുകഥാകൃത്ത്. ആദ്യ കഥ “ഇരുമ്പിന്റെ സംഗീതം” മാതൃഭൂമി ആഴ്ചപ്പതിപ്പിൽ വന്നു. ആദ്യസമാഹാരമായ “ജലം” കേരളം സാഹിത്യ അക്കാഡമി അവാഡ് നേടി.

പ്രസിദ്ധീകരിച്ച പുസ്തകങ്ങൾ

കഥാസമാഹാരങ്ങൾ

1. ഒരു സംഘം അഭയാർത്ഥികൾ
2. കൃഷ്ണഗന്ധകജ്വാലകൾ
3. ചേലക്കരയുടെ അതീതസ്വപ്നങ്ങൾ
4. പ്രവീൺ നമ്പൂതിരിപ്പാട് പരാതി തുടരുന്നു
5. മാനാഞ്ചിറയിലെ പൊട്ടിച്ചിരിക്കുന്ന പത്രാധിപർ
6. തിരഞ്ഞെടുത്ത കഥകൾ

നോവൽ

1. ജനമേജയന്റെ ജിജ്ഞാസ
2. ഇന്നത്തെ അതിഥി അതീതശക്തി

പിൻകുറിപ്പ്

- മുപ്പതു മുതൽ നാല്പതു മിനിട്ടിനകം വായിച്ചു തീർക്കാവുന്ന ഉള്ളടക്കമാണ് സായാഹ്ന പുറത്തിറക്കുന്ന ഈ ഫോൺ പിഡിഎഫുകളിൽ ഉള്ളത്. ഇതു വായിക്കുവാനായി ഒരിക്കലും ഒരു കമ്പ്യൂട്ടറോ ഡെസ്ക്ടോപ് ആപ്ലിക്കേഷനുകളൊ ആവശ്യമില്ല.
- ആധുനിക മനുഷ്യന്റെ സന്തതസഹചാരിയായ സ്മാർട്ട് ഫോണുകളുടെ സ്ക്രീനിൽ തന്നെ വായിക്കുവാൻ തക്ക രീതിയിലാണു ഈ പിഡിഎഫുകൾ വിന്യസിച്ചിരിക്കുന്നത്. ഫോണിന്റെ വീതിക്കു നിജപ്പെടുത്തിയ രീതിയിലാണ് മാർജിനുകൾ ചിട്ടപ്പെടുത്തിയിരിക്കുന്നത്.
- പിഡിഎഫ് പ്രമാണങ്ങൾ വായിക്കുവാനുള്ള പ്രയോഗങ്ങൾ എല്ലാതരം സ്മാർട്ട്ഫോണുകളിലും ഇന്നു ലഭ്യമാണ്. എന്നിരിക്കിലും സൗജന്യമായി കിട്ടുന്ന അഡോബി അക്രോബാറ്റ് റീഡർ ആണ് ഇവയിൽ ഏറ്റവും മുന്തിയത്. അതുകൊണ്ട് അഡോബി റീഡർ ഇൻസ്റ്റാൾ ചെയ്യുകയും അതിൽ ഈ ഫോൺ പിഡിഎഫുകൾ വായിക്കുകയും ചെയ്യുക.
- സ്വതന്ത്രപ്രസാധനം ആഗ്രഹിക്കുന്ന/ഇഷ്ടപ്പെടുന്ന ആർക്കുവേണമെങ്കിലും സായാഹ്നയിലൂടെ സ്വന്തം കൃതികൾ പ്രസാധനം ചെയ്യാവുന്നതാണ്. 30 മുതൽ 60 മിനിട്ടുകൾക്കകം വായിച്ചുതീർക്കാവുന്ന ഉള്ളടക്കം – കഥകൾ, അനുഭവക്കുറിപ്പുകൾ, ലേഖനങ്ങൾ, അഭിമുഖങ്ങൾ, സിനിമാനിരൂപണങ്ങൾ, കവിതകൾ – എന്നു തുടങ്ങി എന്തുവേണമെങ്കിലും അയയ്ക്കാവുന്നതാണ്. അയയ്ക്കേണ്ട വിലാസം: <editors@sayahna.org>.
- പ്രതികരണങ്ങൾ <editors@sayahna.org> എന്ന ഇമെയിലിലേയ്ക്കോ, ഈ വെബ് പേജിൽ കമ്മന്റുകളായോ ചേർക്കുക. നിർദ്ദേശങ്ങളും വിമർശനങ്ങളും എപ്പോഴും സ്വീകാര്യമാണ്. അവ സായാഹ്നപ്രവർത്തകർക്ക് കൂടുതൽ ഉത്തേജനം നൽകുന്നതാണ്.

സായാഹ്ന ഫൗണ്ടേഷൻ, ജഗതി, തിരുവനന്തപുരം 695014